# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 44

വാല്യം - 14 ലക്കം - 8 കർക്കടകം - 1197 ആഗസ്റ്റ് 2022







*31-07-2022ന് എറണാകുളം കരയോഗത്തിൽ നടന്ന*
*ഗണപതി ഹോമത്തിൽ നിന്നും ഭഗവതിസേവയിൽ നിന്നും*





***2022 ജൂലൈ 31ന് എറണാകുളം കരയോഗത്തിൽ നടന്ന***
***സമ്പൂർണ്ണ രാമായണപാരായണ വേദിയിൽ നിന്ന്***







***28-7-2022 ൽ നടന്ന എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറത്തിന്റെ***
***24-ാമത് വാർഷികസമ്മേളനത്തിൽ നിന്ന്***



# എഡിറ്റോറിയൽ

## കർത്തവ്യത്തിന്റെ പാതയിൽ സമർപ്പണമനോഭാവത്തോടെ.......

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഭാരതത്തിന്റെ പരമോന്നത പദവിയിലേക്ക് തിരഞ്ഞെടുത്തിരിക്കുന്നത് പിന്നോക്കക്കാരിൽ ഏറെ പിന്നോക്കം നില്ക്കുന്ന സാന്താൾ ഗോത്രവിഭാഗത്തിൽപ്പെട്ട ഒരു വനിതയെയാണ്. എത്ര വിശാലമാണ് അഭിനവഭാരതത്തിന്റെ കാഴ്ച്ചപ്പാട്, എത്ര ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനശൈലിയാണിന്ന് നമ്മുടേത്. സ്വതന്ത്രഭാരതത്തിന്റെ 15-ാമത് പ്രസിഡണ്ടായി ദ്രൗപതി മുർമു എന്ന ഗോത്രവനിതയെ തിരഞ്ഞെടുത്തതോടുകൂടി നാം അത് തെളിയിച്ചിരിക്കുകയാണ്. രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിൽ ഇതുവരെയും പങ്കാളിത്തം ലഭിച്ചിട്ടില്ലാത്തവരെ അതിൽ പങ്കാളികളാക്കുക മാത്രമല്ല, അതിനുവേണ്ടി ഉന്നത സ്ഥാനങ്ങളിൽ അവരെ പ്രതിഷ്ഠിക്കുകകൂടി ചെയ്യുകയാണിന്ന്. രാജ്യത്തിന്റെ സാമൂഹ്യവും സാംസ്കാരികവുമായ പൈതൃകത്തെ ഊട്ടിയുറപ്പിച്ചുകൊണ്ടുതന്നെ സകലമാന ജനങ്ങൾക്കും വിദ്യാഭ്യാസസാമ്പത്തീക ഉന്നമനത്തിലൂടെ മെച്ചമായ ഭൗതീക സൗകര്യങ്ങൾ ഒരുക്കുക എന്ന മഹത്തായ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് ശക്തിപകരാൻ ഏറെ പ്രയോജനപ്രദമാകും ഈ തിരഞ്ഞെടുപ്പ്.

സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷം അമൃത വർഷമായി നാം ആഘോഷിക്കുമ്പോൾ ഈ രാജ്യത്തിന്റെ ഏറ്റവും വലിയ പരമോന്നത പദവിയിൽ ഒരു സ്ത്രീ, പ്രത്യേകിച്ചും വനവാസിവിഭാഗത്തിൽ പെട്ട ഒരു സ്ത്രീ ഇരുന്നുകൊണ്ട് നേതൃത്വം നല്കുക എന്നുള്ളത് നമ്മുടെ ലക്ഷ്യം ഏതെന്ന് ഉച്ചത്തിൽ ലോകത്തോട് വിളിച്ചു പറയുകയാണ്.

വ്യക്തിപരമായി ജീവിതത്തിൽ ഒരുപാട് കഷ്ടനഷ്ടങ്ങൾ നേരിടേണ്ടിവന്നിട്ടും, അതിനെയെല്ലാം ധൈര്യപൂർവ്വം നേരിട്ട്, കല്ലും മുള്ളും നിറഞ്ഞ കനൽ പാതകളിലൂ

# ഉള്ളടക്കം

വാല്യം 14 | ലക്കം 8 | 2022


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 7 |
| വാസ്തു. | 10 |
| ക്ഷേത്രങ്ങളിലൂടെ. | 11 |
| ശ്രീമഹാഭാഗവതം | 14 |
| ഒരു യൂറോപ്യൻ യാത്ര വിവരണം | 17 |
| കർമ്മോത്തേജനം | 20 |
| കൈകേയി | 23 |
| കേരളത്തിലെ കലകൾ | 26 |
| പാതഞ്ജലയോഗം | 29 |
| ശാസ്ത്രത്തിന്റെ രീതി | 31 |
| നട്ടെല്ല് | 34 |
| നാളേയ്ക്കുവേണ്ടി ഒരു കഥ | 37 |
| മാസഫലം | 40 |
| മാട്രിമോണിയൽ. | 41 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

ടെ സഞ്ചരിച്ച, പ്രസിഡണ്ട് ശ്രീമതി ദ്രൗപതി മുർമു അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് തന്റെ നിയോഗം ഇതല്ല, പാവപ്പെവരുടെയും കഷ്ടപ്പെടുന്നവരുടെയും ദുരിതമനുഭവിക്കുന്നവരുടെയും ഉന്നമനമാണ്, അതിനുവേണ്ടിയുള്ള പ്രവർത്തനമാണ് എന്ന് തിരിച്ചറിഞ്ഞ് ജനാധിപത്യവും ദേശീയതവും, സാംസ്കാരിക പാരമ്പര്യവും എല്ലാം ഉയർത്തിപിടിച്ചുകൊണ്ട് രാഷ്ട്രീയ പ്രവർത്തനത്തിനിറങ്ങിയത്. കളങ്കമില്ലാത്ത ആ നിസ്വാർത്ഥ പ്രവർത്തനത്തിന്റെ അംഗീകാരമെന്നോണം 1997ൽ റൈരാംഗപൂർ മുനിസിപ്പാലിറ്റിയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ വിജയിച്ചു. തുടർന്ന് ദ്രൗപതിയെ മുൻസിപ്പൽ വൈസ് ചെയർപേഴ്സണായി തിരഞ്ഞെടുക്കുകയും ചെയ്തു. പിന്നെ എം.എൽ.എ. ആയി മന്ത്രി ആയി എല്ലായിടത്തും കഴിവും വ്യക്തിപ്രഭാവവും തെളിയിച്ച ശ്രീമതി ദ്രൗപതിയെയാണ് 2007ൽ ഒഡീഷയിലെ ഏറ്റവും മികച്ച കാര്യശേഷിയുള്ള എം.എൽ.എ. ആയി തിരഞ്ഞെടുത്തത്. പിന്നീട് ഝാർഖണ്ടിലെ ഗവർണ്ണറായി.

ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്തു പോരാടിയ സാന്താൾ ഗോത്രവർഗ്ഗത്തിൽ നിന്നുള്ള ഒരാളെന്ന നിലയിൽ സ്വാന്ത്ര്യസമരപോരാളികളുടെ പിന്മുറക്കാരി എന്ന അഭിമാനത്തോടെ ശിരസ്സുയർത്തിപിടിച്ചെത്തുന്ന ധീരവനിത. അപ്പോഴും ലാളിത്യത്തിന്റെ മകുടോദാഹരണവുമാണവർ. ദിവസവും മൂന്ന് മണിക്ക് എഴുന്നേറ്റ് അടുത്തുള്ള ശിവക്ഷേത്രവും പരിസരവും മുഴുവൻ ചൂലെടുത്ത് അടിച്ചു വൃത്തിയാക്കുന്ന മുർമുവിനെയാണ് ദർശനത്തിനെത്തുന്ന ഭക്തർ ആദ്യം കാണുന്നത്. അത് കഴിഞ്ഞ് കുളിച്ച് വന്ന് നന്ദീശ്വരന്റെ ചെവിയിൽ മന്ത്രിച്ച് ശ്രീ പരമേശ്വരനേയും ദേവിയേയും വന്ദിച്ച് മടങ്ങുന്നത് അവിടുത്തുകാരുടെ സ്ഥിരം കാഴ്ചയാണ്. ഇങ്ങനെ ധർമ്മനിഷ്ഠയുള്ള, ഈശ്വരഭക്തിയുള്ള ഒരാൾ തന്നെ ആയിരിക്കണം നമ്മുടെ പരമോന്നത സ്ഥാനത്ത് ഭരണഘടനയുടെ കാവലാളായി ഇരിക്കുവാൻ.

കരുത്തുള്ള, ഉറച്ചനിലപാടുള്ള നിശ്ചയദാർഢ്യമുള്ള, അപാരമായ ദീർഘവീക്ഷണശേഷിയുള്ള, എല്ലാ വേദനകളും കഷ്ഠതകളും അറിയുന്ന, സമൂഹത്തിന്റെ താഴെ തട്ടിൽ നിന്നും സ്വപ്രയത്നം കൊണ്ട് ഉയർന്നുവന്ന ദ്രൗപതിമുർമു ഭാരതത്തിന്റെ പരമോന്നത പദവി അലങ്കരിക്കുവാൻ എന്തുകൊണ്ടും യോഗ്യ തന്നെ. അർഹതയുള്ള കൈകളിൽ തന്നെ അധികാരം എത്തിയിരിക്കുന്നു. ലോകത്തെ ഏറ്റവും മഹത്തായ ധർമ്മരാഷ്ട്രത്തിന്റെ പരമോന്നത പദവിയിലെത്തിയ ശ്രീമതി ദ്രൗപതി മുർമു, സ്വതന്ത്ര ഇന്ത്യയിൽ ജനിച്ച ആദ്യത്തെ രാഷ്ട്രപതി, സ്ഥാനം ഏറ്റെടുത്ത് രാഷ്ട്രത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രസംഗം അവസാനിപ്പിച്ചത് മഹത്വപൂർണ്ണവും സ്വാശ്രയവുമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കാൻ നമുക്കൊത്തു ചേർന്ന് കർത്തവ്യത്തിന്റെ പാതയിൽ സമർപ്പണമനോഭാവത്തോടെ മുന്നേറാം എന്നാണ്. നമ്മുടെ രാഷ്ട്രപതിയുടെ സ്വപ്നങ്ങളെല്ലാം പൂവണിയട്ടെ! രാഷ്ട്രം മഹത്തരവും ശ്രേഷ്ഠവുമാകട്ടെ! -വിജയാശംസകൾ.

ഇനി മറ്റൊരു ചരിത്ര മുഹൂർത്തത്തിന് കൂടി സാക്ഷ്യം വഹിക്കാൻ പോവുകയാണ് നമ്മുടെ നാട്. ഈവർഷത്തെ ഏറ്റവും നല്ല പിന്നണിഗായികക്കുള്ള അവാർഡ് ലഭിച്ചിരിക്കുന്നത് നമ്മുടെ അട്ടപ്പാടി ഊരിലുള്ള ആദിവാസി ഗോത്രവർഗ്ഗ വിഭാഗത്തിൽ പെട്ട നാഞ്ചിയമ്മക്കാണ്. 'കളക്കാത്ത സന്ദന'മെന്ന് തുടങ്ങുന്ന, അവരുടെ സംസാരഭാഷയിലുള്ള പാട്ടിനാണ് പുരസ്കാരം ലഭിച്ചത്. ലിപിയില്ലാത്ത ഗോത്രഭാഷയിലുള്ളതാണ് ആ നാടൻ പാട്ട്. തലമുറകളിൽ നിന്നു തലമുറകളിലേയ്ക്ക് വായ്മൊഴിയായി കൈമാറി വരുന്നതാണ് അവരുടെ ഭാഷയും സംസ്കാരവും കലയുമെല്ലാം. അങ്ങനെ ഈ വർഷത്തെ അവാർഡ് ദാനചടങ്ങിൽ ഒറീസ്സയിലെ സാന്താൾ ഗോത്രവർഗ്ഗത്തിൽ നിന്നും പ്രസിഡണ്ട് സ്ഥാനത്തെത്തിച്ചേർന്ന ദ്രൗപതി മുർമുവിൽ നിന്നും അട്ടപ്പാടിയിലെ ആദിവാസിയായ നാഞ്ചിയമ്മ അവാർഡ് ഏറ്റുവാങ്ങുന്നത് മറ്റൊരു ചരിത്രം സൃഷ്ടിക്കലായിരിക്കും. കാലങ്ങളോളം അവഗണിക്കപ്പെട്ടിരുന്ന അധസ്ഥിതരുടെ ഉയർത്തെഴുന്നേൽപിന്റെ നാന്ദികുറിക്കുന്ന ചരിത്ര മുഹൂർത്തം-ഭാരതം തങ്ങളുടെ സംസ്കാരിക പൈതൃകങ്ങളെ ഊട്ടി ഉറപ്പിച്ചുകൊണ്ട് സ്വന്തം വേരുകളിലേയ്ക്ക് മടങ്ങുന്ന സദ്മുഹൂർത്തം; ഈ വേള ധന്യമാവാൻ നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം- അനുമോദനങ്ങളർപ്പിക്കാം.

ജയ് ഹിന്ദ്

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

**എ**റണാകുളം കരയോഗം സാധാരണയായി ചെയ്തു പോരുന്ന സേവന പ്രവർത്തനങ്ങൾക്ക് 2022-23 വർഷത്തിലും ആരംഭം കുറിക്കുകയാണ്. ഈ വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ചുള്ള വിപണനമേള ഓഗസ്റ്റ് 25 മുതൽ തിരുവോണദിവസമായ സെപ്തംബർ 8 വരെ വിപുലമായ രീതിയിൽ വിവിധ സ്റ്റാളുകളിലായി ടി.ഡി.എം. ഹാളിൽ സമാരംഭിക്കുന്നു. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി, കരയോഗത്തിൽ പ്രവർത്തിക്കുന്ന നല്ല കൂട്ടാൻ കടയിൽ നിന്നും എല്ലാ ദിവസവും സദ്യയുടെ വിഭവങ്ങൾ ലഭ്യമായിരിക്കും. സർക്കാരിന്റെ കർശനമായ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും ഉള്ളതുകൊണ്ട് ഓണവിപണനമേളയിലും കൂട്ടാൻ കടയിലും 50 മൈക്രോയ്ക്ക് മേലുള്ള ക്യാരീബാഗുകളും ഫുഡ് പാക്കിംങ്ങ് മെറ്റീരിയലുകളും മാത്രമേ ഉപയോഗിക്കുന്നുള്ളൂ. സ്വാഭാവികമായും ജി.എസ്.ടി. നിയമത്തിലെ ഭേദതികളും പാക്കിങ്ങ് മെറ്റീരിയലുകളുടെ വിലവർദ്ധനവും ഓണം വിപണമേളയിലെ ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധനയ്ക്ക് കാരണമായേക്കും. തിരുവോണത്തിന് 4 പേർക്കുള്ള സദ്യ കിറ്റും പാലട, പരിപ്പ് പ്രഥമൻ എന്നിവകളും ബുക്കു ചെയ്യുവാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ആഗസ്റ്റ് 14 മുതൽ 2022 ലെ നവരാത്രി ആഘോഷത്തോടനുബന്ധിച്ച് നടത്തിവരാറുള്ള മത്സരങ്ങൾ ടി.ഡി.എം. ഹാളിൽ ആരംഭിക്കുന്നു. അതിന്റെ വിശദമായ വിവരങ്ങൾ ജൂലൈ ലക്കം കരയോഗസൗഹൃദത്തിലും കരയോഗം ഓഫീസിൽ നിന്നും ലഭ്യമാണ്. നവരാത്രി ആഘോഷങ്ങളുടെ കാര്യപരിപാടി സംബന്ധിച്ച് സെപ്തംബർ മാസ സൗഹൃദം ലക്കത്തിൽ വിശദമായി അറിയിക്കുന്നതായിരിക്കും.

2022 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.30ന് എറണാകുളം കരയോഗം സാംസ്ക്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ദേശഭക്തിഗാനങ്ങളും ഓണപ്പാട്ടുകളും കോർത്തിണക്കിയ സംഗീതസായാഹ്നം നടത്തുന്നു.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് നടത്തുന്ന പ്രതിമാസ പരിപാടികളിൽ ആഗസ്റ്റ് മാസം 30-ാം തീയതി ചൊവ്വാഴ്ച വൈകിട്ട് 6.30ന് മുളന്തുരുത്തി 'അല'യുടെ 'ഇസാ' എന്ന നാടകം അവതരിപ്പിക്കുന്നു.

## എല്ലാവർക്കും സന്തോഷസമൃദ്ധമായ ഓണവും ഐശ്വര്യപൂർണ്ണമായ നവവർഷവും ആശംസിക്കുന്നു

ജനറൽ സെക്രട്ടറി

# എറണാകുളം കരയോഗം

# ഓണം
## വിപണന മേള 2022
## ടി. ഡി. എം. ഹാളിൽ

### ആഗസ്റ്റ് മാസം 25 വ്യാഴാഴ്ച മുതൽ സെപ്തംബർ 8 വ്യാഴാഴ്ച വരെ

2022 ലെ ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് മാസം 25-ാം തീയതി രാവിലെ 10.30 ന് ഓണം വിപണന മേള കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ ശ്രീ. എ.സി.കെ. നായർ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ പാലട വിവിധയിനം പ്രഥമനുകൾ എന്നിവ ടി.ഡി.എം ഹാൾ ഓണം വിപണനമേളയിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.

വിപണനമേളയിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങുവാൻ വരുന്നവർ ക്യാരീബാഗ് കൊണ്ടുവരേണ്ടതാണ്.

### തിരുവോണം പ്രഥമനുകൾ സെപ്തംബർ 8-ാം തീയതി

തിരുവോണത്തിന് പ്രഥമനുകൾ മുൻകൂട്ടി ബുക്കു ചെയ്യുവാൻ സെപ്തംബർ 1 മുതൽ 5 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി.ഡി.എം. ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

### തിരുവോണ സദ്യകിറ്റ്
(8-9-2022 രാവിലെ 9 മണി മുതൽ 10 മണി വരെ മാത്രം)

4 പേർക്കുള്ള വിഭവങ്ങൾ:- ചോറ്, പ്രഥമനുകൾ, സാമ്പാർ, അവിയൽ, കാളൻ, ഓലൻ, എരിശ്ശേരി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), പരിപ്പ്, നെയ്യ്, മോര്, രസം, പപ്പടം, പഴം, ഇല എന്നിവ അടങ്ങിയ കിറ്റൊന്നിന് 1400/- രൂപ നിരക്കിൽ സദ്യകിറ്റ് മുൻകൂറായി ബുക്കു ചെയ്യുവാൻ സെപ്തംബർ മാസം 1 മുതൽ 5 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി.ഡി. എം ഹാളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. തിരുവോണ ദിവസം രാവിലെ 9 നും 10 നും ഇടയ്ക്ക് എത്തിച്ചേരുന്നവർക്കു മാത്രമേ സദ്യകിറ്റ് വിതരണം ഉണ്ടായിരിക്കുകയുള്ളൂ എന്ന് അറിയിക്കുന്നു.

മാംഗല്യ ട്രസ്റ്റ്



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## വായനയും അറിവും

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

എന്തെങ്കിലും വായിക്കാതെ ദിവസങ്ങൾ കടത്തിവിടുന്നവരുണ്ടോ? ഉണ്ടായിരിക്കാം. പക്ഷേ അതെന്തു ജീവിതമെന്നു തോന്നാതിരിക്കുമോ? കൂട്ടുകാർക്ക് തോന്നുന്നില്ലേ? തീർച്ചയായും തോന്നുന്നുണ്ടാവും. വായന മനുഷ്യജീവിതവുമായി അടുത്തു നിൽക്കുന്നു. അഭേദ്യബന്ധം പുലർത്തുന്നു. മാനസികാവസ്ഥ, വിദ്യാഭ്യാസം, ജീവിതനിലവാരം ഇവയെല്ലാമനുസരിച്ചാണ് ഓരോരുത്തരും വായിക്കാനുള്ളവ തിരഞ്ഞെടുക്കുന്നത്. ചിലർക്കു ദിനപ്പത്രം പോലും വായിക്കാൻ സമയം കിട്ടാറില്ലെന്നാണ് പരാതി. എങ്കിലും അവരും പത്രം വരുത്തും. തുറന്നുപോലും നോക്കാതെ ചില വീടുകളിൽ പത്രം വന്ന പാടേ കിടക്കും ഇൻഡ്യൻ എക്സ്പ്രസ്സും ഹിന്ദുവുമൊക്കെ വരുത്തുന്ന വീടുകൾ ധാരാളമാണ്. പക്ഷേ താളുകൾ മറിച്ച് അവ വായിച്ചു മനസ്സിലാക്കുന്നവർ വിരളമാണ്. ഒരു തരം സ്റ്റാറ്റസ് സിംബലായാണ് ചിലരെങ്കിലും ഇംഗ്ലീഷ് പത്രങ്ങളെ കാണുന്നത് എന്ന് വ്യക്തം. ആദ്യാവസാനം പത്രം വായിക്കുന്നത് പതിവാക്കിയവരും നമുക്കിടയിലുണ്ട്.

ഒരാളുടെ വായനയിൽ നിന്ന്, അയാൾ വായിക്കുന്ന പുസ്തകങ്ങളിൽ നിന്ന് അയാളുടെ മാനസിക നിലവാരം അളക്കാവുന്നതാണ്. വായന, നിലവാരമുള്ള പുസ്തകങ്ങളുടേതായാൽ വായനക്കാരന്റെ മനോനിലയും അതനുസരിച്ച് പരിപക്വമാവും. ഉന്നത നിലാവരം പുലർത്തും.

നന്നേ ചെറുപ്പത്തിൽ നന്നായി വായിച്ചിരുന്നവർ പലരും പിന്നെപ്പിന്നെ, പിൽക്കാലത്ത് പതിയെ വായനയിൽ നിന്ന് അകന്നുപോയിട്ടുണ്ട്. നിരന്തരമായ ജോലിത്തിരക്കും ബദ്ധപ്പാടും മൂലം വായിക്കാൻ സമയം വിരളമായ പല ഡോക്ടർമാരും, എൻജിനീയർമാരുമൊക്കെ സമൂഹത്തിലിന്നുണ്ട്. എന്നാൽ വേണ്ടപോലെ വായനയില്ലാതെ ക്ലാസ്സുകളിലേക്കു കയറിചെല്ലുന്ന അദ്ധ്യാപകർ വിരളമല്ലെന്നറിയുമ്പോൾ മനക്ലേശം തോന്നുന്നു.

വായിച്ചൊരുങ്ങാതെ തങ്ങൾ പഠിച്ചിരുന്ന കാലത്തെ നോട്ടു പുസ്തകങ്ങളിൽ അന്ന് കുറിച്ചുവെച്ചിരുന്നവ അതേ പടി പറഞ്ഞുകൊടുത്ത് ആത്മസംതൃപ്തിയടയുന്നു ഇന്ന് പല വിദ്യാർത്ഥികൾക്കുമുള്ള അവബോധം പോലും പല അദ്ധ്യാപകർക്കില്ലാതെ പോകുന്നു. എന്തൊരു ശോചനീയമായ അവസ്ഥയാണിത്.

ജൂലായ് 19 എല്ലാവർഷവും നമ്മൾ വായനാദിനമായി ആചരിക്കുന്നു. വായനയെപ്പറ്റി പറയുന്നു. അക്ഷരസ്നേഹിയായ പി.എൻ. പണിക്കർ സാറിനെ അനുസ്മരിക്കുന്നു. ഒക്കെയും ആ ഒരു ദിനത്തിൽ ഒതുങ്ങിപ്പോവുന്നുയെന്നോരു തോന്നൽ. വായന നമ്മളിലേക്ക് വേണ്ടപോലെ പടർന്നു പിടിക്കുന്നുണ്ടോ എന്നത് സംശയമാണ്.

എന്തു വായിക്കുന്നു, നിങ്ങൾ എന്തു ചിന്തിക്കുന്നു എന്നതിന് ഈ കുറിപ്പ് ഉപകരിക്കട്ടെ. നല്ലവായന വളർച്ച തന്നെയാണ്. മനുഷ്യമനസ്സിന്റെ വികാസമാണ്. കാടത്തം മാറ്റി മനുഷ്യനെ എന്തിനും ഏതിനും കേമനാക്കുന്ന പ്രക്രിയ. മക്കളിലൂടെ പുഷ്ക്കലമാവട്ടെ വായനക്കാലം.

റഷ്യൻ സാഹിത്യകാരനായ ടോൾസ്റ്റോയിയെ കൂട്ടുകാർ കേട്ടിട്ടില്ലേ? ഒരു രാത്രി ആൾത്തിരക്കുള്ള പൊതുസ്ഥലത്ത് അദ്ദേഹം ദുഖിതനായി വിശ്രമിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മാനസികപ്രയാസത്തിനു കാരണം ഭാര്യയുടെ സ്നേഹമില്ലാത്ത പെരുമാറ്റ രീതിയും സംസാരവുമായിരുന്നു. അദ്ദേഹം ഭാര്യയെ സ്നേഹിക്കാൻ ശ്രമിച്ചിരുന്നെങ്കിലും ഭാര്യ അതിനോടെല്ലാം അദ്ദേഹം പ്രതീക്ഷിച്ച രീതിയിൽ സഹകരിച്ചില്ല. അവർ തമ്മിലുള്ള മാനസിക അനൈക്യം വർദ്ധിച്ചു. ഭാര്യയോടു ക്ഷമിച്ചു ക്ഷമിച്ച് അദ്ദേഹം മടുത്തു. വീട്ടിൽ ഒരുമിച്ചു കഴിയുന്നതു തന്നെ പ്രയാസമായി. ഇങ്ങനെ ചിന്തിച്ചു ചിന്തിച്ചാണ് അദ്ദേഹം ആ സ്ഥലത്തു വന്നിരുന്നത്.

ഭാര്യയുടെ സ്നേഹമില്ലായ്മയാണ് അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നത്. അവളോട് ഇനിയും ക്ഷമിക്കുക വയ്യ. വർഷങ്ങളായി എന്നും താൻ അവളോട് ക്ഷമിക്കുകയായിരുന്നു. ഇനി ഏതായാലും അവളോടൊപ്പം കഴിയുക പ്രയാസം തന്നെ. അതിന് ഇനിയെങ്കിലും ഒരവസരം വേണം. പലതും ചിന്തിച്ച് ആളുകളിൽ നിന്ന് അകന്ന് ഒരിടത്ത് അദ്ദേഹം ഇരുന്നു.

രാത്രിയായിരുന്നെങ്കിലും ധാരാളം ആളുകൾ അവിടെ വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു. ആൾക്കൂട്ടത്തിൽ അധികം പേരും എങ്ങോട്ടോ യാത്ര പോവുന്നതിനു വാഹനം കാത്തുനിൽക്കയായിരുന്നു. അവരുടെ ഇടയിലേക്ക് ഒരു ചെറിയകുട്ടി ഒരു കൈത്താളവുമായി കടന്നുവന്നു. അവൻ താളം കൊട്ടി ഈണത്തിൽ, അവനെ ആരോ പഠിപ്പിച്ച പാട്ടുപാടിതുടങ്ങി.

അതിരുകളില്ലാത്ത ഒന്നിന്റെ പേരു പറഞ്ഞിടാമോ?

സ്നേഹമാണല്ലോ അതു സ്നേഹം. സ്നേഹമാണല്ലോ അതു സ്നേഹം.

അതിരുകൾ പാടില്ലാത്ത ഒന്നിന്റെ പേരു പറഞ്ഞിടാമോ ക്ഷമയാണല്ലോ അതു ക്ഷമ. ക്ഷമയാണല്ലോ, അതു ക്ഷമ.

ഈ വരികൾ ടോൾ സ്റ്റോയിയുടെ ചെവിയിൽ വന്നു മുഴങ്ങി. മഹാസാഹിത്യകാരനായ അദ്ദേഹം ഏഴോഎട്ടോ വയസ്സുമാത്രം പ്രായമുള്ള ആ തെരുവുബാലന്റെ ഗാനത്തിൽ ലയിച്ചിരുന്നു.

അദ്ദേഹം ചിന്തിച്ചു.

സ്നേഹത്തിനു അതിരില്ല. ക്ഷമയ്ക്ക് അതിരു പാടില്ല.

കുറച്ചു നേരം കഴിഞ്ഞ് അവിടെ പാടിക്കൊണ്ടു നിന്ന ബാലൻ ചളുങ്ങിയ ഒരു കുഴിപാത്രവുമായി ടോൾസ്റ്റോയിയുടെ മുന്നിലെത്തി.

എന്തെങ്കിലും തരണം സാർ

ടോൾസ്റ്റോയി അവനോടു പറഞ്ഞു.

നീ പാടിയ ആ ഗാനം എനിക്കുവേണ്ടി ഒന്നുകൂടി പാടാമോ

അവൻ അദ്ദേഹത്തിന്റെ മുന്നിൽ നിന്ന് ആ വരികൾ ഒന്നുകൂടി പാടി.

ടോൾസ്റ്റോയിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അദ്ദേഹം തന്റെ കീശയിൽ നിന്ന് കുറേ പണമെടുത്ത് അവന്റെ കുഴിപാത്രത്തിലേക്ക് ഇട്ടു കൊടുത്തു.

നിനക്ക് ഈ ഗാനം എവിടെന്നു കിട്ടി എന്റെ കുട്ടീ

അദ്ദേഹം ചോദിച്ചു

അവൻ പറഞ്ഞു.

ഇത് എന്റെ മുത്തച്ഛൻ പഠിപ്പിച്ചതാണ് മുത്തച്ഛൻ ഈ ഗാനം പഠിച്ചത് വലിയ സാഹിത്യകാരനായ ടോൾസ്റ്റോയിയുടെ ഒരു പുസ്തകത്തിൽ നിന്നാണ്.

അവന്റെ മറുപടി കേട്ടിട്ടും ടോൾസ്റ്റോയിക്ക് ചിരിക്കാൻ കഴിഞ്ഞില്ല.

ക്ഷമയ്ക്ക് അതിരുപാടില്ല എന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിൽ തികട്ടി വന്നു. അദ്ദേഹം അവിടെ നിന്നെഴുന്നേറ്റ് തന്റെ വീടിനെ ലക്ഷ്യമാക്കി നടന്നു.

വലിയ ആനയെ ചെറിയ ആനക്കാരന്റെ കൊച്ചുപിച്ചാത്തി നിയന്ത്രിക്കുന്നു. വലിയവയെയും വലിയവരെയും നയിക്കാൻ ചെറിയവർക്കും ബലഹീനർക്കും കഴിഞ്ഞേക്കാം

ഇനി ചില്ലറ ചിരി രസം.

മഹാത്മാഗാന്ധി ബ്രിട്ടീഷ് ഭരണാധികാരികളുടെ നോട്ടപ്പുള്ളിയായിരിക്കുന്ന കാലം. വിപ്ലവകാരിയായ ആ നേതാവിനെ സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കുവാൻ ഒരു രഹസ്യാന്വേഷണ വിദഗ്ദ്ധൻ നിയമിതനായി. ധ്വര എന്നായിരുന്നു ആ അന്വേഷണ ഉദ്യോഗസ്ഥന്റെ പേര്. ഗാന്ധിജിയെക്കുറിച്ചു കേട്ടിട്ടുള്ളതല്ലാതെ കണ്ടിട്ടില്ലാത്ത അയാൾ ഒരിക്കൽ സബർ മതി ആശ്രമം തിരക്കിയെത്തി. കിണറ്റുകരയിൽ നിന്നു വെള്ളം കോരുന്ന ഒരു വയോവൃദ്ധനോട് അയാൾ ഗാന്ധിജിയെക്കുറിച്ചു ചോദിച്ചു. വെള്ളവും ചുമന്നു കൊണ്ടു നടന്നു നീങ്ങിയ വൃദ്ധൻ ഗാന്ധിജിയെ കാണിച്ചു തരാമെന്ന് സായിപ്പിനോടു പറഞ്ഞു. കുറേ കഴിഞ്ഞപ്പോൾ അവർ ആശ്രമത്തിലെത്തി ചേർന്നു. തിണ്ണയിൽ ഒരു പായ വിരിച്ചു ധ്വരയെ അതിലിരുത്തിയശേഷം ഇപ്പോൾ ഗാന്ധിജിയെ വിളിച്ചുകൊണ്ടു വരാമെന്ന് പറഞ്ഞ് അകത്തേക്കു പോയ വൃദ്ധൻ മടങ്ങി വന്നത് ധ്വരയ്ക്കു കുടിക്കുവാനുള്ള പാനീയവുമായിട്ടായിരുന്നു.

എവിടെയാണു ഗാന്ധി എന്നയാൾ വീണ്ടും ചോദിച്ചപ്പോൾ വൃദ്ധൻ പറഞ്ഞു.

ഞാൻ തന്നെയാണു ഗാന്ധിയെന്ന്.

ഇത്രമാത്രം വിനയസമ്പന്നനും അതിഥിപ്രിയനുമാണല്ലോ വൃദ്ധനായ ഈ യുവവിപ്ലവകാരിയെന്ന് അപ്പോഴാണ് ആ പോലീസുകാരനു മനസ്സിലായത്.

തോമസ് എഡിസന്റെ മറവി പ്രസിദ്ധമാണ്. സദാ പരീക്ഷണങ്ങളിൽ മുഴുകി ജീവിച്ചിരുന്ന അദ്ദേഹം ഭക്ഷണം പോലും തന്റെ പരീക്ഷണശാലയിൽ വെച്ചായിരുന്നു കഴിച്ചിരുന്നത്. ഒരിക്കൽ പ്രഭാതഭക്ഷണവും മുന്നിൽ വെച്ചുകൊണ്ട് അദ്ദേഹം പരീക്ഷണങ്ങളിൽ മുഴുകിയിരിക്കുമ്പോഴാണ് ഒരു സുഹൃത്ത് അദ്ദേഹത്തെ കാണുവാനായി വന്നത്. വളരെ നേരം കാത്തിരുന്നിട്ടും സന്ദർശനാനുമതി കിട്ടാതായപ്പോൾ സുഹൃത്തിനു ദേഷ്യമായി. പരീക്ഷണ ശാലയിലേക്കു കടന്ന അയാൾ കണ്ടത് സ്വാദിഷ്ടമായ വിഭവങ്ങൾ ശ്രദ്ധിക്കാതെ ജോലിയിലേർപ്പെട്ടിരിക്കുന്ന എഡിസനെയാണ്. ഭക്ഷണം കണ്ടതും കൊതി മൂത്ത സുഹൃത്ത് അതെല്ലാം എടുത്തു കഴിച്ചു സ്ഥലം വിട്ടു. ഏറെ കഴിഞ്ഞ് മേശപ്പുറത്തിരിക്കുന്ന ഒഴിഞ്ഞ പാത്രങ്ങൾ കണ്ട എഡിസൻ വേലക്കാരനെ വിളിച്ചു പറഞ്ഞു.

എത്ര നേരമായി ഞാനിതെല്ലാം കഴിച്ചു തീർത്തിട്ട് ഇനിയെങ്കിലും ഈ പാത്രങ്ങൾ ഇവിടുന്നു മാറ്റിക്കൂടെ?

താൻ രചിച്ച ഒരു നാടകത്തെക്കുറിച്ചുള്ള അഭിപ്രായമാരായുന്നതിനായി ഒരു യുവ നാടകകൃത്ത് ബർനാർഡ്ഷായെ ആ നാടകം കാണുന്നതിന് ക്ഷണിച്ചു. തീയേറ്ററിലെത്തിയ ഷാ നാടകം തുടങ്ങിക്കഴിഞ്ഞതും ബർനാർഡ്ഷാ കൂർക്കംവലിച്ചുറങ്ങാൻ തുടങ്ങി. നാടകം തീർന്നപ്പോഴും അദ്ദേഹം നല്ല ഉറക്കത്തിലായിരുന്നു. അഭിപ്രായമാരായുവാൻ ഷായെ സമീപിച്ച നാടകകൃത്ത് കൂർക്കം വലിച്ചുറങ്ങുന്ന അദ്ദേഹത്തെയാണു കണ്ടത്. അദ്ദേഹത്തെ വിളിച്ചുണർത്തി തന്റെ നാടകത്തെക്കുറിച്ചുള്ള അഭിപ്രായം തിരക്കിയ നാടകകൃത്തിനോട് ഷാ പറഞ്ഞു.

ഉറക്കം തന്നെയാണ് സത്യസന്ധമായ അഭിപ്രായം എന്റെ പ്രവൃത്തിയിലൂടെ ഞാൻ അതു തെളിയിച്ചിട്ടും എന്തേ താങ്കൾക്കതു മനസ്സിലാകാതിരുന്നത്.

ഷായുടെ മറുപടി കേട്ടപ്പോഴാണ് തന്റെ നാടകം വെറും പൊളിയാണെന്നു നാടക കൃത്തിനു മനസ്സിലായത്.

വായനയും അറിവും കൊണ്ടെത്തിക്കുന്ന അതിവിശാലതകളിലേക്ക് കൊച്ചുകൂട്ടുകാർ നിങ്ങളും പിച്ചവെച്ചു ചെല്ലൂ. അതിനായി പ്രാർത്ഥനയോടെ ഈ ലഘു കുറിപ്പ്.

*****



# വാസ്തുശാസ്ത്രം

ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## അടുക്കള

**പ**ലരും വാസ്തു നോക്കുന്നത് പൈസക്കാരനാകാനും, ജോലിയിൽ ഉയർച്ചകിട്ടുന്നതിനു വേണ്ടിയുമാണ്. കുടുംബത്തിന്റെ ആരോഗ്യത്തിനും, ഐശ്വര്യത്തിനും, മനസമാധാനത്തിനും വേണ്ടിമാത്രമാണ് വാസ്തു നോക്കുന്നത് എന്നു മനസ്സിലാക്കുക.

അടുക്കള എപ്പോഴും വീടിന്റെ കിഴക്ക്, അല്ലെങ്കിൽ വടക്കായിരിക്കണം. അടുക്കള കിഴക്കുവശത്താണെങ്കിൽ അടുക്കളയുടെ കിഴക്കെ ചുമരുവിട്ട് വീടിന്റെ വടക്കുഭാഗം കിഴക്കോട്ടു തള്ളരുത്. അടുക്കള വടക്കുവശത്താണെങ്കിൽ അടുക്കളയുടെ വടക്കെചുമർ വിട്ട് വീടിന്റെ കിഴക്കുവശം വടക്കോട്ടു തള്ളരുത്. അടുക്കള കിഴക്കുവശത്ത് വടക്കോ, തെക്കോ, മദ്ധ്യത്തിലൊ ആവാം. അടുക്കളയിൽ കിഴക്കോട്ടു തിരിഞ്ഞ് പാചകം ചെയ്യണം. സ്റ്റവ്വ് അടുക്കളയുടെ തെക്കു വടക്ക് മദ്ധ്യത്തിന്റെ തെക്കായിരിക്കണം. അടുക്കള കിഴക്കാണെങ്കിൽ കിഴക്കോട്ടു ജനൽ വേണം.

പാത്രം കഴുകുന്ന സിങ്ക് തെക്കു വടക്ക് മദ്ധ്യത്തിന്റെ വടക്കു വശത്തായിരിക്കണം. കിഴക്കോട്ടു തിരിഞ്ഞോ, വടക്കോട്ടു തിരിഞ്ഞോ പാത്രം കഴുകാവുന്നതാണ്. അടുക്കളയുടെ വാതിൽ തെക്കു പടിഞ്ഞാറെ മൂലയിൽ വരാതെ നോക്കണം. അടുക്കള വീടിന്റെ വടക്കു വശത്താണെങ്കിൽ വടക്കോട്ടു ജനൽ വേണം. വടക്കോട്ടോ, കിഴക്കോട്ടോ തിരിഞ്ഞ് നിന്ന് പാചകം ചെയ്യാം. സിങ്ക് വടക്കുകിഴക്കു ഭാഗത്തായിരിക്കണം. കിഴക്കോട്ടോ, വടക്കോട്ടോ തിരിഞ്ഞ് നിന്ന് പാത്രം കഴുകാം. മൂലയിൽ നിന്നും 48 സെ.മീ. മാറ്റി വാതിൽ വയ്ക്കാം.

### പ്രധാന വാതിൽ

കിഴക്കോട്ടുമുഖമായ വീടിന്റെ പ്രധാന വാതിൽ കിഴക്കുഭാഗത്ത് വീടിന്റെ മദ്ധ്യത്തിന്റെ വടക്കായിരിക്കണം. വാതിലിന്റെ നേരെയൊ, വടക്കോട്ടു മാറിയോ ചവിട്ടുപടികെട്ടാം. മെയിൻ ഡോറിന് എപ്പോഴം അടിപ്പടിവേണം. മറ്റു വാതിലിനേക്കാൾ വീതി കൂടുതൽ വേണം. വീതിയുടെ ഇരട്ടിയിൽ കൂടുതൽ ഉയരം വേണം.

വീടിന്റെ മുഖം പടിഞ്ഞാറോട്ടാണെങ്കിൽ പ്രധാനവാതിൽ പടിഞ്ഞാറു വടക്കായിരിക്കണം. വടക്കുപടിഞ്ഞാറ് അരുത്. പ്രധാന വാതിൽ കടന്നുവരുന്ന മുറിയുടെ പടിഞ്ഞാറു വടക്കായിരിക്കണം ഒരിക്കലും പടിഞ്ഞാറുതെക്കാവരുത്. പുറത്തേക്കിറങ്ങുന്ന പടിവാതിലിന് നേരെയായിരിക്കണം. വീടിന്റെ മുഖം വടക്കോട്ടാണെങ്കിൽ പ്രധാനവാതിൽ വടക്ക് മദ്ധ്യത്തിനു കിഴക്കായിരിക്കണം. വടക്ക് കിഴക്ക് വരാന്തയുണ്ടെങ്കിൽ വടക്കോട്ടോ, കിഴക്കോട്ടോ ചവിട്ടുപടി വയ്ക്കാവുന്നതാണ്. വീടിന്റെ മുഖം തെക്കോട്ടാണെങ്കിൽ പ്രധാനവാതിൽ തെക്കുഭാഗത്ത് വീടിന്റെ മദ്ധ്യത്തിൻെറ കിഴക്കായിരിക്കണം. വീടിന് വരാന്തയുണ്ടെങ്കിൽ തെക്കുകിഴക്കായിരിക്കണം. വരാന്ത തെക്കുപടിഞ്ഞാറാണെങ്കിൽ വരാന്തയുടെ നീളം തെക്കുവശത്ത് മദ്ധ്യം വിട്ട് കിഴക്കോട്ട് നീണ്ടിരിക്കണം. വരാന്തയിൽ നിന്നും കിഴക്കോട്ടോ, പടിഞ്ഞാറോട്ടോ ഇറങ്ങരുത്. തെക്കോട്ടുമാത്രം ചവിട്ടുപടി കെട്ടുക. വീട്ടിലേക്കുള്ള പ്രധാന വാതിൽ മുറിയുടെ തെക്കുകിഴക്കായിരിക്കണം. ഒരിക്കലും തെക്കു പടിഞ്ഞാറു വരരുത്.

****


**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ

# വെട്ടിക്കവല മഹാക്ഷേത്രങ്ങൾ

## (വാതിൽക്കൽ ഞാലിക്കുഞ്ഞ്)

ഇന്ദിരാഭായി ഫോൺ : 8078552892



ഭഗവാൻ ശ്രീമഹാദേവനും ശ്രീമഹാവിഷ്ണുവും കുടികൊള്ളുന്ന രണ്ടു ക്ഷേത്രങ്ങളാണ് വെട്ടിക്കവല ശ്രീമഹാക്ഷേത്രങ്ങൾ. ഒരേ സ്ഥലത്തു അടുത്തടുത്തായി സ്ഥിതി ചെയ്യുന്ന രണ്ടു ക്ഷേത്രങ്ങൾ. വാതിൽക്കൽ ഞാലിക്കുഞ്ഞ് എന്ന ഉപദേവതാ സന്നിദ്ധ്യത്താൽ പ്രസിദ്ധമായ ഒരു ക്ഷേത്രമാണിത്. കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലാണ് ഈ ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത്. ഏഴു കൊട്ടാരങ്ങൾ നിലനിന്നിരുന്നതിനാലാണ് ഇവിടം കൊട്ടാരക്കര എന്നറിയപ്പെട്ടത്. ഏഴു കൊട്ടാരങ്ങളും അവയ്ക്കരികിലൂടെ ചെറിയ നീരൊഴുക്കുള്ള തോടുകളും അടുത്തടുത്തായി നാലുശിവക്ഷേത്രങ്ങളും സ്ഥിതി ചെയ്യുന്ന സ്ഥലമാണിത്. ഇന്ന് കൊട്ടാരങ്ങൾ വിവിധ ഓഫീസുകളായും പഠനകേന്ദ്രങ്ങളായും പ്രവർത്തിക്കുന്നു. തോടുകൾ പലതും റോഡുകളായും രൂപാന്തരപ്പെട്ടു. കൊട്ടാരക്കരയിലെ ഒരു പ്രധാന ക്ഷേത്രമാണ് 108 ശിവാലയങ്ങളിലൊന്നായ ശ്രീമണികണ്ഠേശ്വരം മഹാഗണപതിക്ഷേത്രം. ശിവക്ഷേത്രമാണെങ്കിലും ഉപദേവനായ ശ്രീമഹാഗണപതി ഭഗവാനാണ് കൂടുതൽ പ്രസിദ്ധി. കൊട്ടാരക്കര താലൂക്കിൽ തന്നെ സ്ഥിതിചെയ്യുന്ന മറ്റൊരു ശിവക്ഷേത്രമാണ് വെട്ടിക്കവല മഹാക്ഷേത്രം. ഇവിടെയും പ്രധാന പ്രതിഷ്ഠ ശ്രീമഹാദേവനാണ് എങ്കിലും ഉപദേവസ്ഥാനത്തുള്ള ഒരു കുഞ്ഞിന്റെ പേരിലാണ് ഈ ക്ഷേത്രത്തിന് കൂടുതൽ പ്രസിദ്ധിയുള്ളത്. മലകളും പുഴകളും പാടങ്ങളും ക്ഷേത്രങ്ങളും സ്ഥലനാമങ്ങൾക്കു നിദാനമാകാറുണ്ട്. ഇവിടെ ഒരു വൃക്ഷത്തിന്റെ പേരിലാണ് ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശം അറിയപ്പെടുന്നത്. ഇന്നത്തെപ്പോലെ സഞ്ചാരസൗകര്യങ്ങളൊന്നും ഇല്ലാതിരുന്നകാലത്ത് ഇവിടെയൊരു വലിയ വൃക്ഷം നിന്നിരുന്നു. ഈ സ്ഥലം പിന്നീടു നടപ്പാതയായും ജംഗ്ഷനായും മാറി. ഇവിടെ നിന്നിരുന്ന വൃക്ഷത്തിന്റെ പേര് വെട്ടി എന്നായിരുന്നു. വെട്ടി നിന്നിരുന്ന ജംഗ്ഷൻ (കവല) വെട്ടിക്കവല എന്നറിയപ്പെട്ടു. ഇന്ന് അവിടെ വെട്ടിമരമൊന്നും കാണാനില്ല എങ്കിലും സ്ഥലനാമം വെട്ടിക്കവല എന്നു തന്നെ നിലനില്ക്കുന്നു. വെട്ടിക്കവല പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന രണ്ടു ക്ഷേത്രങ്ങളാണ് വെട്ടിക്കവല മഹാക്ഷേത്രങ്ങൾ. അടുത്തടുത്തായി വിഷ്ണുക്ഷേത്രവും ശിവക്ഷേത്രവും അതിവിശാലമായ പ്രദേശത്ത് സ്ഥിതിചെയ്യുന്നു.

ആയിരത്തിമുന്നൂറിലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രങ്ങളുമാണ് വെട്ടിക്കവല മഹാക്ഷേത്രങ്ങൾ. പണ്ട് ഈ പ്രദേശങ്ങൾ ഇളയിടത്തു സ്വരൂപത്തിന്റെ ഭാഗമായിരുന്നു. ഇളയിടത്തു സ്വരൂപത്തിന്റെ രാജസദസ്സിനെ അലങ്കരിച്ചിരുന്ന പല ആസ്ഥാനകലാകാരന്മാരും വെട്ടിക്കവല നിവാസികളായിരുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലം മുതൽ തന്നെ വെട്ടിക്കവല ശ്രദ്ധേയമായ സ്ഥലമായിരുന്നു. ശ്രീമൂലം തിരുനാളിന്റെ കാലത്ത് വെട്ടിക്കവല വിദ്യാലയം, വെട്ടിക്കവല കൊട്ടാരം, വെട്ടിക്കവല ഭജനമഠം എന്നിവയും സ്ഥാപിതമായിട്ടുണ്ട്. പ്രശസ്ത സാഹിത്യകാരിയും അഗ്നിസാക്ഷി എന്ന പ്രസിദ്ധമായ നോവലിന്റെ രചയിതാവുമായ ലളിതാംബിക അന്തർജ്ജനത്തിന്റെ സ്വദേശം വെട്ടിക്കവലയാണ്.

വെട്ടിക്കവലപ്രദേശമെല്ലാം കാർഷിക വിളകളാൽ സമ്പന്നമാണ്. ഇത്തിക്കരയാറിന്റെയും കല്ലടയാറിന്റെയും പോഷകനദികളിലെ ജലത്തിനാൽ ഫലഭൂയിഷ്ഠമായ പ്രദേശമാണിത്. ഇന്നും വൃക്ഷനിബിഡമായികാണപ്പെടുന്ന

പ്രദേശമാണ് വെട്ടിക്കവലദേശം. ശ്രീമഹാദേവനും വിഷ്ണുഭഗവാനും കൂടി പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ട് ഈ പ്രദേശത്തുകൂടി സഞ്ചരിക്കുമ്പോൾ ശാന്തസുന്ദരമായ ഈ സ്ഥലം ദേവൻമ്മാർക്ക് വളരെയധികം ഇഷ്ടപ്പെട്ടു. ഇവിടെ എവിടെയെങ്കിലും തങ്ങൾക്കു വിശ്രമിക്കുവാനുള്ള സ്ഥലം കണ്ടു പിടിക്കുവാൻ ഭൂതത്താനോടും അക്കരെത്തേവരോടും നിർദ്ദേശിച്ചു.

രണ്ടുപേരും തങ്ങളുടെ സ്വാമിമാർക്കു വിശ്രമിക്കുവാനുള്ള സ്ഥലം കണ്ടുപിടിക്കുകയും ചെയ്തു. അവിടെ ക്ഷേത്രങ്ങൾ പണികഴിപ്പിച്ചു. ദേവന്മാരെ കുടിയിരുത്തുകയും ചെയ്തു. ഇതാണ് രണ്ടു മഹാക്ഷേത്രങ്ങൾ അടുത്തടുത്തുണ്ടായതിന്റെ പിന്നിലെ ഐതിഹ്യം. വിഷ്ണുക്ഷേത്രം താഴെയായി അതിവിശാലമായ കുളത്തിനുസമീപമായും ശിവക്ഷേത്രം വളരെ ഉയരത്തിൽ കുന്നിൻ മുകളിലായുമാണ് സ്ഥിതിചെയ്യുന്നത്. ഇരു ക്ഷേത്രങ്ങളേയും തമ്മിൽ പടിക്കെട്ടുകളാൽ ബന്ധിപ്പിച്ചിരിക്കുന്നു. വിഷ്ണുക്ഷേത്രം കീഴൂട്ട് ക്ഷേത്രമെന്നും ശിവക്ഷേത്രം മേലൂട്ട് ക്ഷേത്രമെന്നുമാണ് അറിയപ്പെടുന്നത്. രണ്ടു ക്ഷേത്രങ്ങളുടേയും ദർശനം കിഴക്കോട്ടാണ്.

അധർമ്മികളായുള്ള മനുഷ്യരുടെ സമ്പത്തിനോടുള്ള അത്യാർത്തികാരണം തന്റെ കുഞ്ഞ് ഭൂമിയിൽ പിറക്കും മുമ്പ് വിധവയായ ഒരു സാധുസ്ത്രീ അനുഭവിച്ച ദുഃഖകഥയെ ഓർമ്മപ്പെടുത്തിക്കൊണ്ട് കുടികൊള്ളുന്ന ഒരു ഉപദേവസന്നിധി. അത്യപൂർവ്വമായ ഒരു ഉപദേവസാന്നിദ്ധ്യമാണ് വെട്ടിക്കവല മഹാദേവക്ഷേത്രത്തിലെ വാതിൽക്കൽ ഞാലികുഞ്ഞ്. വെട്ടിക്കവല ദേശത്ത് സമ്പന്നമായ ഒരില്ലത്തെ നമ്പൂതിരിയുടെ വേളികഴിഞ്ഞ് അധികകാലം കഴിയും മുമ്പ് അദ്ദേഹം മരണപ്പെട്ടു. മരിക്കുന്നസമയം അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായിരുന്നു. ധാരാളം സ്വത്തുക്കളുണ്ടായിരുന്ന ഇല്ലത്ത് അവർ തനിച്ചായി. മറ്റു ഇല്ലങ്ങളിലെ നമ്പൂതിരിമാർ ഇവരുടെ സ്വത്തിൽ കണ്ണുവച്ച് അവരെ സഹായിക്കാനെന്ന വ്യാജ്യേന സ്വത്തുക്കളുടെ മേൽനോട്ടം ഏറ്റെടുക്കുകയും അവരെ അവിടനിന്നും ഒഴിവാക്കാനുള്ള വഴികളാലോചിക്കുകയും ചെയ്തു. അവർക്കു മേൽ സ്വഭാവദൂഷ്യം ആരോപിക്കുകയും അവരുടേത് അവിഹിതഗർഭമാണെന്നു പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് അവരെ ഇല്ലത്തു നിന്നും പുറത്താക്കി. നിരാശ്രയയായ ആ സ്ത്രീ വഴിയമ്പലത്തിൽ അഭയം തേടി. അവർ ഒരു പെൺകുഞ്ഞിനു ജന്മം നൽകി. അപമാനിതയും നിരാശ്രയയും നിരാലംബയുമായ ആ മാതാവ് തന്റെ കുഞ്ഞ് ജീവിക്കണമെന്നും തന്നെ ദ്രോഹിച്ചവർക്ക് തക്ക ശിക്ഷ കിട്ടണമെന്നും തന്റെ നിരപരാധിത്വം തെളിയണമെന്നും ആഗ്രഹിച്ചു. വിവാഹസമയത്ത് ഭർത്താവ് അവരുടെ കഴുത്തിലണിയിച്ച താലിയും മാലയും കുഞ്ഞിന്റെ കഴുത്തിലണിയിച്ച്, ആരെങ്കിലും ഈ കുഞ്ഞിനെ വളർത്തണം എന്ന ആഗ്രഹത്തോടെ തന്നോടു ചെയ്ത ക്രൂരതയ്ക്ക് തക്ക ശിക്ഷ കൊടുക്കാൻ ഈ കുഞ്ഞിനെ പ്രാപ്തയാക്കണമെന്നും കുഞ്ഞിനെ സംരക്ഷിച്ചുകൊള്ളേണമേ എന്നും പ്രപഞ്ചദേവതകളോടു പ്രാർത്ഥിച്ചുകൊണ്ടു കുഞ്ഞിനെ തുണികൊണ്ടു പുതപ്പിച്ച്, ഇരുട്ടു പരന്നു തുടങ്ങിയ സമയം പാടത്തുള്ള നടവഴിയരികിൽ കിടത്തി. അവർ ഇരുളിൽ മറഞ്ഞു നിന്നു. ഇരുട്ടത്ത് ചൂട്ടുകറ്റയും തെളിയിച്ച് ജോലി കഴിഞ്ഞ് അതുവഴി വന്ന ഊരാളി ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു. തേജസ്സുറ്റ മുഖവുമായി ഒരു കുഞ്ഞു കിടക്കുന്നത് അദ്ദേഹം കണ്ടു. ഊരാളി നാലുപാടും നോക്കി അവിടെയെങ്ങും ആരെയും കണ്ടില്ല. കുട്ടികൾ ഇല്ലാതിരുന്ന ഊരാളി കുഞ്ഞിനെ തന്റെ വീട്ടിലേക്കു കൊണ്ടുപോയി സ്നേഹപൂർവ്വം വളർത്തി. കുഞ്ഞിനെ വീട്ടിൽ ഉറക്കിക്കിടത്തിയശേഷം അദ്ദേഹം ജോലിക്കു പോകുമായിരുന്നു. കുഞ്ഞിന് പാലും പഴവും മാത്രമേ കൊടുത്തിരുന്നുള്ളൂ.

കുഞ്ഞു വളർന്നു തുടങ്ങി. ഊരാളി കുഞ്ഞിന് തന്റെ ചെറിയവീടിന്റെ വാതിൽപ്പടിമേൽ ഒരു ഊഞ്ഞാല് കെട്ടിക്കൊടുത്തു. കുഞ്ഞ് അപ്പൂപ്പൻ എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. ഒരു ദിവസം ജോലി കഴിഞ്ഞു വന്ന അദ്ദേഹം ഊഞ്ഞാൽ പൊട്ടി വീണ് വാതിൽപ്പടിയിൽ തലയടിച്ചു മരിച്ചു കിടക്കുന്ന കുഞ്ഞിനെയാണ് കണ്ടത്. അതീവ ദു:ഖിതനായ ഊരാളിയും അധികാലം കഴിയും മുമ്പ് മരിച്ചു. നാളുകൾ കഴിഞ്ഞു. കുഞ്ഞിന്റെ അമ്മയെ ഉപദ്രവിച്ച ഇല്ലങ്ങളിലുള്ളവർക്കും അവരെ സഹായിച്ചവർക്കും ജീവിക്കാൻ പറ്റാത്ത വിധം പലവിധ ഉപദ്രവങ്ങളും ഉണ്ടായിത്തുടങ്ങി. സഹിക്കവയ്യാതെ അവർ പ്രശ്നം വച്ചു നോക്കി. പ്രശ്നവിധിപ്രകാരം കുഞ്ഞിന്റെ ആത്മാവിനെ ആവാഹിച്ച് മഹാദേവക്ഷേത്രത്തിൽ നമസ്കാരമണ്ഡവത്തിൽ പ്രതിഷ്ഠിച്ചു. അങ്ങനെ വാതിൽക്കൽഞാലികുഞ്ഞ് ഈ ക്ഷേത്രത്തിൽ ഉപദേവതയായി ഭഗവാന്റെ തിരുനടയിൽ തന്നെ കുടികൊള്ളുന്നു.

വാതിൽക്കൽ ഞാലിക്കുഞ്ഞിന്റെ അമ്പലം എന്നാണ് ഇന്ന് ഈ ക്ഷേത്രം അറിയപ്പെടുന്നത്. വാതിൽക്കൽഞാലിക്കുഞ്ഞ് ശ്രീപാർവ്വതിദേവിയുടെ ബാലഭാവമാണെന്നാണ് സങ്കൽപം.

ശ്രീമഹാദേവ സന്നിധിയിൽ നമസ്ക്കാരമണ്ഡപത്തിൽ ഇടതുവശം ചേർന്ന് നന്ദികേശ്വരന്റെ സമീപം തന്നെ വാതിൽക്കൽഞാലിക്കുഞ്ഞിന് സ്ഥാനം നൽകിയിരിക്കുന്നു. കുഞ്ഞുങ്ങളുടെ ദേവതയെന്ന് വിശേഷിപ്പിക്കുന്ന കുഞ്ഞിന് പാലും പഴവും കരിവളയും സമർപ്പിച്ചാൽ കുഞ്ഞുങ്ങളുടെ ഏതു രോഗത്തിനും ശമനമുണ്ടാകും എന്നാണ് വിശ്വാസം. കുഞ്ഞുങ്ങളെ വാതിൽക്കൽഞാലികുഞ്ഞിന്റെ തിരുനടയിൽ കൊണ്ട് വന്നു തൊഴുത് പ്രാർത്ഥിച്ചാൽ കുഞ്ഞ് അവരെ സംരക്ഷിച്ചുകൊള്ളും എന്നു വിശ്വസിക്കുന്നു. തൊട്ടിലിൽ ഒരു കുഞ്ഞു കിടക്കുന്ന രൂപത്തിലാണ് കുഞ്ഞിന്റെ ശിലാവിഗ്രഹം കാണപ്പെടുന്നത്. കുഞ്ഞിന് നിത്യനിവേദ്യവും പൂജകളുമുണ്ട്. പാൽ പൊങ്കാലയാണ് പ്രധാന വഴിപാട് കൃഷ്ണപക്ഷസപ്തമിനാളിൽ കുഞ്ഞിന് സമൂഹ പാൽപൊങ്കാലയുണ്ട്. അത് ഒരു ദേശത്തിന്റെ ഉത്സവമായാണ് കൊണ്ടാടുന്നത്.

വ്രതനിഷ്ഠയോടെ സ്ത്രീകളും 10 വയസ്സിൽ തഴെയുള്ള ആൺകുട്ടികളും കുഞ്ഞിന് പൊങ്കാല സമർപ്പിക്കുന്നു.

അതിവിശാലമായ സ്ഥലത്ത് ഇരുനിലകളുള്ള മഹാദേവന്റെ ശ്രീകോവിലും നമസ്ക്കാരമണ്ഡപവും ശില്പകലകളും അലങ്കാരങ്ങളും ആനക്കൊട്ടിലും ഉപദേവസ്ഥാനങ്ങളും പ്രദക്ഷിണവീഥികളും നാലമ്പലത്തിനുള്ളിലെ ഉപദേവസാന്നിദ്ധ്യങ്ങളും എല്ലാം ഏറെ പ്രത്യേകതകളുള്ളതാണ്. നാലമ്പലത്തിനകത്തെ അദൃശ്യമായ അരങ്ങത്ത് യക്ഷിയമ്മ, ഭൂതത്താൻ, ധർമ്മശാസ്താവ്, ഗണപതി, കാവുടയോൻ, യോഗീശ്വരൻ അറുകൊല, ബ്രഹ്മരക്ഷസ്സ്, വസൂരിമാടൻ, അപ്പൂപ്പൻ (കുഞ്ഞിന്റെ വളർത്തച്ഛൻ) നാഗരാജാവ് നാഗയക്ഷിയമ്മ മൂർത്തി എന്നീ ഉപദേവസ്ഥാനങ്ങളും ഈ ക്ഷേത്രത്തിലുണ്ട്. ക്ഷേത്രകാവൽ ദേവനാണ് മൂർത്തി.

കുംഭമാസത്തിലെ തിരുവാതിര നാൾ ആറാട്ടായി പത്തുദിവസമാണ് ഉത്സവം. അഷ്ടമിരോഹിണിയും നവരാത്രിയും ശിവരാത്രിയും വിപുലമായി ആഘോഷിക്കുന്നു.

ഭക്തിയോടൊപ്പം കൗതുകവും ആനന്ദവും വാത്സല്യവും നിറയുന്ന ഒരു ക്ഷേത്രദർശനം. വെട്ടിക്കവല മഹാക്ഷേത്രങ്ങളിൽ ദേവദർശനം നടത്തി കുഞ്ഞിന് കരിവളയും പാലും പഴവും നൽകി കുഞ്ഞിനെയും കുഞ്ഞു തൊട്ടിലിനെയും ഒന്നു തൊട്ടുവണങ്ങി, ഭക്തി വാത്സല്യനിറവനുഭവിക്കുവാൻ കീഴൂട്ടപ്പനും മേലൂട്ടപ്പനും ശ്രീപാർവ്വതിദേവിയും എല്ലാ ഭക്തജനങ്ങൾക്കും അവസരം നൽകട്ടെ.

****



# ശ്രീമഹാഭാഗവതം

## ഭാഗവതം ഏകാദശസ്കന്ധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

**ഭാ**ഗവതത്തിലെ ഏകാദശ സ്കന്ധ മാണ് വാസ്തവത്തിൽ പരീക്ഷിത്ത് ഉദ്ദേശിച്ച തെന്നു തോന്നും വിധത്തിൽ മുക്തി ലഭിക്കു ന്ന ഒരു വിവരണമാണ് ഇവിടെ വ്യാസൻ ന ൽകുന്നത്. ജ്ഞനേന്ദ്രിയങ്ങളും കർമ്മേന്ദ്രി യങ്ങളും എല്ലാം ഭഗവത്ചിന്തയിൽ ലയിപ്പി ക്കണാം.

മുക്തിർ ഹിത്വാന്യഥാ രൂപം
സ്വരൂപേണ വ്യവസ്ഥിതി

അതായത് തന്റെ തന്നെ രൂപത്തിൽ നിൽക്കു ക. നാം ചിലപ്പോഴൊക്കെ സ്വീകരിക്കുന്ന അ ന്യമായ വേറൊരവസ്ഥയിൽ നിന്നും മാറി സ്വന്തം അവസ്ഥയിൽ സ്ഥിതിചെയ്യുകയെ ന്നതാണ് .

ഇവിടെ ശ്രീശുകൻ പറയുകയാണ് ശ്രീകൃഷ്ണൻ അദ്ദേഹത്തിന്റെ അവതാരോ ദ്ദേശം പൂർത്തിയാക്കുകയും ചെയ്യേണ്ട കാ ര്യങ്ങൾ ചെയ്തു തീർക്കുകയും ചെയ്തു. കൗരവ പാണ്ഡവ യുദ്ധത്തിൽ ദുഷ്ടന്മാരെ കൊല ചെയ്യാൻ പാണ്ഡവരെ സഹായിച്ചു. യാദവന്മാരിലും മനുഷ്യസ്വഭാവം ബാധിച്ചു തമ്മിൽ തമ്മിൽ കലഹിക്കുന്നു. ഭഗവാൻ യദുവംശത്തേയും നശിപ്പിച്ചു. ഭഗവാന്റെ ലീല കളും നാമങ്ങളും ആളുകൾ വർണ്ണിച്ചു. തന്റെ ലീലാകഥകൾ പറയുകയും കേൾക്കുകയും ചെയ്യുന്നവർ സംസാരദുഃഖത്തിൽ നിന്നും മുക്തി നേടുമെന്നു അറിയിച്ച് ശ്രീകൃഷ്ണൻ വൈകുണ്ഠത്തിലെത്തി. ഇത്രയും കേട്ടപ്പോൾ പരീക്ഷിത്ത് ചോദിച്ചു വൃഷ്ണികൾക്ക് ബ്രാ ഹ്മണശാപമുണ്ടായത് എങ്ങനെയാണ്? അവർ ക്ക് ശപിക്കാനെങ്ങനെ കഴിഞ്ഞു? ശ്രീശുകൻ പറഞ്ഞു സർവ്വവ്യാപിയായ ഭഗവാൻ എല്ലാ കാര്യങ്ങളും ചെയ്തു. ഭഗവാന്റെ ആഗ്രഹമ നുസരിച്ച് കാരണങ്ങളും അതുവഴി കാര്യങ്ങ ളും ഉണ്ടാകും. വസുദേവരുടെ ഗൃഹത്തിൽ ഭഗവാൻ സംഹാരരൂപിയായിരുന്നു. കലിദോ ഷപരിഹാരത്തിനു വേണ്ട കർമ്മങ്ങൾ ചെ യ്തു. അതിനുശേഷം മുനിമാർ ദ്വാരകയുടെ കിഴക്കു പിണ്ഡാരകം എന്ന സ്ഥലത്തേക്കു പോയി. അവിടെ ചില യദുകുമാരന്മാർ മഹർ ഷിമാരുടെ അടുത്തു ചെന്നു. അവർ സാംബ വനെ ഗർഭിണിയുടെ വേഷം കെട്ടിച്ചു. മുനിമാ രുടെ അടുത്തുചെന്ന് ഇവളുടെ വയറ്റിലുള്ള കുട്ടി ആണോ പെണ്ണോ എന്നു ചോദിച്ചു. മഹർ ഷിമാർ ഈ ആൾ ഇരുമ്പുലക്കയെ പ്രസവി ക്കുമെന്നു പറഞ്ഞു. ഭയന്ന കുട്ടികൾ വയറിൽ കെട്ടിയിരുന്ന തുണി അഴിച്ചു മാറ്റി. ഈ മുനി മാരുടെ ശാപം സത്യമായിരുന്നു. സാംബ വാന്റെ വയറു മറച്ച തുണി അഴിച്ചപ്പോൾ അതി ലൊരു ഇരുമ്പുലക്ക കാണായി. ബ്രാഹ്മണശാ പം ഫലിക്കുമെന്ന വിശ്വാസമുള്ളതുകൊണ്ട് അവർ ഈ വിവരം ഉഗ്രസേനനെ അറി യിച്ചു. ഉഗ്രസേനന്റെ അഭിപ്രായത്തിൽ ഈ ഇരുമ്പുലക്ക പൊടിച്ച പൊടിയും ഒരു ചെറി യ കഷണം ഇരുമ്പും സമുദ്രത്തിലൊഴുക്കി. ഭഗവാനിതെല്ലാം അറിയാമല്ലോ. അദ്ദേഹം ഇതെല്ലാം കരയിലെത്തിച്ചു. ഇതെല്ലാം ഐരക പുല്ലായി വളർന്നു. ചെറിയ കഷണം ഇരുമ്പുതുണ്ട് മത്സ്യം വിഴുങ്ങി. മത്സ്യത്തെ പിടിച്ച മുക്കുവൻ ഇരുമ്പ് കൊല്ലനു കൊ ടുത്തു. അവിടെനിന്നും നായാട്ടുകാരനു കിട്ടി. ഇതെല്ലാം അറിഞ്ഞ ഭഗവാൻ ശാ പം വ്യർത്ഥമാക്കാൻ കൂട്ടാക്കിയില്ല. ഉണ്ടായത് എന്തായാലും നശിക്കണം. ഇവിടെയൊക്കെ നാം നിർവ്വികാരനായി ഇരിക്കണമെന്ന് ഭഗ വാൻ ആഗ്രഹിച്ചു.

ഇനി ഇവിടെ വിവരിക്കുന്നത് നാരദന്റെ ജ്ഞാനോപദേശമാണ്. നാരദൻ ഒരു ദിവസം വാസുദേവന്റെ ഗൃഹത്തിലെത്തി. വാസുദേവനാണെങ്കിൽ കൃഷ്ണനോടുള്ള സ്നേഹം പുത്രൻ എന്ന നിലയിലാണ്. അതു കൊണ്ട് മോക്ഷം ലഭിക്കുതെങ്ങനെയെന്നു പറഞ്ഞുതരണമെന്നു വാസുദേവർ നാരദനോടു പറഞ്ഞു..

നിന്തിരുവടിയിവിടേക്കു വന്നതു മൂല
മന്തസ്താപങ്ങൾ.തീർന്നു ശുദ്ധമായ് മമ കുലം
എന്നല്ല ഭവാനുടെ സഞ്ചാരം നിമിത്തമായ്
മന്നിടത്തിങ്കൽ സുഖം വരുന്നു ശരീരാണാം
ഉത്തമധമന്മാരായിരിക്കും പുത്രന്മാർക്കു
സത്തമനാകും പിതാവെന്നതു പോലെതന്നെ
ഉത്തമന്മാർക്കു തവചരിതം സുഖമായും
ഉത്തമേതരന്മാർക്കു ദുഃഖമായും വരും
കർമ്മികളായുള്ളവർക്കെങ്ങനെ മോക്ഷം
വരും

അംഗലമതേ പറഞ്ഞീടുക വഴിപോലെ

ഭാഗവത ധർമ്മങ്ങൾ കേൾക്കുകയും അനുഷ്ഠിക്കുകയും ചെയ്താൽ മരണഭയം ഇല്ലാതാകും. കഴിഞ്ഞ ജന്മത്തിലെ എന്റെ നന്മ കൊണ്ട് ഭഗവാൻ എന്റെ പുത്രനായി ജനിച്ചു. സംസാരദുഃഖത്തിൽ നിന്നും മുക്തി നേടാനുള്ള മാർഗ്ഗമാണ് നാരദരോടു ചോദിച്ചത്. നാരദർ പറഞ്ഞു:

എങ്ങനെയെന്നാൽ മനോവാക്കു
കായങ്ങൾ കൊണ്ടു
അങ്ങിഹ ചെയ്യും കർമ്മമൊക്കെ
നാരായണൻ
തല്പദേ സമർപ്പിച്ചു കൊള്ളേണം
ദ്വൈതഭ്രമം
എപ്പേരും പോവാനപ്പോൾ ഭയകമ്പാദി
തീരും
കർമ്മങ്ങളീശ്വരങ്കൽ നിന്നു വേർവിട്ടു
തോന്നും
നിർമ്മലനിയോഗീശ്വരൻ തന്നുടെ
മായാവശാൽ
അജ്ഞാനി ജനങ്ങൾക്കു തോന്നുന്ന
ഭേദബുദ്ധി
സുജ്ഞാന സ്വരൂപനാമീശങ്കലില്ല നൂനം

വസുദേവർക്ക് ഇത്തരം ആഗ്രഹമുണ്ടായത് നന്നായിയെന്നാണ് നാരദർ പറഞ്ഞത്. ഈ കഥകൾ ലോകത്തേയും ദുഷ്ടന്മാരേയും പരിശുദ്ധിയിലേക്കെത്തിക്കും. എല്ലാം ഈശ്വരമയമാണെന്നു ധരിച്ചു

ചിത്തവുമുറപ്പിച്ചു വസിച്ചീടുന്നതല്ലോ
ഉത്തമ ഭാവത ധർമ്മമെന്നറിക നീ

അതിനുശേഷം ഭാഗവതധർമ്മങ്ങൾ ഒൻപതെണ്ണവും വിവരിക്കുകയാണ്. ഈ വിവരണം ഋഷഭന്റെ പുത്രന്മാരായ മഹർഷിമാരും നിമി രാജാവും തമ്മിലുള്ളതായി വിവരിക്കുന്നു. ഒരിക്കൽ ഇതിൽ നവയോഗികളെന്നു ഋഷിമാർ നിമി മഹാരാജാവിന്റെ സത്രശാലയിലേക്കു ചെന്നു. രാജാവു ചോദിച്ചു, ഏതൊന്നിനെ അറിഞ്ഞാൽ പരമാനന്ദം ലഭിക്കുമോ അതറിയാൻ ഞാനാഗ്രഹിക്കുന്നു. ഈ ധർമ്മാനുഷ്ഠാനങ്ങൾ ഞങ്ങൾ കൂടി അറിയണം. അദ്ദേഹം 9 ചോദ്യങ്ങൾ ചോദിച്ചു. (1) ഭാഗവതധർമ്മം (2) ഭഗവദ്ഭക്തന്മാർ (3) മായ (4) മായാനിരാസത്തിനുള്ള മാർഗ്ഗങ്ങൾ (5) ബ്രഹ്മസ്വരൂപം (6) കർമ്മസിദ്ധാന്തം (7) പുനരവതാരങ്ങൾ (8) ജീവനും വാസനകളും (9) യുഗധർമ്മം.

നിമി ചോദിച്ച മൂന്നാമത്തെ ചോദ്യം
മായയുടെ സ്വരൂപമെന്താണ്?
പരസ്യ വിഷ്ണോരീശസ്യ മായിനാ
മപി മോഹിനീം
മായാം വേദിതുമിഛാമോ ഭഗവന്തോ
ബ്രൂവന്തുനഃ

ഭക്തിയുടെ വഴിയിൽ മായ എല്ലാവരേയും മോഹിപ്പിക്കുന്നു. ആ മായ എന്താണ് ?

അന്തരീക്ഷൻ പറഞ്ഞു, സൃഷ്ടി ഉണ്ടാകുന്നത് കല്പത്തെ ആശ്രയിച്ചാണ്. കല്പത്തിനു മുൻപ് ഭഗവാനുണ്ട്, ശേഷവും ഭഗവാനുണ്ട്. ഞാൻ, എന്റേത് എന്നു വരുമ്പോൾ അവിദ്യ മായയുണ്ടാക്കുന്നു. ഓരോരുത്തരുടേയും കർമ്മഫലമനുസരിച്ച് ജനിക്കുന്നു. ഒരു വസ്തുവിനെ അതിന്റെ യഥാർത്ഥ രൂപത്തിൽ കാണിക്കാതെ മറ്റൊന്നായി കാണുന്നത് മായ മൂലമാണ്. താനുമായി ചേർന്നു നിൽക്കുന്നതി

നാണ് ഭഗവാൻ സൃഷ്ടി സ്ഥിതി സംഹാര ലീലകൾ നടത്തുന്നത്. ജീവൻ ഭഗവാന്റെ അംശമല്ല. അവിടെ അംശവുമില്ല അംശി യുമില്ല. ബിംബപ്രതിബിംബം കാണിക്കുവാൻ വേണ്ടി ജീവൻ ആത്മാംശം എന്നു പറയു ന്നുവെന്നേയുള്ളൂ. ജീവന്റെ സ്വഭാവമെന്നു പ റയുന്നത് എന്താണെന്നു നോക്കൂ. ഭഗവാൻ തന്നത്താൻ വിഭജിക്കുന്നതാണ് ഓരോന്നിലും പ്രതിഫലിക്കുന്നത്.

ദേഹകാരണേന്ദ്രിയങ്ങളെല്ലാം
ആത്മാവു തന്നെ വേറായ് തോന്നുന്ന
സമസ്തവു
മാത്മാവെന്നറിഞ്ഞുടൻ ദൃഢത്തം
വരായ്കയാ
ലാത്മാവു വേറെ ഞാനെന്നോർത്തിഹ
നശിക്കുന്നു
എന്നല്ല മോഹക്ലേശ ഭയചാപല്ല്യാദികൾ
വന്നു സംഭവിക്കുന്നതാത്മനി മായയാലെ
ആത്മാവിൽ നിന്നു വേറായ് തോന്നുന്നു
ലോകാലോകം
ആത്മാവില്ലാതെയില്ല തോന്നുകിൽ
സ്വപ്നതുല്യം
സൂര്യനങ്ങുദിക്കുമ്പോളസത്താമന്ധകാരം
ഛായയില്ലാതെ പോലെ വീടും
ബോധോദയേ
ബോധമില്ലാതെ വരുന്നേരത്തങ്ങുളവായി
ബാധയായസത്തായിട്ടിരിക്കും മായതന്നെ

ഇങ്ങനെ മായയുടെ വിശേഷതകൾ എല്ലാം വിവരിച്ചപ്പോൾ അന്തരീക്ഷ യോഗീശ്വരൻ ചോദിക്കുന്നു:

ദുസ്തരയായ മായയകൃതാത്മാക്കൾ കട
ന്നെത്രയും തെളിയും വഴിയെ കേൾപ്പിക്കണം
യഥൈതാമൈശ്വരീം മായാ
ദുസ്താമകൃതാത്മഭി
തരണ്വഞ്ജു: സ്ഥൂലധിയോ മഹർഷ
ഇദമച്യം താം

മായയെ തരണം ചെയ്യുക എളുപ്പമല്ല. തന്റെ മേൽ യാതൊരു നിയന്ത്രണവുമില്ലാത്ത ആളുകൾക്ക് പ്രയാസവുമാണ്.

സ്ത്രീ വിത്ത ഗൃഹപുത്ര പകുക്കൾ
ധാന്യാദികൾ
ആവോളമാർജ്ജിച്ചതിലേറിയ
മോഹത്തോടും
മായാ നിർമ്മിതമായ ലോകാദി ചരാചര
കായങ്ങൾ നിത്യമെന്നു ചിന്തിക്ക നിമിത്തമായ്
മാനസം ചലിച്ചുടൻ ജനനമരണത്താൽ
ദീനനായ് ദുഃഖപ്പെട്ടങ്ങുഴലന്നതു നിത്യം

എന്നാൽ ഇതൊന്നും നിത്യമല്ല എന്നറിയുക യും ഗുരുവിനെ ഭക്തിയോടുകൂടി ഭജിക്കുക യും എല്ലാം വിഷ്ണുവിങ്കൽ സമർപ്പിച്ച് ജീവിക്കുകയും ചെയ്യുകയെന്നതാണ് ധർമ്മം. ഗുരുവിന്റെ പക്കൽനിന്നും ഉത്തമ ശ്രേയസ്സ് എന്താണെന്ന് പഠിക്കണം. ഗുരുവിനെ അനു സരിക്കുകയും ആത്മാവും ഗുരുവും ഒന്നാ ണെന്നു മനസ്സിലാക്കി ഗുരുവിന്റെ ആജ്ഞകൾ പാലിക്കുകയും ചെയ്യണം. ഞാനെന്നും എന്റേ തെന്നും ഉള്ള ചിന്തകൾ പാടെ ഉപേക്ഷിച്ച് നല്ല ആളുകളുമായി സത്സംഗം നടത്തണം. നമ്മുടെ അഹങ്കാരവും കള്ളത്തരവും ഒക്കെ മാറ്റി മാനസികമായ ഉന്നമനം ഉണ്ടാക്കിയെ ടുക്കണം.

സർവ്വ വ്യാപ്തനാകുന്ന വിഷ്ണു
ദേവനെ പൂജിച്ചുടൻ കീർത്തിച്ചു
വഴിപോലെ
സേവിച്ചു പിന്നെ ശിരസിങ്കലു
ദ്വസിപ്പിക്ക
ഇത്ഥം മാനസിത്തിങ്കലുമഗ്നിയിലും
ദിവ്യനാമീശ്വരനായീടുന്നൊരാ
ത്മാവിനെ
നിത്യവും ഭക്തിയോടെ
പൂജിച്ചീടുന്നവർക്കു
ഗത്വരം മുക്തിപദം
സിദ്ധിക്കുമസംശയം

ഭഗവാൻ എല്ലാ വസ്തുക്കളിലും ഇരി ക്കുന്നുണ്ട്. പക്ഷെ പദാർത്ഥങ്ങൾ നശിച്ചാ ലും ഭഗവാൻ അനശ്വരനായി നിലനില്ക്കുന്ന സദ് രൂപനാണ്. ബാഹ്യശക്തികൊണ്ട് പ്രകാ ശിപ്പിക്കാതെ എല്ലാത്തിനേയും പ്രകാശിപ്പി ക്കരുത് ചിദ്രൂപൻ. ഈ പ്രപഞ്ചത്തെ നിർ ത്താനുള്ള ശക്തിയാണ് ഈശ്വരൻ.

*(തുടരും)*





# ഒരു യൂറോപ്യൻ യാത്രാ വിവരണം

പി. ആർ. വി. മേലങ്ങത്ത്

യൂറോപ്യൻ യാത്രയുടെ 4-ാം ദിവസം മെയ് 15ന് രാവിലെ 8.30 മണിയോടുകൂടി പാരീസിലെ Novatel Paris Nord Expo AulNay ഹോട്ടലിൽ നിന്ന് ചെക്കൗട്ട് ചെയ്ത് റോഡ് മാർഗ്ഗം ഞങ്ങളുടെ യാത്ര ആരംഭിക്കുകയാണ്. പാരീസിലെ സന്ദർശനം അവസാനിപ്പിച്ചുകൊണ്ട് ഏകദേശം 335 കി.മീ ദൂരെയുള്ള Brussels ലേക്ക് യാത്ര പുറപ്പെട്ടു. മൂന്നരമണിക്കൂറിലധികം യാത്ര ചെയ്ത് Attomium എന്ന ലോക പ്രശസ്തമായ എക്സിബിഷൻ സെന്ററിൽ എത്തിച്ചേർന്നു. എങ്കിലും Attomium ത്തിന്റെ ഉള്ളിൽ കയറി എക്സിബിഷൻ കാണാൻ 4 മണിക്കൂർ സമയം ആവശ്യമുള്ളത് കൊണ്ട് ആ സന്ദർശനം ഒഴിവാക്കുകയും പുറത്തുനിന്ന് ഫോട്ടോ എടുക്കുവാനും മാത്രം കുറച്ചു സമയം ചെലവഴിച്ചു.



1958-ൽ നിർമ്മിച്ച ഈ എക്സിബിഷൻ സെന്റർ 335 അടി ഉയരവും സ്റ്റെയിൻ ലെസ് സ്റ്റീലിൽ നിർമ്മിച്ചിരിക്കുന്നതുമാണ്. കോവിഡ് കാലത്തിനു മുമ്പ് ഏകദേശം 6 ലക്ഷം പേർ സന്ദർശിച്ചിരുന്ന ഈ ലോകപ്രശസ്ത പ്രദർശനകേന്ദ്രം 2004-2006 കാലഘട്ടത്തിൽ പുനരുദ്ധാരണം നടത്തി കൂടുതൽ മോടിപിടിപ്പിച്ചതാണ്. ഉച്ചഭക്ഷണത്തിനുശേഷം അവിടെ നിന്ന് ഞങ്ങൾ നേരേ പോയത് Tulip, daffodil, hyacinth തുടങ്ങിയ വർണ്ണശബളമായ 7 ദശലക്ഷത്തിലധികം പുഷ്പങ്ങൾ നിറഞ്ഞ് നില്ക്കുന്ന അതിമനോഹരമായ Keukenhof ഗാർഡനിലേക്കാണ്.



ഹോളണ്ടിലെയും യൂറോപ്പിലേയും ഏറ്റവും ആകർഷണവും പ്രസിദ്ധവുമായ ഈ ഗാർഡൻ പാർക്ക് വളരെ ഭംഗിയായി 4 മണിക്കൂർ നടന്ന് ആസ്വദിക്കാൻ കഴിഞ്ഞു. 79 ഏക്കറിൽ പരന്നു കിടക്കുന്ന ഈ ഗാർഡൻ Kitchen Garden എന്നും അറിയപ്പെടുന്നു. 1947ൽ ആരംഭിച്ച് ഈ പാർക്കിലെ പ്രവേശനം വർഷത്തിൽ മൺസൂൺ കാലത്ത് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 2022 ഏപ്രിൽ 4ന്

ഭാരതത്തിന്റെ പ്രസിഡന്റ് ശ്രീ രാമനാഥ് കോവിന്ദ് ഈ ഗാർഡൻ സന്ദർശിക്കുകയുണ്ടായി.

2019ൽ 15 ലക്ഷം പേർ സന്ദർശിച്ച ഈ പാർക്ക് 2022 ഏപ്രിൽ 24 മുതൽ മെയ് 15 വരെ മാത്രമാണ് പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തത്. ഞങ്ങൾ സന്ദർശനം നടത്തിയ മെയ് 15 വൈകുന്നേരം 6 മണിയോടുകൂടി ഈ വർഷത്തെ പൊതുജനങ്ങളുടെ പ്രവേശനം നിർത്തിവച്ചിരിക്കുന്നതായി അധികൃതർ പ്രഖ്യാപിക്കുകയുണ്ടായി. അതുകൊണ്ടാണ് ഞങ്ങൾ ഉച്ചയ്ക്ക് Attomium സന്ദർശനം വെട്ടിക്കുറച്ച് അന്ന് തിരക്കിട്ട് Keukenhof ഗാർഡനിലേക്ക് സന്ദർശനം നടത്തുവാൻ തീരുമാനിച്ചത്. അത് തികച്ചും സുന്ദരവും മനസ്സിന് കുളിർമ്മയും ആനന്ദവും നല്കുന്നതുമായിരുന്നു. നിറങ്ങളുടെ ലോകത്ത് കുറച്ചു സമയം ചിലവഴിക്കാൻ കിട്ടിയ അവസരം ഒരനുഭവം തന്നെയായിരുന്നു.

ഈ ഗാർഡനിലേക്ക് പ്രവേശനകവാടത്തിൽ മാത്രമേ ഗാർഡനിലെ ജീവനക്കാരും സെക്യൂരിറ്റിയും ഉണ്ടായിരുന്നുള്ളൂ എന്നത് യൂറോപ്യൻ സംസ്കാരത്തിന്റെ മഹിമയെ എടുത്തുകാണിക്കുന്ന ഒരു സവിശേഷത ആയിരുന്നു. ഇത്രയും വിശാലമായ ഈ ഗാർഡനിൽ ലക്ഷകണക്കിനു വിവിധ വർണ്ണങ്ങളിലുള്ള ചെടികളും പൂക്കളും ഉണ്ട്. ലക്ഷകണക്കിനു വരുന്ന സന്ദർശകരിൽ ഒരാൾ പോലും പൂക്കളേയോ ചെടികളേയോ കൈകൊണ്ടു തൊടുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് നാം കണ്ടു പഠിക്കേണ്ടതാണ്. ഒരു പക്ഷെ നമ്മുടെ രാജ്യത്ത് ആയിരുന്നെങ്കിൽ ഓരോ ചെടികൾക്കും ഓരോ വാച്ചുവാൻമാരേ നിർത്തേണ്ട ഗതികേട് ഉണ്ടാകുമായിരുന്നു.

നമ്മൾ പുഷ്പങ്ങളെ നശിപ്പിക്കുകയും ചെടികൾ പറിച്ചെടുക്കുകയും ചെയ്ത് ആ സുന്ദരമായ പാർക്കിനെ ഏതു വിധത്തിൽ ആക്കുമായിരുന്നു; ചിന്തിക്കാൻ പോലും കഴിയുന്നില്ല. ഇത് സംസ്ക്കാരത്തിന്റെയും അച്ചടക്കത്തിന്റെയും ജീവിതശൈലിയുടേയും ഉദാത്തമായ മാതൃകയാണെന്ന് പറയാതെ വയ്യ. ഗാർഡനിലെ സന്ദർശനം കഴിഞ്ഞ് ഞങ്ങൾ താമസിച്ചത് Amsterdam എയർപോട്ടിനടുത്തുള്ള ഹോട്ടലിൽ ആയിരുന്നു. അന്ന് ഞങ്ങളുടെ സഹയാത്രികനായിരുന്ന എ. മുരളീധരനേയും സഹധർമ്മിണി ശാന്തിനിയേയും അവരുടെ മകൻ കിരൺ കുടുംബസമേതം താമസിക്കുന്ന Hoofddorp എന്ന സ്ഥലത്തുള്ള വീട്ടിലേയ്ക്ക് വന്ന് കൂട്ടിക്കൊണ്ടുപോയി. അതുപോലെ അഡ്വ. ബാലഗോപാലിനേയും മകളേയും അവരുടെ ബന്ധു വന്ന് അവർ താമസിക്കുന്ന Brussels എന്ന സ്ഥലത്തേക്കും കൂട്ടികൊണ്ടുപോകുകയുണ്ടായി.

16-ാം തീയതി രാവിലെ പ്രശസ്തമായ കനാൽ cruise ലൂടെ Amsterdam നഗരത്തിന്റെ ഭംഗി ആസ്വദിച്ചു. തുടർന്ന് അവിടെ നിന്ന് നേരെ പോയത് Hieneken ഫാക്ടറിയിലേക്ക്. ബിയർ നിർമ്മാണവും ഫാക്ടറിയുടെ ആദ്യ കാലഘട്ടത്തിലുള്ള പുരാതന രീതിയിലുള്ള ബിയർ നിർമ്മാണ രീതിയും ആധുനികരീതിയിലുള്ള നിർമ്മാണരീതിയും വിവിധ തരത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നതു കാണുവാൻ കഴിഞ്ഞു. സന്ദർശകർക്കെല്ലാം മൂന്ന് ഗ്ലാസ്സ് വീതം ബിയർ സൗജന്യമായി നൽകി. യൂറോപ്യൻ Draught Beer ന്റെ സ്വാദ് ആസ്വദിക്കുവാൻ കഴിഞ്ഞത് ഒരു അനുഭവം തന്നെയായിരുന്നു. ഉച്ചഭക്ഷണം കഴിച്ച് അവിടെ നിന്ന് പോയത് Lovers bridge ലേയ്ക്കാണ്. Lovers Bridge നെ സംബന്ധിച്ച് യൂറോപ്പിൽ ഒരു ചൊല്ലുണ്ട്. ഭാര്യാഭർത്താക്കന്മാരോ കാമുകികാമുകന്മാരോ ഒരുമിച്ച് ആ പാലത്തിന്റെ കൈവരികളിൽ പ്രത്യേക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ലോക്കും കീയുമായി വന്ന് ആ ലോക്ക് പൂട്ടി താക്കോൽ കായലിലേക്ക് വലിച്ചെറിയുക എന്നത് ഒരു ആചാരം പോലെ അനുഷ്ഠിച്ചു പോരുന്നു. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് അവർ ഒരിക്കലും തമ്മിൽ പിരിയുകയില്ല എന്ന വിശ്വാസം അവർ പുലർത്തിപോരുന്നു. ലക്ഷ കണക്കിനു പൂട്ടുകളാൽ ബന്ധിച്ച Lover Bridge ന്റെ കൈ വരികൾ കാണാൻ കൗതുകം തന്നെയാണ്. നെതർലാന്റിൽ കണ്ട മറ്റൊരു കാര്യം 600 കൊല്ലം

പഴക്കമുള്ള മരം കൊണ്ടുള്ള windmill. ഇന്ന് ലോകമെമ്പാടും നെതർലാൻസിലും ധാരാളം windmillകൾ എനർജി ഉൽപാദനത്തിനായി ഉപയോഗിക്കുന്നു. എന്നാൽ 600 കൊല്ലം മു



മ്പേ സമുദ്രനിരപ്പിൽ നിന്നും 2 മീറ്ററിലധികം താഴ്ചയുള്ള ഈ രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും സർവ്വസാധാരണമായിരുന്ന വെള്ളപ്പൊക്കസമയത്ത് മഴവെള്ളം കടലിലേയ്ക്കു ഒഴുക്കി കളയുന്നതിനാണ് ആദ്യകാലങ്ങളിൽ windmill ഉപയോഗിച്ചിരുന്നത്. ഞങ്ങളുടെ യാത്രയിൽ 100 കണക്കിന് ആധുനീകരിച്ചുള്ള windmill മില്ലുകൾ ഏക്കറുകണക്കിനു സ്ഥലങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് കാണുവാൻ കഴിഞ്ഞു. അതിനു ശേഷം വൈകുന്നേരം city centre ൽ ചെറിയ ഒരു Shopping കൂടി ഞങ്ങൾ നടത്തി.

അന്ന് എനിക്കും ജനാർദ്ദനനും ബാലഗോപാലിനും, ശ്യാംകുമാറിനും, അജിത്തിനും, രാജേന്ദ്രപ്രസാദിനും രാത്രി ഡിന്നർ മുരളിയുടെ മകന്റെ വീട്ടിൽ ആയിരുന്നു. കേരള രീതിയിൽ കഞ്ഞിയും ചമ്മന്തിയും ആസ്വദി



ച്ച് കഴിച്ചു. മറ്റുള്ളവർ ഹോട്ടലിൽ രാത്രി Dinner കഴിച്ചു. എല്ലാവരും റൂമിൽ തിരിച്ചെത്തി.

17-ാം തീയതി രാവിലെ പ്രഭാത ഭക്ഷണം കഴിഞ്ഞ് check out ഉം ചെയ്ത് Cologne നഗരത്തിലേക്ക് യൂറോപ്യൻ റോഡിലൂടെ യാത്ര ആരംഭിച്ചു. ഏകദേശം രണ്ടേമുക്കാൽ മണിക്കൂർ കൊണ്ട് 264 കിലോമീറ്റർ യാത്ര ചെയ്തു. റോഡിന്റെ ഇരുവശത്തും Rapeseed എന്നും canola എന്നും പേരുള്ള മഞ്ഞപൂക്കൾ വിരിഞ്ഞു നിൽക്കുന്ന ഫാമുകളുടെ പ്രത്യേകത എടുത്തു പറയേണ്ടതാണ്. കണ്ണിനു കുളിർമ നൽകുന്ന ഈ ചെടികൾ തന്നെയാണ് ഈ രാജ്യത്തെ പ്രധാന കൃഷി. യൂറോപ്യൻ ജനങ്ങൾ സാധാരണ ഉപയോഗിക്കുന്ന മുഖ്യ ഭക്ഷ്യ എണ്ണയുമിതാണ്.

തുടർന്ന് ഉച്ചഭക്ഷണം കഴിഞ്ഞ് കൊളോണിൽ നിന്നും 261 കിലോമീററർ ദൂരമുള്ള സ്വിററ്സർലന്റിലേക്ക് യാത്ര തുടർന്നു. Cologne Cathedral എന്ന അറിയപ്പെടുന്ന ലോകത്തിലുള്ള വലിയ പള്ളികളിൽ ഒന്നായ Gothic church ഈ യാത്രയിൽ സന്ദർശിച്ചു. പുരാതനമായ ഈ പള്ളിയുടെ നൂറ്റാണ്ടുകളു



ടെ പഴക്കമുള്ള കെട്ടിടങ്ങളും സ്ഥൂപങ്ങളും ഇന്നും സന്ദർശകർക്ക് ആസ്വാദ്യകരമായ രീതിയിൽ വൃത്തിയായും ഭംഗിയായും പരിചരിച്ച് കാത്തു സൂക്ഷിച്ചു പോരുന്നു എന്നത് എടുത്തു പറയേണ്ടതാണ്. വൈകുന്നേരം 7.30 മണിയോടുകൂടി ഭക്ഷണം കഴിഞ്ഞ് Heidelberg -ൽ ഒരു ദിവസത്തെ താമസത്തിനായി Michael Hotel heppenheim രാത്രി check in ചെയ്തു. അടുത്ത ദിവസത്തെ യാത്രയ്ക്കുള്ള തയ്യാറെടുപ്പോടെ 6-ാം ദിവസത്തെ യാത്ര പര്യവസാനിച്ചു.

*(തുടരും)*

*****

# കർമ്മോത്തേജനം

## ഡോ. കെ. ഹരിഹരൻ - 9847313322

ശക്തിയായി എരിയുന്ന ചൂളയിൽ രത്നങ്ങൾ വാർക്കപ്പെടുന്നു. ഒരു ചെറിയ പരമാണുവിന്റെ ഉള്ളിൽ വിദ്യുശ്ചക്തിയുടെ ബിന്ദുക്കൾ നർത്തനം നടത്തുന്നു. ഇങ്ങനെ പരമാണു തുടങ്ങി പരസഹസ്രം നക്ഷത്രമണ്ഡലം വരെ എവിടെയും ഒരൊഴിവും വീഴ്ചയുമില്ലാതെ കർമ്മകോലാഹലം നടന്നുകൊണ്ടിരിക്കുന്നു. ഈ ലോകമഹായന്ത്രത്തിൽ അതോടു കൂടി തിരിയുന്ന ഒരു കൊച്ചു പ്രാണിയാണ് മനുഷ്യൻ.

അവനും ഒരു യന്ത്രം തന്നെ. ഗർഭത്തിൽ നിന്നു തന്നെ മിടിക്കുന്ന ഹൃദയം മരണം വരെ മിടിച്ചുകൊണ്ടുതന്നെയിരിക്കും. ദേഹത്തിലാസകലം പടർന്നിട്ടുള്ള രക്തനാഡികളിൽ കൂടി രക്തം അതിവേഗത്തിൽ ഓടിക്കൊണ്ടിരിക്കുന്നു. അതിനപ്പുറമാണ് മനുഷ്യന്റെ വികാരങ്ങളുടേയും വിചാരങ്ങളുടേയും ഗതിവേഗം. എവിടെ നോക്കിയാലും ബാഹ്യലോകത്തിലും മാനസികലോകത്തിലും ഏതു നിമിഷവും അതിജാഗ്രമായ കർമ്മം തന്നെ. ആർക്കും ഒന്നിനും കർമ്മവലയത്തിൽ നിന്നും വിട്ടുമാറി നില്ക്കുവാൻ സാദ്ധ്യമല്ലെന്നു നാം കാണുന്നു.

നഹികശ്ചിത് ക്ഷണമപി
ജാതു തിഷ്ഠത്യ കർമ്മകൃത്
കാര്യതേ ഹ്യവശ കർമ്മ
സർവ്വ പ്രകൃതിജൈർഗ്ഗുണ ഗീത 3-5

ഭൗതിക പ്രകൃതിയുടെ ത്രിഗുണങ്ങളിൽ നിന്നുളവാകുന്ന വാസനകൾക്കനുസരിച്ച് ഓരോ മനുഷ്യനും കർമ്മം ചെയ്യാൻ നിർബന്ധിതനാണ്. ആർക്കും ഒരൊറ്റ നിമിഷം പോലും തന്താങ്ങളുടെ കർമ്മത്തിൽ നിന്നൊഴിഞ്ഞു നില്ക്കാനാവില്ല എന്ന് ഗീത നമ്മെ ഉത്ബോധിപ്പിക്കുന്നു.

കർമ്മകുശലനാണ് ലോകത്തിൽ വിജയം തേടുന്നത്. അവനവനുള്ള കർമ്മപദ്ധതി ഇന്നതാണെന്ന് ബുദ്ധിപൂർവ്വം നിർണ്ണയിച്ച് അതനുസരിച്ച് ജീവിതം നയിക്കലാണ് കർമ്മകുശലത. അതുകൊണ്ട് കർമ്മം ഒരു ആദ്ധ്യാത്മികപ്രശ്നം മാത്രമല്ല. ലോകത്തിൽ ശാന്തിയും സുഖവും വേണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. അതു രണ്ടും വിഭവസമൃദ്ധികൊണ്ടും ബുദ്ധിസാമർത്ഥ്യംകൊണ്ടും മാത്രം കയ്ക്കലാക്കാമെന്നുള്ള മോഹം വ്യാമോഹം വ്യഥാവിലാണ്. ജനങ്ങൾ സുഖത്തിനു വേണ്ടി കർമ്മങ്ങൾ ചെയ്യുന്നു. എന്നാൽ അവയിൽ നിന്നും സുഖം കിട്ടുന്നില്ല. ദുഖം ഉണ്ടാവുകയും ചെയ്യുന്നു. എന്നിട്ടും കർമ്മത്തിൽ നിന്നും അവർ പിന്മാറുന്നില്ല. കർമ്മത്തെപ്പറ്റി സൂക്ഷ്മമായറിഞ്ഞു, ബുദ്ധിപൂർവ്വം കർമ്മം ചെയ്യുന്നവനു മാത്രമെ ദുഖനിവൃത്തിയുള്ളൂ. ഒരു സാധാരണ മനുഷ്യന്റേയും ഒരു ജ്ഞാനിയുടേയും കർമ്മഗതി വ്യത്യസ്തമാണ്.

സാമാന്യമനുഷ്യൻ അജ്ഞാനം-അവിവേകം-അഭിമാനം-ശരീരപരിഗ്രഹകർമ്മം-ഫലം ദുഖം-ജ്ഞാനി-ജ്ഞാനം (അതിൽ നിന്ന്) കർമ്മവിവേകം (ധർമ്മബോധം)-യജ്ഞകർമ്മം-(ലോകസേവ)-ഫലം-സുഖം-കർമ്മം, അകർമ്മം എന്നിവ വേർതിരിച്ചറിയുന്നത് പ്രയോജനം ചെയ്യും. അതിശീഘ്രത്തിൽ തിരിഞ്ഞുകൊണ്ടിരിക്കുന്ന ഭൂമി അനങ്ങാതിരിക്കുന്നു എന്നാണ് നമുക്ക് തോന്നുന്നത്. സ്വസ്ഥാനം വിട്ടുമാറാത്ത സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതായി തോന്നുന്നു. തീവണ്ടിയിൽ സഞ്ചരിക്കുന്നവന്റെ ദൃഷ്ടിയിൽ വഴിവക്കത്തുള്ള വൃക്ഷങ്ങൾ ഓടുന്നു എന്നും, ദൂരെനിന്നു അതിശീഘ്രത്തിൽ വരുന്ന തീവണ്ടി അനങ്ങാതെ നില്ക്കുന്നു എന്നും തോന്നും. അതുകൊണ്ട് നമ്മുടെ സ്ഥൂലദൃഷ്ടിക്ക് കർമ്മം അകർമ്മമാണെന്നും അകർമ്മം കർമ്മമാണെന്നും ഉള്ള വ്യാമോഹം ഉണ്ടാകുന്നു എന്നു തീർച്ചയാണ്. അതിനാൽ ലൗകി

കവും ആത്മീയവുമായ വിജയവും സുഖവും ആശിക്കുന്ന മനുഷ്യൻ കർമ്മത്തിന്റെ സ്വഭാവം വക തിരിച്ചറിഞ്ഞ് അതിനെ അനുസരിച്ച് ജീവിതം നിയന്ത്രിക്കേണ്ടതാണ്.

വ്യാകരണ ശാസ്ത്രപ്രകാരം കർമ്മം അല്ലെങ്കിൽ ക്രിയ ബുദ്ധിപൂർവ്വമായി ചെയ്യേണ്ട പ്രവൃത്തിയെ സൂചിപ്പിക്കുന്നു. വൈദികാചാര്യന്മാർ കർമ്മത്തിന് വളരെ വ്യാപകമായ അർത്ഥം ആണ് കല്പിച്ചിട്ടുള്ളത്. കർമ്മ നിയമമനുസരിച്ച് വെറും സ്ഥൂലാവയവങ്ങളുടേയോ വസ്തുക്കളുടേയോ ചലനമോ സംഘട്ടനമോ മാത്രമല്ല അവരുടെ കർമ്മപദം വിവക്ഷിക്കുന്നത്.

മനുഷ്യന്റെ മനോക്ഷോഭങ്ങൾ, വിചാരങ്ങൾ എന്നിവയും കർമ്മങ്ങളാണെന്നു തന്നെയാണ് അവരുടെ ആശയം. എന്നുമാത്രമല്ല, മനുഷ്യനു മരണശേഷം സൂക്ഷ്മലോകങ്ങളിൽ വാസമുണ്ടെന്നും അതിനുശേഷം ജന്മമുണ്ടെന്നും അവർ വിശ്വസിച്ചിരുന്നു. ചുരുക്കത്തിൽ മനുഷ്യൻ സ്ഥൂലദേഹം കൊണ്ടെന്നപോലെ മനസ്സുകൊണ്ടും ജ്ഞാനേന്ദ്രിയങ്ങളേക്കൊണ്ടും കർമ്മങ്ങൾ ചെയ്യുന്നുണ്ടെന്നും അവയുടെ ഫലം ഭൗതികവും മാനസികവുമായ ജീവിതത്തെ യഥാകാലം ബാധിക്കുമെന്നും ഈ കർമ്മവിധികളിൽ വിവക്ഷയുണ്ട്. മനുഷ്യൻെറ മാനസിക സംസ്കാരത്തിനും ആത്മീയവികാസത്തിനും വേണ്ടി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണ് കർമ്മങ്ങൾ.

ചെയ്യപ്പെടുന്നതെല്ലാം കർമ്മം. കർമ്മം എന്ന വാക്ക് 'കൃ' എന്ന സംസ്കൃത ധാതുവിൽ നിന്നുണ്ടായതാണ്. 'കൃ' ധാതുവിന് ചെയ്യുക എന്നർത്ഥം. പ്രവൃത്തിയുടെ ഫലമെന്നും സാങ്കേതികമായി ഈ വാക്കിനർത്ഥമുണ്ട്. ഉരകല്ലിൽ അഗ്നി എന്നതുപോലെ ജ്ഞാനം മനസ്സിൽ സ്ഥിതിചെയ്യുന്നു. അതിനെ വെളിയിൽ കൊണ്ടുവരുന്ന സംഘർഷണം ആണ് (ബാഹ്യപ്രപഞ്ചത്തിൽ നിന്നുണ്ടാകുന്ന) സൂചന അഥവ പ്രേരണ. നമ്മുടെ സർവ്വ വികാരങ്ങളുടേയും പ്രവൃത്തികളുടേയും നില അതാകുന്നു. നമ്മുടെ കണ്ണീരും, പുഞ്ചിരിയും, ഹർഷവും, താപവും, ചിരിയും, കരച്ചിലും, ശാപവും, അനുഗ്രഹവും , സ്തുതിയും, നിന്ദയും ഇവ ഓരോന്നും ഓരോ ആഘാതങ്ങൾ നമ്മുടെ ഉള്ളിൽ നിന്നും പുറത്തു കൊണ്ടുവന്നിട്ടുള്ളതാണെന്ന് നാം ശാന്തമായി പരിശോധിച്ചാലറിയാം. അവയുടെ സംയുക്ത ഫലമാണ് നാം. ഈ ആഘാതങ്ങൾക്കു മൊത്തത്തിൽ കർമ്മം/പ്രവൃത്തി എന്നു പറയാം. കർമ്മം എന്ന പദത്തെ അതിന്റെ ഏറ്റവും വ്യാപകമായ അർത്ഥത്തിൽ എടുക്കുമ്പോൾ, ആത്മാവിന്റെ വീരാഗ്നിയെ തട്ടിയുണർത്തുന്നതിന് പര്യാപ്തമായി, അതിന്റെ സ്വതവേയുള്ള ശക്തിയും ജ്ഞാനവും പ്രകാശിപ്പിക്കുന്നതിന് സഹായകമായി, ആത്മാവിന് അനുഭവപ്പെടുന്ന മാനസികവും, കായികവും ആയ ഓരോ ആഘാതവും കർമ്മത്തിൽ ഉൾപ്പെടുന്നു. അങ്ങനെ നാം എല്ലാവരും സർവ്വസമയവും കർമ്മം ചെയ്തു കൊണ്ടിരിക്കുന്നു. ദേഹം കൊണ്ടോ മനസ്സു കൊണ്ടോ നാം എന്തൊക്കെ ചെയ്യുന്നുവോ അതൊക്കെ കർമ്മം തന്നെ.

ലോകത്തിൽ നാം കാണുന്ന സകല കർമ്മങ്ങളും മനുഷ്യസമുദായത്തിലെ സകല പ്രസ്ഥാനങ്ങളും നമുക്കു ചുറ്റുമുള്ള സകല പ്രവർത്തനങ്ങളും, വിചാരത്തിന്റെ ബാഹ്യ പ്രകടനം, മനുഷ്യന്റെ ഇച്ഛാശക്തിയുടെ ബഹിർപ്രകാശനം മാത്രമാകുന്നു. ഈ ഇച്ഛാശക്തിയെ സൃഷ്ടിക്കുന്നത് സ്വഭാവമാകുന്നു സ്വഭാവത്തെ കർമ്മവും. ഇച്ഛാശക്തിയുടെ പ്രകാശനവും മഹത്തായ ഇച്ഛാശക്തിയോടുകൂടി ലോകത്തുണ്ടായിട്ടുള്ളവയെല്ലാം വലിയ കർമ്മങ്ങളായിത്തീരുന്നു.

സ്വന്തം അദ്ധ്വാനം കൊണ്ട് സമ്പാദിക്കുന്നതല്ലാതെ യാതൊന്നും ആർക്കും ലഭിക്കുകയില്ല. ഇതൊരു ശാശ്വതമായ നിയമമാകുന്നു. ധനത്തിനു വേണ്ടി ഒരാൾ ജീവിതകാലം മുഴുവൻ പ്രയത്നിച്ചിരിക്കാം, അയാൾ അതിനു വേണ്ടി പലരേയും വഞ്ചിച്ചിരിക്കാം. എന്നാൽ തനിക്കു ധനികനാകാനുള്ള അർഹത ഇല്ല എന്ന് ഒടുവിൽ അയാൾ അറിയുന്നു. അയാൾക്കു ജീവിതം ഒരു ബുദ്ധിമുട്ടും ശല്യവുമായി പരിണമിക്കുന്നു. ശാരീരിക സുഖസൗകര്യങ്ങൾക്കായി സാധനസാമഗ്രഹികൾ സമ്പാദിച്ചുകൂട്ടിക്കൊണ്ടിരിക്കാൻ നമുക്കു കഴിഞ്ഞേ

ക്കാം. എന്നാൽ നാം നേടിയതു മാത്രമെ സ്വന്തമാവുകയുള്ളൂ.

സംഖ്യാദർശനപ്രകാരം പ്രകൃതി മൂന്നു ഗുണങ്ങൾ കൂടിച്ചേർന്നതാകുന്നു. അവയ്ക്ക് സംസ്കൃതത്തിൽ സത്വം, രജസ്സ്, തമസ്സ് എന്നു പറയുന്നു. അവ ഭൗതിക ലോകത്ത് പ്രത്യക്ഷമാകുന്നത് സമത, പ്രവൃത്തി, ജഡത എന്നീ രൂപങ്ങളിലാണെന്നു പറയാം. പ്രകാശരാഹിത്യവും പ്രവൃത്തിരാഹിത്യവും തമസ്സിന്റെ ലക്ഷണങ്ങളാണ്. ആകർഷണ വികർഷണ രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്ന കർമ്മോത്സുകത രജസ്സിന്റെ ലക്ഷണവും. ഈ രണ്ടിന്റേയും സമാവസ്ഥയാണ് സത്വം. ഓരോ മനുഷ്യരിലും ഈ മൂന്നു ശക്തികളുമുണ്ട്. ചിലപ്പോൾ തമസ്സ് മുന്നിട്ടു നില്ക്കും. അപ്പോൾ നാം അലസന്മാരായി തീരുന്നു. ചില വിചാരങ്ങൾ ഹേതുവായിട്ടോ, വെറും ജാഡ്യം നിമിത്തമോ നാം നിഷ്ക്രീയരാകാം. ചിലപ്പോൾ ഈ രണ്ട് അവസ്ഥകളുടേയും സാമ്യാവസ്ഥയായ ശാന്തതയും പ്രകാശിക്കുന്നു.

ഓരോ മനുഷ്യരിലും ഇതിലേതെങ്കിലും ഒരു ഗുണം മികച്ചു നിൽക്കും. ഒരാൾ പ്രകൃത്യാ മന്ദൻ, അലസൻ, നിഷ്ക്രിയൻ, മറെറാരാൾ, സ്വതവേ ഉത്സാഹശീലൻ, കർമ്മോത്സുകൻ, ഊർജ്ജസ്വലൻ വേറൊരാൾ കർമ്മത്തേയും അകർമ്മത്തേയും തുല്യാവസ്ഥയിൽ നിർത്തിയ ശാന്തൻ, സൗമ്യൻ. ഇങ്ങനെ ഈ വിധ ഗുണങ്ങളുടെ ഏറ്റക്കുറച്ചിലുകളോടു കൂടിയ സൃഷ്ടിയെല്ലാറ്റിലും മനുഷ്യരിലും മൃഗങ്ങളിലും ചെടികളിലും നമുക്ക് ദർശിക്കാം. അസൂയ, വെറുപ്പ്, ക്രോധം, ഭയം, കണ്ണുകടി, കാമം അഥവ മദം, ലോഭം, അഹങ്കാരം, പ്രലോഭനം തുടങ്ങിയ കുത്സിത വികാരങ്ങളും തോന്നലുകളും തന്നെയാണ് മനസ്സിലെ അഴുക്കുകൾ. ഇവയെല്ലാം ഉടലെടുക്കുന്നത് താഴ്ന്നതരം ഗുണവിശേഷങ്ങളായ രജോഗുണത്തിൽ നിന്നോ തമോഗുണത്തിൽ നിന്നോ ആകാം. അഴുക്കുകൾ മനസ്സിൽ അസ്വസ്ഥതയും അലട്ടും ഉണ്ടാക്കുന്നു, ആസക്തിയും വിദ്വേഷവും കുത്തി നിറച്ച് മനസ്സിന്റെ ശാന്തതയെ കവർന്നെടുത്തു ദൂരെ കളയുന്നു. മനസ്സിനെ നിയന്ത്രിക്കുന്നത് ക്ലേശകരമായ ഒരു കാര്യം തന്നെയാണ്. മനസ്സിനെ കുരങ്ങിനോടാണ് ഉപമിക്കാവുന്നത്. സ്വതവേ ഒരിടത്തും ഇരിപ്പുറയ്ക്കാത്ത ഒരു കുരങ്ങനുണ്ടായിരുന്നു, ആരോ അതിന് കുടിക്കാൻ കുറെ മദ്യവും കൊടുത്തു, കുരങ്ങന് മത്തുപിടിച്ചു ബഹളമായി. പോരാഞ്ഞ് ആ കുരങ്ങനെ ഒരു തേളും കുത്തി, പിന്നെ കുരങ്ങന്റെ കാര്യം പറയാനുണ്ടോ? സംഗതി കൂടുതൽ വഷളായി. നാശം മുഴുവനാക്കാനെന്നപോലെ ഒരു ചെകുത്താനും കുരങ്ങന്റെ ഉള്ളിൽ പ്രവേശിച്ചു. നിയന്ത്രിക്കാൻ അസാദ്ധ്യമായി തീർന്ന ആ കുരങ്ങന്റെ അവസ്ഥയാണ് പലപ്പോഴും മനുഷ്യമനസ്സ്. പ്രകൃത്യാ സദാസമയവും പ്രവർത്തന നിരതമായ മനസ്സ് ആഗ്രഹമാകുന്ന മദ്യപാനം ചെയ്ത് മത്തുപിടിച്ചതാകുന്നു. പിന്നെ ആകെ കുഴപ്പമാകുന്നു. ആഗ്രഹമില്ലെങ്കിൽ കാമം കൊണ്ട് കണ്ണുകാണാതാകുന്ന മനസ്സിൽ അസൂയയാകുന്ന ഒരു തേള് കുത്തുന്നു. മറ്റുള്ളവരുടെ വിജയത്തിൽ കണ്ണുകടി മൂക്കുന്ന മനസ്സിൽ ഒടുവിൽ ദുരഭിമാനത്തിന്റെ ചെകുത്താൻ കടന്നു കൂടുന്നു. അതൊടെ തന്നോളം പ്രാധാന്യം മറ്റൊരു വസ്തുവിനും ഇല്ല എന്ന് മനസ്സുറപ്പിക്കുന്നു. അത്തരത്തിലുള്ള ഒരു മനസ്സിനെ നിയന്ത്രിക്കാൻ വളരെ ശ്രമകരമായിരിക്കും.

വേദാന്തം പഠിപ്പിക്കുന്നത് ഇങ്ങനെയാണ്. രജോഗുണത്തിന് വിക്ഷേപശക്തിയുണ്ട്. ഈ വിക്ഷേപശക്തി എന്നു പറയുന്നത് പ്രവർത്തനശക്തി അടങ്ങിയതാണ്. ഇതിൽ നിന്നു തന്നെയാണ് പ്രവർത്തന ശക്തിയുടെ പ്രവാഹം ഉദ്ഗമിച്ച് പുറത്തേയ്ക്ക് ഒഴുകുന്നത്. ഇതിൽ നിന്നു തന്നെയാണ് ആസക്തിയും ദുഖവും തുടരെത്തുടരെ മനസ്സിൽ ഉളവാകുന്നതും.

ഒന്നിലധികം ആഗ്രഹങ്ങൾ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നാൽ മനസ്സ് നിയന്ത്രിക്കാൻ കഴിയാതാകും. മനസ്സ് നിർദ്ദേശങ്ങൾക്ക് വഴങ്ങുന്നതാണ്. നാമെന്തു പഠിപ്പിക്കുന്നുവോ അത് മനസ്സു പഠിക്കും. *(തുടരും)*

***

# കൈകേയി

അംബുജാക്ഷി. പി. – 9447577652

(തുടർച്ച)

കലങ്ങിമറഞ്ഞ ആ കണ്ണുകളിൽ നിന്ന് പ്രവഹിക്കുന്ന കണ്ണുനീരൊന്നും എന്റെ മനസ്സിനെ അലിയിച്ചില്ല. എനിക്ക് യാതൊരു അനുകമ്പയും തോന്നിയില്ല. അമ്മയുടെ ബാധയായിരിക്കാം, കാരണം വെറും നിലത്ത്, ബോധം മങ്ങിയും മറഞ്ഞും തെളിഞ്ഞും കിടന്നുരുണ്ടു വിലപിക്കുന്ന രാജാവിനെ ഞാൻ വീണ്ടും ഓർമ്മിപ്പിച്ചു.

'മഹാരാജൻ ആവശ്യപ്പെടുന്നതെന്തും തരാമെന്ന് സത്യം ചെയ്തതല്ലേ? എന്നിട്ടാണോ ഇങ്ങനെ ഉരുണ്ടുകളിക്കുന്നത്.? വാക്കു പാലിക്കാൻ ആവില്ലെങ്കിൽ അത് തുറന്നുപറയൂ. മാലോകർ അറിയട്ടെ. അദിതിയധർമ്മമായ സത്യം പാലിക്കാൻ അയോധ്യാധിപതിക്ക് പറ്റില്ലെന്ന്:–

'അല്ലെങ്കിൽ ഉടൻ രാമനെ വരുത്തൂ. ഭരതന് നാടും രാമന് കാടും കൊടുക്കൂ. കൗസല്യാ പുത്രനെ കാട്ടിലയച്ചാൽ ഞാനും എന്റെ മകനും ശത്രുക്കളില്ലാതെ നാടുവാഴും. വേഗമാകട്ടെ'.

ഇങ്ങനെ വാദപ്രതിവാദങ്ങളും കൽപനകളും അപേക്ഷയുമൊക്കെയായി നേരം പുലർന്നു. വന്ദികൾ സ്തുതിഗീതങ്ങൾ പാടി. അയോദ്ധ്യാ അഭിഷേകത്തിന്നണിഞ്ഞൊരുങ്ങി. വാദ്യഘോഷങ്ങൾ മുഴങ്ങി. എനിക്ക് സമയം നഷ്ടപ്പെടുത്താൻ വയ്യ. വീണ്ടും വീണ്ടും രാജാവിനെ ഓർമ്മപ്പെടുത്തിക്കൊണ്ടേയിരുന്നു.

'രാമനെ വേഗം വരുത്തൂ. എനിക്കു തന്ന വാക്കു പാലിക്കൂ. എന്നിട്ടുമതി അങ്ങയുടെ ദിനചര്യകൾ തുടങ്ങാൻ.'

'ഞാൻ സത്യപാശത്തിൽ കുടുങ്ങിയല്ലോ'

രാജാവ് ദീനം ദീനം വിലാപം തുടങ്ങി. 'എന്റെ ബുദ്ധിയും ഓർമ്മയും നശിച്ചുവല്ലോ. സ്ത്രീജിതനായ ഞാൻ രാജപദവിക്ക് അർഹനല്ലാതായി എന്തുചെയ്യണമെന്നറിയുന്നില്ല. എനിക്കെന്റെ ഉണ്ണിയെ, രാമനെ കാണണം. രാമാ....കുമാരാ നീയൊന്നിവിടെ വരൂ...'

പ്രഭാതമായിട്ടും മയക്കത്തിൽ നിന്നുണർന്നിട്ടില്ലാത്ത മഹാരാജാവിനെത്തേടി സുമന്ത്രർ എത്തി. ആഘോഷവേളയിലുള്ള ഈ ആലസ്യം മന്ത്രിയെ സംശയാലുവാക്കിയിരുന്നു. പരിജനങ്ങൾ മന്ത്രിയുടെ വരവറിയിച്ചപ്പോൾ രാജാവ് പ്രവേശനാനുമതി നല്കി.

അപ്പോഴും വന്ദികളുടെ സ്തുതിഗീതങ്ങൾ കേൾക്കാം. വിജയാശംസകളോടെ സുമന്ത്രർ രാജാവിനെ സമീപിച്ചു. രാജാവിന്റെ പാരവശ്യവും സങ്കടവും കണ്ടപ്പോൾ മന്ത്രി ഒന്നു പിൻവാങ്ങി. സംശയദൃഷ്ടിയോടെ എന്നെ ഒന്ന് അളന്നു. അതിൽ ഒരു കുറ്റപ്പെടുത്തലിന്റെ സൂചനയുണ്ടായിരുന്നുവോ. സുമന്ത്രർ പണ്ടേ അങ്ങനെയാണ്. ഒരു ഗൗരവപ്രകൃതം. എന്നെക്കാൾ മറ്റ് രണ്ട് രാജ്ഞിമാരോടാണ് ബഹുമാനം കൂടുതൽ.

ആ നോട്ടം അവഗണിച്ചുകൊണ്ടു തന്നെ ഞാൻ സുമന്ത്രരോട് പറഞ്ഞു.

'സുമന്ത്രരേ, അഭിഷേകത്തെച്ചിന്തിച്ച് അദ്ദേഹം രാത്രിമുഴുവനും ഉറങ്ങിയിട്ടില്ല. ഇപ്പോഴാകട്ടെ ക്ഷീണിച്ചുറങ്ങുകയാണ്. ഇടക്കിടക്ക് രാമനെ കാണണം എന്ന് പറയുന്നുണ്ടായിരുന്നു. അങ്ങ് ഉടൻതന്നെ രാമനെ കൂട്ടിക്കൊണ്ടു വരൂ.' എന്റെ വാക്കുകളിൽ ആജ്ഞയുടെ ശക്തിയുണ്ടായിരുന്നുവോ എന്ന് ഞാൻ സംശയിച്ചു.

"ദേവീ, ഞാൻ അയോദ്ധ്യാ ചക്രവർത്തിയുടെ അമാത്യനാണ്. അല്ലാതെ കേകയ...."അദ്ദേഹം വാക്കുകൾ നിയന്ത്രിച്ചു. ബാക്കി പറയാതെ പറയാൻ ഉദ്ദേശിച്ചത് എന്താണെന്ന് എനിക്കറിയാം. വീണ്ടും സാമന്തപദത്തിന്റെ കുത്തേറ്റ് ഞാൻ പുളഞ്ഞു.

സുമന്ത്രർ തുടർന്നു. 'മഹാരാജാവിന്റെ കല്പനയില്ലാതെ ഞാൻ എങ്ങനെയാണ് യുവരാജ പദവിയിലേക്കെത്തുന്ന കുമാരനെ ആനയിക്കുന്നത്.'

സുമന്ത്രർക്ക് അതിസമർത്ഥമായി വാക്കുകൾ പ്രയോഗിക്കാനറിയാം. അത് എന്നോടാകുമ്പോൾ തീഷ്ണത കൂടുമെന്നേയുള്ളൂ. എന്നെപ്പറ്റി പരാമർശിക്കുമ്പോഴൊക്കെ അമ്മയുടെ മകൾ എന്നൊരു പദവിയും ചാർത്താറുണ്ടെന്ന് ദാസിമാർ പറയുന്നു.

'സുമന്ത്രരേ' ക്ഷീണിച്ച ശബ്ദത്തിൽ രാജാവ് അമാത്യനെ വിളിച്ചു. 'എനിക്ക് രാമകുമാരനെ കാണണം.'

എന്തോ പന്തികേടുണ്ട്. സുമന്ത്രർ സംശയിച്ചു. ഒരു തീക്ഷ്ണമായ നോട്ടം എന്റെ നേരെ എറിഞ്ഞു കൊണ്ട് സുമന്ത്രർ രാമമന്ദിരത്തിലേക്ക് പോയി.

ഗോപുരദ്വാരങ്ങളിൽ അഭിഷേകത്തിനെത്തിയ രാജാക്കന്മരുടേയും അതിഥികളുടേയും മഹാജനങ്ങളുടേയും ആഹ്ലാദകോലാഹലം കേൾക്കാം.

'ഞങ്ങൾ വന്ന വാർത്ത രാജാവിനെ ഉണർത്തിക്കൂ. അഭിഷേകസാമഗ്രികൾ ഒരുങ്ങിയല്ലോ. എന്താണ് തിരുമേനി എഴുന്നള്ളാൻ മടിക്കുന്നത്.'

അതുകേട്ട് സുമന്ദ്രർ വീണ്ടും രാജമന്ദിരത്തിലേക്ക് പോയി. മഹാരാജാവിനെ വണങ്ങി, അതിഥികളുടെ ആവശ്യം ഉന്നയിച്ചു.

'രഘുവംശതിലകമായ മഹാരാജാവേ, ബ്രാഹ്മണശ്രേഷ്ഠന്മാരും സേനാനായകന്മാരും എല്ലാം എത്തിക്കഴിഞ്ഞു. അങ്ങയുടെ ദർശനത്തിന്നായി അവർ കാത്തു നില്ക്കുന്നു. അങ്ങുതന്നെ നേരിട്ടു വേണ്ട നിർദ്ദേശങ്ങൾ അവർക്ക് നല്കിയാലും.'

രാമനെ കൊണ്ടുവരാനല്ലേ ഇവൾ പറഞ്ഞത്. ഭവാനും എന്റെ നിയോഗം അനുസരിക്കാതായോ? വേഗം ഉണ്ണിയെ വരുത്തൂ.

എന്തോ അപായ സൂചനയുണ്ടെന്ന പോലെ വീണ്ടും എന്നെയൊന്നു നോക്കി സുമന്ത്രൻ പിൻവാങ്ങി. പിന്നെ, തല താഴ്ത്തിക്കൊണ്ട് രാമമന്ദിരത്തിലേക്ക് നടന്നു.

അഭിഷേക മഹോത്സവത്തിന്റെ ആഘോഷാരവങ്ങൾ എന്നെ അലോസരപ്പെടുത്തുന്നുണ്ടായിരുന്നു.

അല്പസമയം കഴിഞ്ഞ് ശ്രീരാമചന്ദ്രൻ ദശരഥമന്ദിരത്തിൽ എത്തി. പള്ളിമഞ്ചത്തിൽ ജീവസ്സറ്റ മുഖത്തോടെയിരിക്കുന്ന അച്ഛനെ നമസ്കരിച്ചു. തുടർന്ന്, എന്റെ കാല്കലും.

'കുമാരാ ....മഹാരാജാവിന്റെ കണ്ണീരാണ് പിന്നെ സംസാരിച്ചത്. അച്ഛന്റെ കണ്ണീർ മകനെ ചിന്താകുലനാക്കി. എന്തിനാണച്ഛൻ വിലപിക്കുന്നത്? അച്ഛൻ ധീരനല്ലേ? എന്തുകൊണ്ടാണിങ്ങനെ കണ്ണീർ പൊഴിക്കുന്നത് ? ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് രാമൻ ചോദിച്ചു.

'അച്ഛാ, എത്ര അസ്വസ്ഥനായാലും അങ്ങ് എന്നെ കാണുമ്പോൾ ആലിംഗനം ചെയ്ത് ശിരസ്സിൽ നുകരാറുണ്ടല്ലോ. ഇന്നെന്താണ് ഈ ഭാവമാറ്റത്തിന് കാരണം.?'

ഒരു വാക്കുപോലും ഉച്ചരിക്കാനാവാതെ കണ്ണീർ വീഴ്ത്തിക്കൊണ്ടിരിക്കുന്ന ആ നരപതിയോട് രാമൻ ചോദ്യം ആവർത്തിച്ചുകൊണ്ടേയിരുന്നു.

ആ രംഗം നീട്ടിക്കൊണ്ടുപോകാൻ താല്പര്യമില്ലാത്തതുകൊണ്ട് ഞാൻ പറഞ്ഞു.

'കുമാരാ, രാജാവിന്റെ ദു:ഖത്തിനുകാരണം നീയാണ്, നീ മാത്രം.'

'അമ്മേ', കുമാരൻ ഒന്നു ഞെട്ടി.' ഞാനോ?' ഒന്നു നിർത്തിയശേഷം കുമാരൻ തുടർന്നു. എന്റെ മാതാപിതാക്കൾക്കോ രാജ്യത്തിനോ പ്രജകൾക്കോ അയോധ്യയിലെ പക്ഷിമൃഗാദികൾക്കുപോലുമോ അഹിതമായി ഞാനൊന്നും ചെയ്തിട്ടില്ലല്ലോ. പറയൂ അമ്മേ ഞാനേന്തു കുറ്റമാണ് ചെയ്തത്. അറിഞ്ഞുകൊണ്ട് ഒന്നും ഞാൻ ചെയ്തിട്ടില്ല. ഇനി അറിയാതെ ചെയ്തതാണെങ്കിൽ പോലും അതിന് എന്നെ ശിക്ഷിക്കാം. എന്റെ ജീവൻപോലും അച്ഛന് കാഴ്ചവെക്കാം. ആജ്ഞാപിക്കൂ. അമ്മക്ക് അച്ഛന്റെ ശ്വാസത്തിന്റെ അർത്ഥം പോലും അറിയാമല്ലോ? പറയൂ അമ്മേ

'ഉണ്ണീ, നിന്റെ പിതാവ്, അയോധ്യാമഹാരാജാവ് എനിക്ക് രണ്ടു വരങ്ങൾ തന്നിട്ടുണ്ട്. വളരെക്കാലങ്ങൾക്കുശേഷം, ഇന്ന് ഞാൻ അത് ആവശ്യപ്പെട്ടു.'

'അമ്മേ എന്താണ് ആ വരങ്ങൾ എന്നോടു പറയാമോ?'

ആ നിഷ്കളങ്കതയുടെ മുമ്പിൽ ഞാനൊന്നു പകച്ചു. എന്നാലും ധൈര്യം സംഭരിച്ച് പറഞ്ഞു.

ഉണ്ണീ, ഇതാണ് എന്റെ ആവശ്യങ്ങൾ ഒന്ന് ഭരതന്റെ അഭിഷേകം. രണ്ടാമത്തേത് നിന്റെ വനവാസം. ഇത് പറയാൻ വയ്യാത്തതുകൊണ്ടാണ് മഹാരാജാവ് ഇങ്ങനെ കണ്ണീ

രൊലിപ്പിച്ച് ഭീരുവിനെപ്പോലെ തലതാഴ്ത്തിയിരിക്കുന്നത്. അധർമ്മത്തിൽ അസത്യത്തിൽ വീണ രാജാവിനെ നീ രക്ഷിക്കണേ. നിന്റെ സത്യം രാജാവിനേയും രാജവംശത്തേയും രക്ഷിക്കട്ടെ'.

വാക്കുകൾക്ക് കടുപ്പം കൂടിയെന്നറിയാമയിരുന്നു. എന്നിട്ടും ഞാൻ പിൻവാങ്ങിയില്ല.

എന്റെ വാക്കുകൾ കേട്ടിട്ടും കുമാരന്റെ മുഖത്ത് ഒരു ഭാവവ്യത്യാസവും കണ്ടില്ല. ഉണ്ണി പറഞ്ഞു.

'അമ്മേ ഭരതൻ നാടുവാഴട്ടെ, ഞാൻ കാടും. അച്ഛനെ ശുശ്രൂഷിക്കണേ...അതാണല്ലോ അമ്മയുടെ അക്ഷയധർമ്മം.' ഉണ്ണി തിരിഞ്ഞു നടന്നു.

*(തുടരും)*

# എറണാകുളം കരയോഗം

## ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ

## ആഗസ്റ്റ് - സെപ്റ്റംബർ 2022

| | | | | |
|---|---|---|---|---|
| 1 | 21-08-2022 | ഞായർ | സാംസ്കാരിക വേദി - സംഗീതം | 4.00 pm |
| 2 | 30-08-2022 | ചൊവ്വാ | ബീം - നാടകം - **ഇസ** | 6.15 pm |
| 2. | 13-08-2022<br>20-08-2022<br>27-08-2022<br>03-09-2022 | ശനി | വേദാന്ത പഠന ക്ലാസ്സ് - ശ്രീമദ് ഭഗവത്ഗീത - ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 3. | 17-08-2022<br>24-08-2022<br>31-08-2022<br>07-09-2022 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 4. | 11-08-2022<br>18-08-2022<br>25-08-2022<br>01-09-2022 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |

# എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്

## 2022 ജൂലൈ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | പത്മാവതി അനന്തരാമൻ, പിതൃസ്മരണ, ശ്രീകണ്ഠത്ത് റോഡ്, കൊച്ചി - 16 | 10,000/- |
| 2. | കെ.ജി. ശ്രീകുമാർ, മുല്ലയിൽ, എൻ.എസ്.എസ്. കരയോഗം അരൂകുറ്റി | 9,280/- |
| 3. | പത്മജ എസ്. മേനോൻ, പത്മശ്രീ, KV - 24 പനമ്പിള്ളി നഗർ കൊച്ചി - 36 | 8,000/- |
| 4. | രാജേന്ദ്രപ്രസാദ്, 7 B Regent Gardens, Hospital Road, Ernakulam | 5,262/- |
| 5. | കെ.പി. കൃഷ്ണകുമാർ, C-1, Kailash, 1st cross street, AGS Colony Beach Layout, Kottivakkam, Chennai - 600041 | 5,000/- |
| 6. | പ്രീത പി. മേനോൻ, നെടുവേലിൽ പത്മ വിഹാർ, ലായം റോഡ്, | 5,000/- |

# കേരളത്തിലെ കലകൾ

**വിദ്വൽപ്രഭ. ജെ. എസ്**

*(തുടർച്ച)*

## കൂടിയാട്ടം

**വ**ഴക്കം പോലെതന്നെ കൂടിയാട്ടത്തിന്റെ ഖ്യാതിയും അത്ഭുതാവഹമാണ്. കേരളത്തിലെ മിക്ക അമ്പലങ്ങളിലും കൂത്തമ്പലങ്ങളുണ്ടായിരുന്നു. അവയൊക്കെ കൂത്തിനും കൂടിയാട്ടത്തിനും വേണ്ടി നിർമ്മിക്കപ്പെട്ടവയാണ്. രാജാക്കന്മാരുടെ പിന്തുണ ഇവയ്ക്കൊക്കെ വേണ്ടുവോളം ലഭിച്ചിരുന്നു.

അസംഖ്യം സംസ്കൃതനാടകങ്ങൾ ക്ഷേത്രങ്ങളിൽ പണ്ട് അരങ്ങേറിയിരുന്നു. അവ രാമായണം, മഹാഭാരതം എന്നീ ഗ്രന്ഥങ്ങളെ അവലംബിച്ചുള്ളവയായിരുന്നു.

ധനഞ്ജയവും, സംവരണവും ഭാരതകഥയെ ആസ്പദമാക്കിയുള്ള രണ്ടു നാടകങ്ങൾ, ഭാഗവതത്തെ ആസ്പദമാക്കി ബാലചരിതം ഇവ വളരെ പ്രചാരത്തിലുണ്ടായിരുന്നവയാണ്.

മത്തവിലാസപ്രഹസനം, കല്യാണ സൗഗന്ധികം, ദൂതവാക്യം തുടങ്ങിയവയും നടത്തിയിരുന്നു. ആദർശത്തിലും അഭിനയപ്രകാരത്തിലും വൈചിത്ര്യമുള്ള ഈ വക ദൃശ്യ പ്രയോഗങ്ങളിൽ ഏതാനും ചില അങ്കങ്ങൾ മാത്രമേ ഇപ്പോൾ കൂടിയാടാറുള്ളൂ. ആട്ടപ്രകാരമെന്നും, ക്രമദീപികയെന്നും തമിഴെന്നും കൂടിയാട്ടത്തിന്റെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയ മൂന്നിനം ഗ്രന്ഥങ്ങൾ ഇന്നും സൂക്ഷിച്ചു വച്ചിട്ടുണ്ട്.

മഹാകവി കാളിദാസൻ മാളവികാഗ്നിമിത്രനാടകത്തിൽ നാട്യം ദേവന്മാർക്കുള്ള ഒരു ദൃശ്യയജ്ഞമാണ് എന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ യജ്ഞതുല്യമായി ക്ഷേത്രങ്ങളിൽ വച്ചു നടത്തി വരുന്ന ഈ കൂടിയാട്ടത്തിലെ ഋത്വിക്കുകൾ ചാക്യാന്മാരും, നമ്പ്യാന്മാരും അവരുടെ സ്ത്രീകളായ നങ്ങ്യാന്മാരുമാണ് ചെയ്തിരുന്നത്. അഭിനയത്തിനു ചാക്യാർ, കൊട്ടുവാൻ നമ്പ്യാർ, പാടുവാൻ നങ്ങ്യാർ ഇതാണു ക്രമം. സ്ത്രീവേഷം കെട്ടുന്നതും നങ്ങ്യാർ തന്നെ.

സ്ത്രീകൾ തന്നെ സ്ത്രീവേഷം സ്വീകരിയ്ക്കുന്ന പതിവു കേരളത്തിൽ പണ്ടുകാലം മുതൽക്കേ ഉള്ളതാണ്. നാട്യശാസ്ത്രവിധിയും അതാണ്. പുരുഷവേഷം, ശൂർപ്പണഖയെപ്പോലെ സുകുമാരമല്ലാത്ത സ്ത്രീ വേഷവും ചാക്യാർ സ്വീകരിച്ചിരുന്നു. നായികാവേഷം നങ്ങ്യാർ ചെയ്തിരുന്നു. കുഴിത്താളം പിടിയ്ക്കുക, ഗീതങ്ങൾ പാടുക ഇതു രണ്ടുമാണ് നങ്ങ്യാന്മാരുടെ സാധാരണപ്രവൃത്തികൾ. സദസ്യർക്ക് കഥാപരിചയം വരുത്തിക്കൊടുക്കുക, ചുട്ടികുത്തുക, വേഷം കെട്ടുക, ഇങ്ങനെ നമ്പ്യാർക്കു വാദ്യത്തിനു പുറമേ മറ്റു പ്രവൃത്തികളുമുണ്ട്.

മിഴാവ്, കുഴിത്താളം, ഇടയ്ക്ക, കുഴൽ, ശംഖ്, ഈ അഞ്ചു വാദ്യങ്ങൾ കൂടിയാട്ടത്തിൽ ഉപയോഗിക്കുന്നു. അതിൽ മിഴാവാണ് പ്രധാനം. മിഴാവ് എന്നത് വലിയൊരു കുടമാണ്. ചെമ്പുകൊണ്ടോ, ഓടുകൊണ്ടോ. കരിങ്കല്ലുകൊണ്ടോ മിഴാവ് നിർമ്മിയ്ക്കാമത്രേ. ചെമ്പുമിഴാവാണ് ഇപ്പോൾ കണ്ടുവരുന്നത്. മിഴാവിന്റെ വലിപ്പമനുസരിച്ച് ശബ്ദത്തിന് ഗാംഭീര്യം കൂടും.

പദ്യങ്ങളുടെ ഉച്ചാരണം പോലെ രാഗനിയമവുമുണ്ട്. നായകഭേദവും. സന്ദർഭവുമനുസരിച്ച് രാഗവ്യവസ്ഥ ചെയ്തിരിക്കുന്നു. ഇന്ന് ആ രാഗങ്ങൾ വിരളമായാണ് ഉപയോഗിച്ചു കാണുന്നത്.

കഥാപാത്രത്തിനനുസൃതമായി അഭിനയശൈലിക്കു മാറ്റം വരുന്നു. സുഗ്രീവന്റെ കഥാപാത്രത്തിനെ രംഗത്തു കാണിക്കുമ്പോൾ അംഗാഭിനയത്തിനാണ് പ്രാധാ

ന്യം. ബാലിയെ വരച്ചു കാട്ടുമ്പോൾ വ്യത്യസ്ഥമാകണം. ചേഷ്ഠകൾ കണ്ട് കാണികൾ കഥാപാത്രത്തെ ആസ്വദിയ്ക്കുന്നു. വാക്കിനെക്കാൾ പ്രാധാന്യം ആംഗ്യത്തിനാണ്. സാധാരണ സംഭാഷണത്തിലും ആംഗ്യഭാഷക്ക് പ്രസക്തിയുണ്ട്. ചാക്യാത്മാരുടെ അപാര സിദ്ധിയാണ് ആംഗ്യാഭിനയം.

ശ്ലോകാഭിനയം മറ്റൊരു സമ്പ്രദായമാണ്. ശാകുന്തളാദികളായ പണ്ടത്തെ സംസ്കൃതനാടകങ്ങളെല്ലാം ഈ രീതിയിൽ അഭിനയിച്ചവയാണ്. അവയുടെ രചനാവൈഗ്ദ്ധ്യം നാട്യശാസ്ത്രവിധികളും കൂടിയാട്ട സമ്പ്രദായവും ഒന്നിച്ചു കോർത്തിണക്കിയവാണ്.

സാധാരണയായി സുഹൃദ്സംഭാഷണത്തിൽ ഒരാൾ സ്വന്തം അനുഭവകഥ പറയുമ്പോൾ മറ്റേയാൾ അതിനുസാമ്യമുള്ള അനുഭവം പങ്കു വയ്ക്കും. അതുപോലെ നായകൻ സ്വന്തം കാര്യം പറഞ്ഞു തുടങ്ങിയാൽ വിദൂഷകൻ അയാളുടെ കാര്യം പറയും. നായക ശ്ലോകത്തിലെ ആശയം, ശബ്ദം, രചന ഇവയ്ക്കു സാമ്യമുള്ള പ്രതിശ്ലോകങ്ങളാണ് ചൊല്ലുക. ധാരാളം മണിപ്രവാളപദ്യങ്ങൾ ഇവയ്ക്ക് ഉപയോഗിക്കും. ഇവയൊക്കെ മലയാള സാഹിത്യത്തിന് ഒരു മുതൽ കൂട്ടാണ്.

വികാരങ്ങളേയും വിചാരങ്ങളേയും മുഖസ്തോഭംകൊണ്ട് പ്രകാശിപ്പിക്കുന്നതാണ് സാത്വികാഭിനയമെന്നറിയപ്പെടുന്നത്.കൂടിയാട്ടത്തിൽ സാത്വികാഭിനയം പ്രാധാന്യമേറിയതാണ്. ധനഞ്ജയത്തിൽ ആശ്രമവർണ്ണനാപരമായ 'ശിഖിനിശലഭ' എന്ന ശ്ലോകത്തിന്റെ അഭിനയം ഗംഭീരമാണ്. ആശ്രമപ്രദേശത്തിലെ വിവിധ കാഴ്ചകൾ കണ്ണ്, പുരികം, ചുണ്ട്, കവിൾ എന്നിവ മാത്രം ഉപയോഗിച്ച് തന്മയത്വത്തോടുകൂടിയാണ് അഭിനയിച്ചു ഫലിപ്പിക്കുന്നത്.

ആഹാര്യാഭിനയത്തിൽ വേഷവിധാനവും, രംഗസംവിധാനവും ഗംഭീരമാക്കുന്നു. ചുട്ടി, കിരീടം, ഉടുത്തുകെട്ട് ഇവയൊക്കെ മിതമായ രീതിയിൽ ഉപയോഗിച്ചിരുന്നു. എന്നാൽ കഥകളിയിൽ രാജാക്കന്മാരുടേയും പ്രഭുക്കന്മാരുടേയും ധനസ്ഥിതിക്കനുസരിച്ച് മാറ്റുകൂട്ടി ഉപയോഗിക്കുന്നു.

അരി, മഞ്ഞൾ, മനയോല, പാള തുടങ്ങിയ പ്രാദേശികവസ്തുക്കളാണ് ചാക്യാർ ഉപയോഗിച്ചിരുന്നത്. ഇവകൊണ്ട് അത്ഭുതകാഴ്ചകൾ സൃഷ്ടിയ്ക്കാൻ രംഗസവിധാനത്തിലൂടെ കഴിഞ്ഞു. പറക്കുക, ആകാശത്തിൽ നിന്നു വീഴുക ഇവയൊക്കെ അതിശയാവഹമായി അവതരിപ്പിക്കുന്നു.

നാഗാനന്ദത്തിലെ ഒരങ്കം അഭിനയിക്കുന്നതിനു പറക്കുംകൂത്ത് എന്ന പേർ തന്നെ പ്രസിദ്ധമാണ്. ചരടുപിടിയ്ക്കുന്ന നമ്പ്യാരുടെ കയ്യിലാണ് പറക്കും കൂത്തിന്റെ വിജയം നിക്ഷിപ്തമായിരിക്കുന്നത്. നമ്പ്യാർ വലിക്കുന്ന ചരടിനനുസരിച്ചാണ് ചാക്യാരുടെ ഓരോ അവയവവും ചലിക്കുക. നമ്പ്യാരുടെ കയ്യിലാണ് ചാക്യാരുടെ ജീവൻ എന്നുസാരം. ജീവൻ പണയം വച്ചുള്ള കളിയാണ്. കുഞ്ചൻനമ്പ്യാരുടെ കാലശേഷം പറക്കുംകൂത്ത് ഉണ്ടായിട്ടില്ലത്രേ.

2001-ൽ UNESCO അംഗീകരിച്ച ശ്രേഷ്ഠകലയാണ് കൂടിയാട്ടം. മലയാളിയുടെ അഭിമാനത്തെ വാനോളം ഉയർത്തിയ ഒന്നായിരുന്നു ആ സംഭവം. ലോകപൈതൃകമായി അംഗീകരിച്ച ഭാരതീയനൃത്തരൂപം കൂടിയാണ് കൂടിയാട്ടം.

മംഗളാലങ്കാരങ്ങളാൽ അലംകൃതമായ വേദിയിൽ വലിയൊരു നിലവിളക്കിന്റെ മുമ്പിലാണ് ചാക്യാരുടെ അഭിനയം. ഓരോ വേഷത്തിനും പ്രഥമപ്രവേശത്തിൽ മാത്രം ചെറിയ ഒരു തിരശ്ശീല പിടിക്കുക പതിവുണ്ട്. ഇതെല്ലാം കൂട്ടിച്ചേർത്തു പറയുകയാണെങ്കിൽ അണിയറയുടെ മുമ്പിൽ സമചതുരത്തിൽ സാമാന്യം വലിപ്പത്തിലൊരു രംഗമണ്ഡപം. ആളിക്കത്തുന്ന നിലവിളക്കിനുമുമ്പിൽ ചാക്യാന്മാർ നാട്യശാസ്ത്രം വിധിയനുസരിച്ച് അഭിനയിക്കുന്നു. നങ്ങ്യാർ കുഴിത്താളം പിടിക്കുകയും പാടുകയും ചെയ്യുന്നു.

വാചികം, ആംഗികം, സാത്വികം, ആഹാര്യം എന്നിങ്ങനെ നാലു വക അഭിനയങ്ങളാണ് ഒത്തു ചേരുക. നാടകത്തിലെ

ഗദ്യങ്ങളും, പദ്യങ്ങളും ഉചിതമായി ചൊല്ലുന്നതിനെയാണ് വാചികാഭിനയം എന്നു പറയുന്നത്. ശിരസ്സു മുതൽ പാദം വരെയുള്ള എല്ലാ പ്രധാനാംഗങ്ങളും പുരികം, കൺപോള, കൃഷ്ണമണി മുതലായ ഉപാംഗങ്ങളും ഉപയോഗിച്ച് നിർവ്വചിക്കേണ്ടുന്ന അഭിനയം ആംഗികാഭിനയം രസഭാവാദികളുടെ സ്തോഭം വരുന്നത് സാത്വികാഭിനയം. വേഷവിധാനവും രംഗപരിഷ്ക്കരണവും ആഹാര്യാഭിനയത്തിലുൾപ്പെടുന്നു.

അഭിനയത്തിന് ശോഭാതിശയം ജനിപ്പിക്കുന്നതിൽ നൃത്തഗീതവാദ്യങ്ങൾക്ക് സജീവമായ പങ്കുണ്ട്. വാചികാദികളായ നാലു തരം അഭിനയങ്ങളുടെ വേണ്ടവിധത്തിലുള്ള സംയോജനമാണ് കൂടിയാട്ടം.

നാടകാഭിനയത്തിൽ പറയുന്ന വാക്കുകളാണല്ലോ വാചികാഭിനയത്തിന്റെ വിഷയം. കവികളുടെ രചനയ്ക്കു വിഷയമായിട്ടുള്ള ആ വക വാക്കുകളുടെ ഉച്ചാരണത്തിൽ സാങ്കേതികങ്ങളായ പല വ്യവസ്ഥകളും നടന്മാർ അനുസരിക്കേണ്ടതായിട്ടുണ്ട്.

ഗദ്യമയാലും പദ്യമായാലും വാക്കുച്ചരിക്കുന്നത് വളരെ സാവധാനത്തിലും പ്രത്യേക സ്വരത്തിലും അപൂർവ്വമായ ഒരു സമ്പ്രദായത്തിലുമാണ്. ബ്രാഹ്മണർ വേദം ചൊല്ലുന്നത് അസാധാരണായ ഒരു ശൈലിയിലാണ്. അതുപോലെയാണ് ചാക്യാന്മാർ വാക്കുച്ചരിയ്ക്കുന്നതും 'ദേ വ' എന്ന ഒരു സംബോധനയാണ് അവർ ഉച്ചരിയ്ക്കുന്നതെന്നിരിക്കട്ടെ ആദ്യം 'ദേ എന്നു തുടങ്ങി അതിലെ 'എകാരം' ഉദാത്താനുദാത്തസ്വരിതങ്ങളെ ഓളം വെട്ടിച്ചുകൊണ്ട് നീട്ടി ചൊല്ലുന്നു. അതിന്റെ അവസാനത്തിൽ 'വാ' എന്ന് അതിവ്യക്തമായി ഉച്ചരിച്ച് നിർത്തുന്നു. ആസ്വാദകവൃന്ദത്തിന് ശബ്ദശ്രവണവും അർത്ഥബോധവും ഉളവാക്കാൻ ഉച്ചാരണത്തിലെ ഈ അപൂർവ്വസ്വരത്തിനും അക്ഷരസ്ഫുടതയ്ക്കും സാദ്ധ്യമാണ്.

സംസ്കൃതവും മലയാളവും പ്രാകൃതഭാഷയും ഉൾപ്പെടുത്താറുണ്ട്.

തുടരും

# എൽഡർ സിറ്റിസൺ ഫോറം വാർഷികാഘോഷം

എറണാകുളം കരയോഗം എൽഡർ സിറ്റിസൺ ഫോറം 24-ാമത് വാർഷികാഘോഷപരിപാടികൾ 28-7-2022 രാവിലെ 10.00 മണിക്ക് കൂടിയ യോഗത്തിൽ എറണാകുളം കരയോഗം പ്രസിഡണ്ട് ശ്രീ ആലപ്പാട്ട് മുരളീധരൻ നിലവിളക്കു കൊളുത്തി ഉൽഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശ്രീ. പി. രാമചന്ദ്രൻ (വേണു) മുഖ്യപ്രഭാഷണം നടത്തി. കൺവീനർ ശ്രീ. ശ്രീകുമാർ മുഖ്യ അതിഥികൾക്കും മറ്റുള്ളവർക്കും സ്വാഗതമാശംസിക്കുകയും വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസ രംഗത്ത് ഉയർന്ന മാർക്ക് നേടിയ 3 പ്രതിഭകളെ സദസ്സിൽ വെച്ച് ക്യാഷ് അവാർഡ് നല്കി അഭിനന്ദിച്ചു.

80 കഴിഞ്ഞ മുതിർന്ന പൗരന്മാരെ കരയോഗം ജന.സെക്രട്ടറിയും പ്രസിഡണ്ടും ചേർന്ന് പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

വാർഷികത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനം കരയോഗം പ്രസിഡണ്ട് നിർവ്വഹിച്ചു. പ്രൊഫ. സുമംഗലാ ദേവി ചടങ്ങിനെ നിയന്ത്രിക്കുകയും ശ്രീ. എം.ശ്രീവല്ലഭൻ നായർ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് അംഗങ്ങളുടെ വിവിധ കലാപരിപാടികളും അരങ്ങേറി. അംഗങ്ങൾ അവതരിപ്പിച്ച വിവിധകലാപരിപാടികൾ 4.00 മണി വരെ തുടർന്നു. അങ്ങനെ ഈ വർഷത്തെ ആഘോഷപരിപാടികൾക്ക് ശ്രീമതി കല്പകവും സംഘവും അവതരിപ്പിച്ച് ദേശീയഗാനാലാപനത്തോടുകൂടി തിരശീല വീണു.

# പാതഞ്ജലയോഗ ദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി – 9447077203

സതി മൂലേ തദ്വിപാകോ ജാത്യായുർ ഭോഗ

വേര് (മൂലം) നില നില്ക്കുമ്പോൾ ജന്മം. ആയുസ്സ്, സു:ഖദു:ഖങ്ങൾ എന്ന രീതിയിൽ ഫലങ്ങൾ ഉണ്ടാവുന്നു.

ക്ലേശമാണ് കർമ്മസഞ്ചയത്തിന്റെ മൂലം. വേര് എന്ന് കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞു

ക്ലേശമുള്ളപ്പോൾ കർമ്മാശയം ഫലമുണ്ടാക്കും. ഉമിയുള്ള, വറുക്കാത്ത നെല്ല് മുളക്കും, ഉമി മാറ്റിയ വിത്ത് മുളക്കില്ല. ഉമി മാറ്റിയില്ലെങ്കിലും വറുത്ത വിത്ത് മുളക്കില്ല. ആശയമെന്നതിന് സാങ്കേതിക അർത്ഥത്തിലുള്ള സംസ്കാരമെന്ന് അർഥമെടുക്കണം.

വ്യാസൻ പറയുന്നു

ബീജാന്ന്യഗ്ന്യുപദഗ്ധാനി

ര നോഹന്തി യഥാ പുറ

ജ്ഞാന ദഗ്ധെസ്തഥാ ക്ലേശൈ

നാത്മാ സമ്പദ്യതേ പുല

ജ്ഞാനാഗ്നിയിൽ ക്ലേശം ദഹിക്കുമ്പോൾ പുനർജന്മമില്ല. ചുട്ട വിത്തു മുളക്കാത്തതു പോലെ

യോഗാംഗാനുഷ്ഠാനം കൊണ്ട് ക്ലേശം നശിച്ച് സമ്യഗ്ദർശനം സിദ്ധിച്ച യോഗിയുടെ കർമ്മാശയം ഉമി കളഞ്ഞ വിത്തു പോലെയാണ്. അതേ അനുഷ്ഠാനാഗ്നിയിൽ വെന്ത കർമ്മാശയം വറുത്ത വിത്തു പോലെയും. രണ്ടും മുളക്കില്ല.

ശരീരജൈ കർമദോഷൈ

യാതി സ്ഥാവരതാം നര:

ജനസൈരന്ത്യജാതിതാം

ശരീര കർമ്മ ദോഷത്താൽ മനുഷ്യൻ വൃക്ഷലതാദി സ്ഥാവരങ്ങളായി ജനിക്കും. വാചിക ദോഷത്താൽ പക്ഷിമൃഗാദികളായിത്തീരും. മാനസികമായ കർമ്മ ദോഷത്താൽ ദൃഷ്ട മനുഷ്യരുമാവും.

ജന്മവും കർമ്മവും തമ്മിൽ ബന്ധമുണ്ടോ? ഒരു കർമ്മം ബഹുജന്മങ്ങൾക്കു കാരണമാകുമോ? ധാരാളം ചോദ്യങ്ങളുണ്ട്.

ഒരു ജീവിതം അവസാനിക്കുന്ന കാലത്ത് മരണ സമയത്ത് അതുവരെയുള്ള പുണ്യാപുണ്യകർമ്മ സഞ്ചയം ഒന്നിച്ച് അടുത്ത ഒരു ജന്മത്തിനു കാരണമാവുന്നു. ആയുസ്സും, ഭോഗവും അതായത് സുഖദുഖങ്ങളും അതിനനുസരിച്ചു വരുന്നു.

യംയം വാപി സ്മരൻ ഭാവം

ത്യജത്യന്തെ കളേബരം

തം തം ഏവൈതി കൗന്തേയ

സദാ തദ്ഭാവ ഭാവിത (ഭ.ഗീ 8-6)

ശരീരം ത്യജിക്കുന്ന സമയത്തുള്ള ഭാവമാണ് അടുത്ത ജന്മത്തെ നിർണയിക്കുന്നത് എന്ന് ഭഗവത്ഗീത പറയുന്നു.

പല ക്ലേശങ്ങളാലും അനാദികാലമായി രൂപീകൃതമായ വാസനകളാലും ഉൽഭൂതമായ ചിത്തം ചിത്രമെഴുതിയ തുണി പോലെയോ അനേകം കെട്ടുകളുള്ള മീൻവല പോലെയോ ആണ്. ഓർമ്മകളാണ് സംസ്കാരമാവുന്നത്. അതു തന്നെ പഴകിയാൽ വാസനയുമാകും. തിരിച്ചും. ഇവ ഒരു ജന്മത്തിൽ അനുഭവിക്കുമ്പോൾ അതിനെ ഏക ഭവികം എന്നു പറയും.

എന്നാൽ കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞ പോലെ ചിലപ്പോൾ ഈ ജന്മത്തിലെ തന്നെ കർമ്മാശയം ഫലം ചെയ്യും നന്ദികേശനെയും നഹുഷനെയും പോലെ. അപ്പോൾ അതിനെ ദ്വിഭവികം എന്നു പറയാം.

ഒരു ജന്മത്തിൽ അനുഭവിക്കാൻ സാധ്യമല്ലാത്ത കർമ്മാശയമുണ്ടാകാം. ഉദാഹരണത്തിന് മനുഷ്യ ജന്മത്തിലുള്ളവന് ദേവാനുഭവമോ മൃഗാനുഭവമോ സാധ്യമല്ല. അവ മറ്റൊരു ജന്മത്തിലേക്ക് മാറ്റി വെക്കപ്പെടും.

ആ കർമ്മങ്ങൾക്ക് മൂന്നുതരം ഗതി വരും. ചിലത് നശിച്ചു പോവും. മറ്റു ചിലത് ചില ശക്തമായ കർമ്മത്തിൽ ലയിക്കും. മൂന്നാമത്തെത് കുറേക്കാലം ഉറങ്ങിക്കിടക്കും അതിലും ശക്തമായവ അനുഭവിച്ചു തീരാൻ വേണ്ടി.

ഈ മൂന്നാമത്തെ തരത്തിലുള്ളവ, അവ ദുഷ്ടമാണെങ്കിൽ ഈ ജന്മത്തിലെ ശിഷ്ടകർമ്മങ്ങളാൽ നശിപ്പിക്കപ്പെടാം. എന്നാൽ മറിച്ചു വരില്ല. ദുഷ്ടകർമ്മങ്ങൾ സത്കർമങ്ങളെ നശിപ്പിക്കില്ല. അല്പം ഒരു അസ്വാരസ്യം സൃഷ്ടിച്ചേക്കാമെന്നു മാത്രം. നല്ല ഒരു സദ്യ കഴിച്ചാൽ അല്പനേരത്തേക്ക് ദഹനക്കേടു തോന്നുന്നതുപോലെ എന്ന് വിജ്ഞാനഭിക്ഷു പറയുന്നു.

ഒരുവൻ കുട്ടിക്കാലത്ത് ധാരാളം നന്മകൾ ചെയ്തെന്നിരിക്കട്ടെ. പിന്നീട് അത്യന്തം ക്രൂരവും നിന്ദ്യവുമായ കർമ്മങ്ങളും. അവന്റെ അടുത്ത ജന്മം മൃഗസമാനമായിരിക്കും. കാരണം മരണ സമയത്ത് അതാണ് സ്വാധീനിക്കുക. നന്മകൾ മറ്റൊരു മനുഷ്യജന്മത്തിനായി സൂക്ഷിക്കപ്പെടും.

പൂർവ കർമ്മങ്ങൾ ഒന്നുകിൽ സുഖം തരും ഇല്ലെങ്കിൽ ദു:ഖം തരും. അവയാണ് രാഗം, ദ്വേഷം എന്നീ ക്ലേശങ്ങളെ ഉണ്ടാക്കുന്നത്. രാഗം തോന്നുന്ന വസ്തു ലഭിച്ചാൽ സുഖം കിട്ടും. ലഭിച്ചില്ല എങ്കിൽ ദു:ഖം ദേഷ്യം തോന്നുന്ന വസ്തു ഒഴിവായാൽ സുഖം, വന്നു ചേർന്നാൽ ദു:ഖം വാചസ്പതിമിശ്രൻ പറയുന്നു. ക്ലേശ ജലം കൊണ്ട് നനച്ചാൽ മാത്രമെ മനസ്സാകുന്ന വയലിൽ കർമ്മങ്ങൾ പുളച്ചു വളരൂ. ക്ലേശങ്ങൾ നശിച്ചാൽ കർമ്മാശയങ്ങളും നശിക്കും. അതുകൊണ്ടാണ് ക്ലേശങ്ങൾ ജീവിതത്തിന്റെ മൂലകാരണമെന്നു പറയുന്നത്.

*****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

മിനിക്കഥ

ഉണ്ണിവാരിയത്ത്

# മുരട്ടുകാള

**അ**യാൾ എന്നും സായാഹ്ന സവാരിക്കു പോകുന്നത് ഒറ്റയ്ക്കാണ്. എവിടെയും ഒറ്റയ്ക്ക് പോകുന്നതാണത്രെ അയാൾക്കിഷ്ടം! ഒറ്റയ്ക്കല്ലേ ഭൂമിയിൽ ജനിച്ചതെന്നും, ഇവിടം വിട്ടു പോകേണ്ടതും ഒറ്റയ്ക്കല്ലേയെന്നും ഇടയ്ക്കുള്ള കാലത്തിന് എന്താ കൊമ്പുണ്ടോ എന്നും അയാൾ ആരോടോ എപ്പോഴോ ചോദിച്ചു പോലും!

കാലത്തിന് കൊമ്പില്ലായിരിക്കാം. പക്ഷേ കാളയക്കു കൊമ്പുണ്ടല്ലോ! ഒരു ദിവസം പ്രകോപനമൊന്നുമില്ലാതെതന്ന ഒരു മുരട്ടുകാള അയാളെ കുത്തിമലർത്തി. നടപ്പാതയിൽ ഉണ്ടായിരുന്ന ചിലരാണ് അയാളെ ഉടനടി ആശുപത്രിയിലെത്തിച്ചത്.

എന്തായാലും, രക്ഷപ്പെട്ടു വന്ന ശേഷം അയാളെ ആരും ഒറ്റയ്ക്ക് കണ്ടിട്ടില്ല.

# ശാസ്ത്രത്തിന്റെ രീതി ശാസ്ത്രം ഉരുത്തിരിയുന്നു

**സി. രാമചന്ദ്രൻ – 9995820684**

ഗലീലിയോ വിചാരണ ചെയ്യപ്പെട്ടതും വീട്ടുതടങ്കലിലാക്കപ്പെട്ടതും യൂറോപ്പിലാകെ ഒച്ചപ്പാടുകളുണ്ടാക്കാനിടയാക്കി. അദ്ദേഹത്തിനു പ്രസിദ്ധി വർദ്ധിക്കുകയും പ്രസിദ്ധീകരണങ്ങൾ പ്രചരിക്കുകയും ചെയ്തു. 'രണ്ടു പ്രപഞ്ച മാതൃകകളെക്കുറിച്ചുള്ള സംവാദം' എന്ന കൃതി സംവാദങ്ങൾക്കും വിവാദങ്ങൾക്കും വഴിവച്ചു. മൂന്നു കഥാപാത്രങ്ങൾ തമ്മിലുള്ള ചർച്ചയായിരുന്നു പുസ്തകത്തിന്റെ ഉള്ളടക്കം. ഒരാൾ ബുദ്ധിമാനും കോപ്പർനിക്കസ്സിനെ പിന്താങ്ങുന്നവനുമായ സാൽവിയാറ്റി. മറ്റേയാൾ മണ്ടനും അരിസ്റ്റോട്ടലിനെ വിശ്വസിക്കുന്നവനുമായ സിംപ്ലിക്കോ. മൂന്നാമൻ നീതിമാനായ മോഡറേറ്റർ സെഗ്രഡോ. സിംപ്ലിക്കോ എന്ന മണ്ടനിലൂടെ ഗലീലിയോ ചിത്രീകരിച്ചതു പോപ്പിനെയാണെന്ന് ഏഷണിക്കാർ (അന്ന് വാട്സാപ്പ് ഇല്ലല്ലോ) പറഞ്ഞുപരത്തി. 'സൗരയൂഥത്തെപ്പറ്റി ഒരക്ഷരം പറയരുത്' എന്ന വിലക്ക് ഗലീലിയോയ്ക്കുണ്ടായിരുന്നെങ്കിലും ജനങ്ങൾ അതേക്കുറിച്ചു ചിന്തിച്ചു. ഇതിനകം തന്നെ കെപ്ലറും രംഗത്തുവന്നു കഴിഞ്ഞു. അദ്ദേഹത്തിനും പ്രബുദ്ധ ജനതയ്ക്കിടയിൽ സ്വീകാര്യതയും കൈവന്നു. ബ്രൂണോയെ നാം മുൻ അധ്യായത്തിൽ കണ്ടു. അദ്ദേഹത്തെ കത്തോലിക്കാസഭ കത്തിച്ചത് സൗരയൂഥത്തെക്കുറിച്ചു പറഞ്ഞതു കൊണ്ടു മാത്രമല്ല, പ്രപഞ്ചത്തിൽ മറ്റനേകം ഗ്രഹങ്ങൾ ഉണ്ടായേക്കാമെന്നും അതിലെവിടെയെങ്കിലും മനുഷ്യസമാന ജീവികളുണ്ടായേക്കാമെന്നും പറഞ്ഞു. മാത്രമല്ല പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിത്വസങ്കല്പത്തെ പരിഹസിക്കുന്ന ഏരിയൻ തത്ത്വചിന്തയോട് അനുഭാവവുമായിരുന്നു. തീർച്ചയായും ആ രക്തസാക്ഷിത്വം സ്വാഭാവികമായിരുന്നു.

ഗലീലിയോ പക്ഷെ വിഷയപ്രാധാന്യം ജ്യോതിശാസ്ത്രത്തിൽ നിന്ന് ഭൗതികശാസ്ത്രത്തിലേയ്ക്കു തിരിച്ചു. വസ്തുക്കളുടെ പലവിധ ചലനങ്ങളെക്കുറിച്ചാണ് അദ്ദേഹം ഗവേഷണം ചെയ്തെടുത്തത്. അദ്ദേഹത്തിന്റെ ചലനനിയമങ്ങളാണ് പിന്നീട് ന്യൂട്ടൻ സ്ഫുടം ചെയ്തത്. ഗലീലിയോയ്ക്കു മുമ്പു തന്നെ ചലനങ്ങളെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ ഡാവഞ്ചി, പ്ലൂട്ടാർക്ക് (കവി) സൈമൺ സ്റ്റെവിൻ തുടങ്ങിയവർ നടത്തിയിട്ടുണ്ട്. എന്നാൽ പരിഷ്കരണങ്ങളുടെ പശ്ചാത്തലത്തിലും ഗണിതത്തിന്റെ പിൻബലത്തിലും അത് കൂടുതൽ കൃത്യവും വ്യക്തവുമാക്കി മുന്നോട്ടു നയിച്ചു എന്നതാണ് ഗലീലിയോയുടെ സംഭവാന. ന്യൂട്ടനു മുമ്പ് റെനെ ദക്കാർത്തും, ക്രിസ്ത്യൻ ഹൈജൻസും അത് കൈകാര്യം ചെയ്യുകയും ചെയ്തിരുന്നു.

ശാസ്ത്രത്തിന് ശാസ്ത്രത്തിന്റെ രീതി കൈവന്ന ഒരു കാലഘട്ടമാണത്. അത്തരമൊരു ചിന്താപദ്ധതി വീക്ഷണങ്ങളിൽ ചാലിച്ചു ചേർക്കുവാൻ പരിശ്രമിച്ച മറ്റു രണ്ടു മനീഷികളാണ്, ഇംഗ്ലീഷുകാരനായ ഫ്രാൻസിസ് ബാക്കണും ഡച്ചുകാരനായ റെനെദക്കാർത്തും. ആധുനികതയിലേയ്ക്ക് ആദ്യചുവടുകൾ വച്ച ഈ പഥികർ, നിയമം, രാഷ്ട്രീയം തുടങ്ങിയ സാമൂഹ്യ വിഷയങ്ങളും ശാസ്ത്രം എന്ന നിലയിൽ നോക്കി കാണാൻ പ്രേരണ നൽകിയവരാണ്. ബലതന്ത്രം എന്ന പുതിയ ഒരു ഉപശാഖയുടെ തുടക്കം കുറിച്ചത് ന്യൂട്ടനോടൊപ്പം തന്നെ സൈമൺ സ്റ്റെവിനും കൂടിയാണ്. പായവഞ്ചികളെ അനുകരിച്ച് പായ വണ്ടികളുണ്ടാക്കി പരീക്ഷിച്ച ഒരാളാണ് അദ്ദേഹം. ഭൗതികശാസ്ത്ര വിദ്യാർത്ഥികൾക്ക് അദ്ദേ

ഹം സുപരിചിതനാകുന്നത്. 'പാലലോഗ്രം 'ലാ ഓഫ് ഫോഴ്സസ്' സിലൂടെയാണ്. ഉത്തോലകങ്ങളിൽ പ്രസക്തമായ 'തിയറി ഓഫ് വെർച്ചൽ ഡിസ്പ്ലേസ്മെന്റും' അദ്ദേഹത്തിന്റേതാണ്.

ദ്രാവകത്തിൽ മുങ്ങിയും പൊങ്ങിയും കിടക്കുന്ന വസ്തുക്കളെക്കുറിച്ച് ക്രിസ്തുവിനു മുമ്പുതന്നെ ആർക്കമിഡിസ് പഠനം നടത്തിയിട്ടുണ്ട്. മുങ്ങുന്നതും പൊങ്ങുന്നതും സാന്ദ്രതയെ ആശ്രയിച്ചാണ്. ദ്രാവകത്തിനകത്തുള്ള വസ്തുവിന്റെ ഭാരക്കുറവ് അത് ആദേശം ചെയ്യുന്ന ദ്രാവകത്തിന്റെ ഭാരത്തിനുതുല്യമാണ്. എന്നാൽ സാന്ദ്രത കൂടിയ ഒരു ലോഹത്തിന്റെ പാളി വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതെന്തുകൊണ്ടെന്നു വിശദീകരിക്കാൻ കാലങ്ങളെടുത്തു. ഇതിൽ തുടങ്ങിയ ഗവേഷണങ്ങളാണ് ഹൈഡ്രോസ്റ്റാറ്റിക് എന്ന ഉപശാഖയ്ക്ക് രൂപം നൽകിയത്.

ശാസ്ത്രചിന്തയ്ക്ക് ഗലീലിയോ നൽകിയ സംഭാവനകൾ മൂന്നാണ്. ഒന്ന് പരീക്ഷണം, നിരീക്ഷണം, നിഗമനം എന്ന വസ്തുനിഷ്ഠ വിശകലനരീതി. രണ്ട്, അളവുകൾക്കുള്ള പ്രാധാന്യം എടുത്തു കാണിച്ചതിലൂടെ ഊഹങ്ങൾക്കും അഭ്യൂഹങ്ങൾക്കുമുള്ള സാധ്യത നിരാകരിച്ചത്. മൂന്ന്, പ്രതിഭാസങ്ങളെ വിശദീകരിക്കുവാൻ വസ്തുതകൾ നിരത്തുകയും അസംബന്ധങ്ങൾ ഒഴിവാക്കുകയും വേണം എന്നു നിഷ്കർഷിച്ചത്.

ശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തെ ഉരുത്തിരിച്ചു സരളമാക്കാൻ ശ്രമിച്ച മറ്റു രണ്ടു പ്രതിഭാശാലികളിൽ ഒരാളാണ് ഫ്രാൻസിസ് ബാക്കൺ. ഒരു സാമൂഹ്യശാസ്ത്രജ്ഞനായി തുടങ്ങി, കാലം പോകെ, ശാസ്ത്രാന്വേഷണത്തിലേക്ക് അദ്ദേഹം അഭിവിന്യസിക്കപ്പെട്ടു. നിലവിലുണ്ടായിരുന്ന ജ്ഞാന നിഷ്പാദനരീതിയിലെ വൈകല്യങ്ങൾ വെടിഞ്ഞ് അത് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെടേണ്ടതാണെന്നു പറയുക മാത്രമല്ല അത് ഒരു സംഘടിത ശ്രമമായിരിക്കണമെന്ന് നിർദ്ദേശിക്കുക കൂടി ചെയ്തു. 'അറിവാണ് അധികാരം' എന്നുകൂടി അദ്ദേഹം പറഞ്ഞുവച്ചു. സംയോജിതവും ചിട്ടയായിട്ടുള്ളതുമായ ഒരു വസ്തുനിഷ്ഠ യുക്തിനിഷ്ഠ പ്രവർത്തനശൈലിയുടെ രൂപരേഖ നൽകിയതാണ് പിന്നീട് വ്യാവസായിക വിപ്ലവം പടരുന്നതിനു വിത്തായി ഭവിച്ചതെന്നു പറയാം. വരാനിരുന്ന വ്യാവസായിക വിപ്ലവം അദ്ദേഹം വിഭാവന ചെയ്തിരുന്നു എന്നു തോന്നും. മനുഷ്യൻ ആത്യന്തിക സത്യം കണ്ടെത്തുമെന്നും ആത്യന്തിക ജീവിതസൗഖ്യത്തിലെത്തിചേരുമെന്നും അദ്ദേഹം വിശ്വസിച്ചു.

ശാസ്ത്രത്തിന്റെ പ്രയാണത്തിന് ആക്കം നൽകിയ മറ്റൊരു പ്രതിഭ നാം മുന്നേതന്നെ പരാമർശിച്ച റെനെ ദക്കാർത്തിനാണ്. വിപുലമായി സഞ്ചരിക്കുകയും വ്യാപകമായ പഠനങ്ങളിലേർപ്പെടുകയും വിശാലമായ അനുഭവങ്ങളാർജ്ജിക്കുകയും ചെയ്ത അദ്ദേഹം നിർഭാഗ്യവശാൽ സന്ദേഹവാദത്തിലാണ് എത്തിച്ചേരുന്നത്. പള്ളിയുമായി ഏറ്റുമുട്ടൽ ഒഴിവാക്കി സഹകരിച്ചിരുന്ന അദ്ദേഹത്തെ പക്ഷെ പള്ളി സന്ദേഹത്തോടെയാണ് കണ്ടത്. അതിനൊരു കാരണം പുതിയ പ്രപഞ്ചചിത്രത്തെ തള്ളിപ്പറയാൻ അദ്ദേഹം തയ്യാറായിരുന്നില്ല എന്നതാകാം. ഗഹനങ്ങളായ ചോദ്യങ്ങളെ ലളിതരൂപത്തിലാക്കി ഉത്തരം പറയുക എന്നത് അദ്ദേഹത്തിന്റെ ഒരു ശൈലിയായിരുന്നു. ജ്യോമട്രിയിലെ സൂത്രങ്ങൾ തെളിയിക്കുന്ന ഒരു പുതിയ രീതിയും അദ്ദേഹം സ്വീകരിച്ചിരുന്നു. വിവരങ്ങൾ മൊത്തത്തിൽ ശേഖരിക്കുക, സമഗ്രമായി വിശകലനം ചെയ്യുക, കുറ്റമറ്റ നിഗമനങ്ങളിലൂടെ സത്യത്തിലെത്തുക അതായിരുന്നു അദ്ദേഹത്തിന്റെ വ്യവസ്ഥ. ബാക്കൺന്റെ രീതിയിൽ നിന്നു വ്യത്യസ്തമായി, കൂട്ടായ പ്രവർത്തനങ്ങളേക്കാൾ അദ്ദേഹം വിലമതിച്ചത് വ്യക്തിയുടെ യുക്തിയിലാണ്. ഗണിതത്തിന്റെയും ജ്യോമട്രിയുടെയും വിശകലനരീതി അറിവുക

ളുടെ മറ്റു രംഗത്തും അദ്ദേഹം പരീക്ഷിച്ചു. ജ്യോമട്രിയിൽ ആൾജിബ്ര സന്നിവേശിപ്പിച്ച് കോ-ഓർഡിനേറ്റ് ജ്യോമട്രി (നിർദേശാങ്ക ഗണിതം) എന്ന ഒരു ശാഖയുണ്ടാക്കി. അദ്ദേഹം നിർദ്ദേശിച്ച ജ്ഞാനിഷ്പാദന രീതിയെ കാർടിഷ്യാൻ രീതി എന്നാണ് അറിയപ്പെട്ടത്. കാര്യങ്ങളെ സൂക്ഷ്മമായി കാണുന്നതിനും എന്നാൽ സമഗ്രമായി ദർശിക്കുന്നതിനുമുള്ള പ്രാധാന്യമാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്. സ്പെഷ്യലൈസേഷനോടൊപ്പം ജനറലൈസേഷനും വേണം.

തന്റെ കണ്ടെത്തലുകൾ മൂലം മതവും പള്ളിയും പ്രകോപിതരാകാതിരിക്കുവാൻ അദ്ദേഹം വളരെ ശ്രദ്ധിച്ചു. പള്ളിക്കൂടി സ്വീകാര്യമായേക്കുമെന്നദ്ദേഹം ധരിച്ച ഒരു യുക്തി അദ്ദേഹം മെനഞ്ഞെടുത്തു. അറിവിനെ അദ്ദേഹം മൂന്നായി പകുത്തു. ഒന്ന്, അളക്കാവുന്ന ഭൗതികവസ്തുക്കളും അവയുടെ ഗുണങ്ങളും. രണ്ട്, അളവിന്റെ വരുതിയിൽ വരുത്തുവാൻ വിഷമമായ ഇന്ദ്രിയപരമായ അനുഭവങ്ങൾ - നിറം, മണം, രുചി, സ്പർശം, സ്വരം എന്നിവ. മൂന്ന്, അളക്കുവാൻ ഒരു വിധത്തിലും കഴിയാത്ത മനുഷ്യ വികാരവിചാരങ്ങളായ സ്നേഹം, ആസക്തി, വിശ്വാസം, ധർമ്മം, ചാരിത്ര്യം തുടങ്ങിയ മനുഷ്യനിർമ്മിതികൾ. ഇതിൽ മൂന്നാമത്തെ വിഷയം ശാസ്ത്രത്തിനതീതമാണ്. അതിലുൾപ്പെട്ടതാണ് ദൈവശാസ്ത്രം. അദ്ദേഹം പറയുന്നത്, അറിവിന്റെ വിവിധമേഖലകൾ പരസ്പരം എതിർക്കേണ്ടതല്ല എന്നാണ്. മറിച്ച് സഹകരിക്കാവുന്നിടത്തെല്ലാം സഹകരിക്കാവുന്നതുമാണ്. അങ്ങിനെ മതത്തെ ശാസ്ത്രത്തിനും ശാസ്ത്രത്തെ മതത്തിനും സഹകരിക്കാവുന്ന ഒരിടമാക്കി മാറ്റിയെടുക്കുവാൻ ശ്രമിക്കുകയാണ് ദക്കാർത്തെ ചെയ്തത്. സഹകരിച്ചില്ലെങ്കിലും ശത്രുത വേണ്ട എന്ന സന്ദേശമാണദ്ദേഹം നൽകിയത്.

***

**വിരഹം ഒരു സത്യം**
**ദുഖമാണതിൻ ഫലം**
**മറവിയതിനു പരിഹാരം**
**പ്രകൃതിതന്നുപഹാരം**

– *എസ്. ശരത്കുമാർ*

**ഒരു നിശ്ചയവുമില്ലൊന്നിനും**
**വരുമോരോ ദശ വന്നപോലെ പോം,**
**വിരയുന്നു മനുഷ്യനേതിനോ**
**തിരിയാ ലോകരഹസ്യമാർക്കുമേ**

– *കുമാരനാശാൻ*

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# നട്ടെല്ല്

ഡോ. പാർവ്വതി. കെ.എസ്.– 9497791093

ഗർഭസ്ഥ ശിശുവിന്റെ മൂന്നാം ആഴ്ചയിലാണ് നട്ടെല്ല് രൂപം കൊള്ളുന്നത്. S എന്ന അക്ഷരത്തെ വലിച്ചു നീട്ടിയ പോലെയാണ് നട്ടെല്ലിന്റെ ആകൃതി. കഴുത്തിന്റെ ഭാഗത്തെ വളവിനെ സെർവിക്കൽ cervical curve എന്നും അരക്കെട്ടിനു മുകളിലുള്ള വളവിനെ ലംബാർ കർവ് lumbar curve എന്നും പറയും. കുഞ്ഞ് ജനിച്ച് ആദ്യ ആഴ്ചകളിലൊന്നും നട്ടെല്ലിലെ ഈ വളവ് ഉണ്ടായിരിക്കുകയില്ല. കഴുത്തിന് ബലം ലഭിക്കുന്നതോടെയും കമിഴ്ന്നു കിടന്നു തുടങ്ങുന്നതോടെയുമാണ് നട്ടെല്ലിന് സ്വാഭാവിക വളവ് വരുന്നത്. ശരീരഭാരം ബാലൻസ് ചെയ്യുവാൻ ഈ വളവ് പ്രയോജനപ്പെടുന്നു.

### 33 കശേരുക്കൾ

നട്ടെല്ലിന് ആകെ 33 കശേരുക്കളാണുള്ളത്. ഇതിൽ കഴുത്ത് തൊട്ട് താഴേക്കുള്ള ആദ്യത്തെ 24 എണ്ണത്തിന് ഏറെ പ്രാധാന്യമുണ്ട്. ഇവയ്ക്കാണ് കൂടുതൽ വഴക്കം ആവശ്യമായി വരുന്നത്. താഴ്ഭാഗത്തുള്ള ഒൻപത് കശേരുക്കൾക്ക് വഴക്കം കുറവാണ്.

### നാഡികൾ 31 ജോഡി.

സൂഷ്മനയിൽ നിന്നു തുടങ്ങി ശരീരത്തിന്റെ എല്ലാഭാഗത്തേക്കുമായി 31 ജോഡി നാഡികളുണ്ട്. കഴുത്ത് ഭാഗത്ത് എട്ടു ജോഡിയും പുറംഭാഗത്ത് 12 ജോഡിയും നടുഭാഗത്ത് അഞ്ചു ജോഡിയും കോക്സീജിയ ഭാഗത്ത് ഒരു ജോഡിയും സൂഷ്മനാ നാഡിക്ക് ഏകദേശം 18 ഇഞ്ച് നീളവുമാണുള്ളത്.

### സൂഷ്മന

തലച്ചോറിന്റെ താഴ്ഭാഗത്തു നിന്ന് തുടങ്ങി നട്ടെല്ലിലൂടെയാണ് സൂഷുമ്നാ നാഡി കടന്നു പോകുന്നത്. തലച്ചോറിൽ നിന്നുള്ള സന്ദേശങ്ങൾ ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും എത്തിക്കുന്നതും ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സംവേദനങ്ങൾ തലച്ചോറിലേക്കും കൈമാറുന്നതും സുഷുമ്നാ നാഡി വഴിയാണ്.

### കോഡാ ഇക്വൈന

മുതിർന്നവരിൽ സുഷുമ്നാ നാഡിയുടെ നീളം നട്ടെല്ലിന്റെ എൽ–2 കശേരുവരെയാണ്. ശൈശവം കഴിയുന്നതോടെ തന്നെ സുഷുമ്നാ നാഡിയുടെ വളർച്ച പൂർത്തിയാകുന്നുണ്ട്. സുഷുമ്നാ നാഡി അവസാനിക്കുന്നിടത്ത് അത് നിരവധി നാഡീതന്തുക്കളുമായി വേർപിരിയും. ഇങ്ങനെ വേർപിരിയുന്നതിനെയാണ് കോഡോ ഇക്വൈന എന്നു പറയുന്നത്.

### ഡിസ്ക്കുകൾ

കഴുത്തു മുതൽ നടുഭാഗം വരെ നട്ടെല്ലിന്റെ 24 കശേരുക്കൾക്കിടയിലാണ് ഡിസ്ക്കുകളുള്ളത്. ആകെ 23 ഡിസ്ക്കുകളുണ്ട്. നട്ടെല്ലിന്റെ ആകെ നീളത്തിന്റെ 30 ശതമാനത്തോളം വരും ഡിസ്ക്കുകളുടെ ആകെ നീളം. മൃദുവായ തരുണാസ്ഥികൊണ്ടാണ് ഇത് നിർമ്മിച്ചിട്ടുള്ളത്. ഡിസ്ക്കിന്റെ 85 ശതമാനത്തോളം ജലാംശമാണ്. പ്രായം കൂടുന്നത്, രോഗങ്ങൾ, അമിതസമ്മർദ്ദം തുടങ്ങി ഒട്ടേറെ കാരണങ്ങൾ കൊണ്ട് ഈ ജലാംശത്തിന്റെ അളവും, തടുർന്ന് മൃദുത്വവും വഴക്കവും കുറഞ്ഞു വരാം.

ഡിസ്ക്കുകൾ നട്ടെല്ലിന് ഉറപ്പും വഴക്കവും ലഭിക്കാൻ സഹായിക്കുന്നു. വളയാനും തിരിയാനുമൊക്കെ സാധിക്കുന്നത് ഇതുകൊണ്ടാണ്. ഇവ കശേരുക്കൾ തമ്മിലുള്ള അകലം നിലനിർത്താൻ സഹായിക്കുന്നു. അവ തമ്മിൽ കൂട്ടിയുരസുന്നത് തടയുന്നു. ശരീരഭാഗം ഇരുകാലുകളിലേക്കും ഒരു പോലെ പങ്കുവയ്ക്കാനും ബാലൻസ് നിലനിർത്താനും ഡിസ്ക്കുകൾ സഹായിക്കുന്നു.

ഡിസ്ക്കിന്റെ പുറം ഭാഗത്തിന് അനുലസ് ഫൈബ്രോസിസ് എന്നു പറയും. ഉൾഭാഗത്തിന് ന്യൂക്ലിയസ്സ പൾപോസഡ് എന്നാണ് പേര്. ജലാംശം കൂടുതലുള്ളതും ജെല്ലിപോലുള്ളതുമായ ഭാഗമാണ് ന്യൂക്ലിയസ് പൾപോസസ്. ഒരിഞ്ചോളം വ്യാസവും കാലിഞ്ചോളം കനവുള്ളതാണ് ഓരോ ഡിസ്ക്കും.

ലംബാർ കർവിൽ അഞ്ചുകശേരുക്കളാണു

ള്ളത്. ഇതിനിടയിലെ ഡിസ്ക്കുകൾക്കാണ് കൂടുതൽ സമ്മർദം നേരിടേണ്ടിവരുന്നത്.

നടുവേദനയും കഴുത്ത് വേദനുയും ജീവിതത്തിൽ ഒരിക്കലെങ്കിലും അനുഭവിക്കാത്തവർ വളരെ കുറവായിരിക്കും. ചിലർക്ക് ഇത് ചെറിയ തോതിലാണെങ്കിൽ മറ്റു ചിലർക്ക് കഠിനവേദനയായും മാറാറുണ്ട്. ഈ വേദനകൾക്കു പിന്നിൽ പല കാരണങ്ങൾ ഉണ്ടാകാം. പേശികൾക്കു സ്നായുക്കൾക്കും ഉണ്ടാകുന്ന വലിച്ചിൽ മുതൽ നട്ടെല്ലുമായി ബന്ധപ്പെട്ട അസുഖം വരെ വേദനയ്ക്ക് ഇടയാക്കും.

നട്ടെല്ലുമായി ബന്ധപ്പെട്ടുണ്ടാകുന്ന വേദനകളുടെ കാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഡിസ്ക് തകരാറുകൾ. ഡിസ്കിന്റെ ഏതെങ്കിലും ഭാഗം ദുർബലമായി പുറത്തേക്ക് തള്ളി വരിക. ജലാംശം കുറഞ്ഞ ഡിസ്ക് കട്ടിയാവുക, അണുബാധയുണ്ടാകുക തുടങ്ങിയ പ്രശ്നങ്ങൾ നടുവേദനയ്ക്കും കഴുത്ത് വേദനയ്ക്കും വഴി വയ്ക്കാറുണ്ട്. ജീവിത ശീലങ്ങളിൽ വന്ന മാറ്റങ്ങൾക്കനുസരിച്ച് ഡിസ്ക് പ്രശ്നങ്ങളും അനുബന്ധവേദനകളും അനുഭവിക്കുന്നവരുടെ എണ്ണം കൂടുന്നു. ചെറുപ്പക്കാരിൽ തന്നെ ഇത്തരം പ്രശ്നങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്.

കുനിയുമ്പോഴും നിവരുമ്പോഴും ഭാരം എടുക്കുമ്പോഴുമെല്ലാം നട്ടെല്ലിന് സമ്മർദ്ദം ഉണ്ടാകാറുണ്ട്. ഈ സമ്മർദ്ദങ്ങൾക്കിടയിലും നട്ടെല്ലിന്റെ ദൃഢതയും അതിനൊപ്പം വഴക്കവും നിലനിർത്തേണ്ട ഉത്തരവാദിത്വം ഡിസ്കുകൾക്കുള്ളതാണ്. എന്നാൽ ദീർഘകാലം സമ്മർദ്ദങ്ങൾ തുടരുകയും പിന്നീട് അത് താങ്ങാനാവാത്ത വിധം കൂടുകയും ചെയ്യുമ്പോൾ ഡിസ്ക് ദുർബ്ബലമാകാൻ തുടങ്ങും.

**ഡിസ്ക് തള്ളൽ**


ഡിസ്ക് തള്ളുക എന്ന് പൊതുവേ പറയാറുണ്ടെങ്കിലും അതിന് അർത്ഥം ഡിസ്ക് പൂർണ്ണമായും തെന്നിനീങ്ങുന്നു എന്നല്ല. ഡിസ്കിന്റെ നടുഭാഗത്ത് ജെല്ലിപോലുള്ള ഭാഗമാണ് ന്യൂക്ലിയസ് പൾപോസസ്. ഡിസ്കിന്റെ പുറംഭാഗത്തെ തരുണാസ്ഥിയാണ് ആനുലസ് ഫൈബ്രോസിസ് ജെല്ലിപോലുള്ള ഭാഗത്തെസംരക്ഷിച്ചു നിർത്തുന്ന കവചമായി ഇതിനെ വിശേഷിപ്പിക്കാം. ഡിസ്കിന് ഉണ്ടാകുന്ന സമ്മർദ്ദങ്ങളേറെയും ബാധിക്കുന്നത് ജെല്ലിപോലുള്ള ന്യൂക്ലയസ് പൾപോസസിനെയാണ്. സമ്മർദ്ദം കൂടുമ്പോൾ പുറംചട്ടയായ തരുണാസ്ഥിയുടെ ദുർബലമായ ഭാഗത്തിലൂടെ ഈ ജെല്ലി പുറത്തേക്ക് വീർത്തുവരും. ഈ അവസ്ഥയെയാണ് ഡിസ്ക് തള്ളൽ അഥവാ ഡിസ്ക് വീർക്കൽ Bulging disc എന്നു പറയുന്നത്.

ഡിസ്ക് തള്ളൽ ഉണ്ടായി എന്നു കരുതി നടുവേദന ഉണ്ടാകണമെന്നില്ല. പുറത്തേക്കു തള്ളി നിൽക്കുന്ന ഡിസ്ക് ഭാഗം അതിന് സമീപമുള്ള നാഡിയെ ഞെരുക്കുമ്പോഴാണ് വേദന അനുഭവപ്പെടുന്നത്. ഡിസ്ക് തള്ളൽ മൂലമുള്ള നടുവേദന മിക്കവാറും വിശ്രമിക്കുമ്പോൾ തന്നെ ഭേദമാകാറുണ്ട്. ചിലർക്ക് പ്രത്യേക രീതിയിൽ നിൽക്കുമ്പോഴോ കിടക്കുമ്പോഴോ വേദനയിൽ ആശ്വാസം ലഭിക്കാറുണ്ട്. ആ പൊസിഷനിൽ ആകുമ്പോൾ, വീർത്ത ഡിസ്ക് ഭാഗം നാഡിയെ ഞെരുക്കുന്നത് ഒഴിവാക്കുന്നതുകൊണ്ടാണ് അപ്പോൾ ആശ്വാസം ലഭിക്കുന്നത്.

ഡിസ്ക് വീർക്കൽ ഒരിക്കൽ ഉണ്ടായവരിൽ അത് വീണ്ടും വരാനുള്ള സാധ്യത കൂടുതലാണ്. നട്ടെല്ലിന് ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദം ഉണ്ടാകുമ്പോൾ വീണ്ടും വേദന അനുഭവപ്പെടാം. അതുകൊണ്ടു ശരിയായ പരിശോധന നടത്തി ജീവിതശൈലിയിൽ ആവശ്യമായ മാറ്റം വരുത്താൻ ശ്രദ്ധിക്കണം.

**ഡിസ്ക് പ്രൊലാപ്സ്**

ഡിസ്ക് തെറ്റൽ എന്നു പൊതുവേ പറയുന്ന അവസ്ഥയാണ് ഹെർണിയേറ്റഡ് ഡിസ്ക് അഥവാ ഡിസ്ക് പ്രൊലാപ്സ്. ഡിസ്കിലെ



ന്യൂക്ലിയസ് പൾപോസസ് എന്ന ജെൽഭാഗം പുറത്തേക്കു തള്ളി വരുന്നതിനേയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കേവലം തള്ളി നിൽക്കുന്നതിനെക്കാൾ അത് സമീപത്തെ നാഡിയെ ഞെരുക്കുകയും ചെയ്യുന്നു. നടുവിന്റെ ഭാഗത്തും കഴുത്തിന്റെ ഭാഗത്തും ഇത് സംഭവിക്കാം. കഴുത്തിന്റെ ഭാഗത്ത് ഉണ്ടാകുമ്പോൾ ഇതിനെ സെർവിക്കൽ ഡിസ്ക് പ്രൊലാപ്സ് എന്നും നടു ഭാഗത്തുണ്ടാകുന്നതിനെ ലംബാർ ഡിസ്ക് പ്രൊലാപ്സ് എന്നും പറയാം. ചിലരിൽ ഡിസ്ക് പ്രൊലാപ്സ് ഘട്ടം ഒന്നു കൂടി ജെൽ ഭാഗം വേർപെട്ട് നട്ടെല്ലിന്റെ മുകൾ ഭാഗത്തേക്കോ താഴെ ഭാഗത്തേക്കോ നീങ്ങാം. ഇത് സുഷുമ്നാ നാഡിയിൽ വളരെയേറെ സമ്മർദ്ദമുണ്ടാകാം.

**ഡിസ്ക് പ്രൊട്ടൂഷനെ മൂന്നായി തിരിക്കാം.**

**പ്രൊട്ടൂഷൻ** - ഡിസ്കിലെ ഞെരുക്കം വല്ലാതെ കൂടുകയും ന്യൂക്ലിയസ് പൾപോസസ് ഞെരുങ്ങി പുറത്തുവരാനൊരുങ്ങുകയും ചെയ്യുന്നു.

**എക്സ്ട്രൂഷൻ**- ഡിസ്കിന്റെ തരുണാസ്ഥി ഭിത്തി പൊട്ടിച്ച് ന്യൂക്ലിയർ പൾപോസസ് പുറത്തേക്കു തള്ളി നിൽക്കുന്ന അവസ്ഥ. വിശ്രമം കൊണ്ടൊന്നും വേദന കുറയുകയില്ല. ചിലപ്പോൾ ശസ്ത്രക്രിയ വേണ്ടി വന്നേക്കാം.

**സെക്യൂസ്ട്രേഷൻ** - ഡിസ്ക്കുനുള്ളിൽ നിന്ന് ന്യൂയൂക്ലിയസ് പൾപോസസ് ഏതാണ്ടു മുഴുവനും പുറത്തു വന്ന അവസ്ഥയാണിത്. നട്ടെല്ലിനു ചേർന്ന ലിഗമെന്റുകൾക്ക് ക്ഷതവും നാഡികളിൽ ശക്തിയേറിയ സമ്മർദവും അനുഭവപ്പെടാൻ ഇതു കാരണമാകും.


നടുവേദനയ്ക്കൊപ്പം കാലുകളിലേക്കും വേദന വ്യാപിക്കുന്നത് ഡിസ്ക് പ്രൊലാപ്സിന്റെ ലക്ഷണമായി കണക്കാക്കുക. അതോടൊപ്പം കാലിൽ തരിപ്പു മരവിപ്പു അനുഭവപ്പെടാം. ഡിസ്ക് തെറ്റിയാൽ കാലിലേക്കുള്ള സയാറ്റിക് എന്ന നാഡി ഞെരുങ്ങുന്നതുകൊണ്ടാണ് കാലിൽ വേദനയും മരവിപ്പും അനുഭവപ്പെടുന്നത്. ശരീരത്തിൽ ഏറ്റവും നീളവും വണ്ണവുമുള്ള നാഡിയാണ് സയാറ്റിക്. ഇതു സൂഷ്മനയിൽ നിന്ന് തുടങ്ങി കാലുകളിലേക്ക് നീങ്ങുന്നു.

**പരിശോധന**

- രക്ത പരിശോധന: രക്തപരിശോധനയിലൂടെ അണുബാധയുണ്ടോയെന്ന് തിരിച്ചറിയുക.
- എക്സ്റേ കശേരുക്കളിൽ പൊട്ടലുണ്ടെങ്കിൽ തിരിച്ചറിയാം. ഡിസ്ക് റീജെനറേഷൻ, ഓസ്റ്റിയോ പോറോസിസ് എന്നിവ തിരിച്ചറിയാം.
- MRI SCAN ഡിസ്ക് എത്രമാത്രം തെന്നിയിട്ടുണ്ട്. അത് നാഡിയെ ഞെരുക്കുന്നുണ്ടോ എന്നറിയാൻ MRI SCAN സഹായിക്കുന്നു.
- C.T.SCAN സ്പൈനൽ കനാൽ സ്റ്റിനോസിഡ് പോലുള്ള അവസ്ഥകളിൽ C.T. SCAN ആവശ്യമായി വരാം.

****

## 2022 ജൂലൈ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**എം.കെ. സേതുമാധവൻ നായർ**
L/1721 ഗായത്രി
പടമുകൾ, കാക്കനാട്
കൊച്ചി - 682030



**എൻ.കെ. പത്മനാഭന മേനോൻ**
L/1388 നെടുവേലിൽ
പത്മവിഹാർ, ലായം റോഡ്
കൊച്ചി - 682011



**മുതിരക്കൽ ശാരദാമ്മ**
L/2888 നിർമ്മൽ ഗാർഡൻസ്
കുഞ്ഞൻബാവ റോഡ്
വൈറ്റില, കൊച്ചി - 19



**സി. ശ്രീകുമാർ**
L/1122 ചെറുപറമ്പത്ത് വീട്
കടവന്ത്ര
കൊച്ചി - 20

# നാളേയ്ക്കു വേണ്ടി ഒരു കഥ

യു.എസ്. രവീന്ദ്രൻ – 9496120978

**ഭാ**രതഭൂമിയുടെ ഏതോ ഒരു കൊച്ചു മൂലയിൽ ജനങ്ങൾ പ്രകൃതിയോടിണങ്ങി സന്തോഷത്തോടുകൂടി ജീവിച്ചു വന്ന ഒരു ഗ്രാമമുണ്ടായിരുന്നു. നല്ല പച്ച പിടിപ്പുള്ള ആ ഗ്രാമത്തിലെ കുറേ വഴികൾ എത്തിച്ചേർന്നത് നെൽകതിരുകൾ തലയിലേറ്റി മന്ദമാരുതനിൽ നൃത്തമാടിക്കൊണ്ടിരുന്ന ഒരു നെൽവയലിലേയ്ക്കായിരുന്നു. പഞ്ഞിക്കെട്ടുകൾ പോലെയുള്ള വെൺമേഘങ്ങൾ ആ വയലിനെ ഉയരങ്ങളിൽ നിന്നും തലോടിക്കൊണ്ട് എങ്ങോട്ടോ സഞ്ചരിച്ചുകൊണ്ടിരുന്നു. വയലിന്റെ കരയിലുള്ള തെങ്ങിൻ കൂട്ടങ്ങൾ നെൽകതിരുകളുടെ നൃത്തം കണ്ട് സന്തോഷിച്ച് അവരുടെ ഓലകൾ വിടർത്തി ആടിക്കൊണ്ടിരുന്നു. നെൽകതിരുകളിലെ ഇളം നെൽമണികൾ ആസ്വദിച്ച് പച്ച തത്തക്കൂട്ടങ്ങൾ തെങ്ങിൻതോപ്പുകളിൽ കൂടുകെട്ടി താമസിച്ചിരുന്നു. വയലിന്റെ നടുവിൽ കൂടി ഒഴുകിയിരുന്ന തോട്ടിൽക്കൂടി വരാൽ മത്സ്യങ്ങളും മാനത്തുകണ്ണി മത്സ്യങ്ങളും കുഞ്ഞുങ്ങളും അങ്ങോട്ടുമിങ്ങോട്ടും നീന്തികൊണ്ടിരുന്നു.

തോട്ടിൽകൂടി ഊളിയിട്ടുനീന്തുന്ന തവളകളെ പിടിക്കാൻ ചെറിയ ചെറിയ അളകളിൽ നീർക്കോലികൾ അവസരം പാത്ത് തല പുറത്തേക്ക് ഇട്ടു കിടന്നിരുന്നു. തോടിന്റെ രണ്ടരികിലും ഉള്ള വീതി കൂടിയ വരമ്പിന്റെ ഒരു ഭാഗത്ത് ചിലയിടങ്ങളിൽ കൈനാറികൈതകൾ തഴച്ചു വളർന്നു നിന്നിരുന്നു. അവയുടെ കുമ്പിളുകളിൽ ഒളിപ്പിച്ചു വച്ചിരുന്ന മഞ്ഞനിറമുള്ള കൈതപൂക്കൾക്ക് മാദക ഗന്ധമുണ്ടായിരുന്നു. വയലിലേക്ക് നയിച്ചിരുന്ന ഇടവഴികളിലെ വേലിപ്പടർപ്പുകളിൽ തിരുതാളിയും ശംഖുപുഷ്പവള്ളികളും കെട്ടുപിണഞ്ഞ് വളർന്നിരുന്നു. വയലിന്റെ കരയിലുള്ള വീട്ടുമുറ്റത്തെ മാവിൽ ഒരു അണ്ണാറക്കണ്ണൻ പഴുത്ത മാങ്ങകൾ തേടി അങ്ങോട്ടുമിങ്ങോട്ടും ചാടികൊണ്ടിരുന്നു. പറമ്പിൽ പുല്ലു തിന്നുന്ന അമ്മപശുവിനെ വട്ടം ചുറ്റിക്കൊണ്ട് ചെറിയ പശുക്കുട്ടി ഓടികളിച്ചിരുന്നു. കാളകളെ തീറ്റിക്കൊണ്ട് ഗൃഹനാഥൻ പറമ്പിൽ നിൽക്കുന്നുണ്ടായിരുന്നു.

എന്നാൽ കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ ആ ഗ്രാമത്തിൽ ചില അസാധാരണത്വങ്ങൾ കണ്ടു തുടങ്ങി. നെൽവയലുകളിൽ കീടശല്യം വരാതിരിക്കാൻ ഓരോ തവണയും നെൽ കതിരിടുമ്പോൾ ചിലർ വന്ന് എന്തോ ദ്രാവകം തളിച്ചിട്ടു പോകും. കഴിഞ്ഞ മൂന്നു നാലു വിളകളായി ഇത് ആവർത്തിച്ചുകൊണ്ടിരുന്നു. ചാഴികളും കീടങ്ങളും ചത്തൊടുങ്ങി, നല്ല വിളകളും കിട്ടി.

കൂടെ തോട്ടിലൂടെ കളിച്ചു രസിച്ചിരുന്ന മീനുകളും കുഞ്ഞുങ്ങളും ചത്തുപൊന്തി ഒഴുകി പോയി. തവളകളെ കാണാനില്ല, നീർക്കോലികൾ ചത്തുപൊങ്ങി. വിളവെടുപ്പിനുശേഷം വരാറുള്ള കൊറ്റികൾ വരാറില്ല. തത്തകൾ മരങ്ങളിൽ നിന്നും ചത്തുവീണു. കോഴിക്കുഞ്ഞുങ്ങൾ ചാകാൻ തുടങ്ങി. കോഴിമുട്ടകൾ വിരിഞ്ഞില്ല. കൃഷിക്കാരുടെ വീടുകളിൽ പലർക്കും പലതരത്തിലുള്ള അസുഖങ്ങൾ വരാൻ തുടങ്ങി. വലിയവരുടെയും കുഞ്ഞുങ്ങളുടെയും അകാരണമായ മരണങ്ങൾ കൂടി വന്നു. അംഗവൈകല്യത്തോടെ അല്ലെങ്കിൽ ബുദ്ധിവൈകല്യത്തോടെ ജനിക്കുന്ന കുട്ടികൾ കൂടി വന്നു.

എന്തോ ഒരു നിശ്ചലത നാട്ടിലെ പക്ഷികൾ എല്ലാം എവിടെ പോയി? അങ്ങിങ്ങുള്ള കൂടുകളിൽ ഉള്ള പക്ഷികൾ പ്രത്യേകസ്വരങ്ങളിൽ കരയാൻ തുടങ്ങി. പാടം ഉഴുതു മറിക്കുമ്പോൾ കാണുന്ന ചെറിയ ചെറിയ ഇരകളെ തിന്നാൻ വേണ്ടി എത്താറുള്ള കൊറ്റികളോ

കാക്കകളോ വരാറില്ല. വൈക്കോൽ തിന്നുന്ന പശുക്കൾ അകാലങ്ങളിൽ ചാപിള്ളകളെ പ്രസവിക്കാൻ തുടങ്ങി. ചില പശുക്കളുടെ ഗർഭധാരണശേഷി നഷ്ടപ്പെട്ടു. വഴിയിലുള്ള സസ്യലതാതികൾ ഉണങ്ങി വരണ്ട് തീപിടിച്ചേക്കാവുന്ന അവസ്ഥയിലെത്തി. അവയിലെ പൂക്കളിൽ തേൻകുടിക്കാനെത്തുന്ന ചിത്രശലഭങ്ങൾ വരാറില്ല.

ഒരു ദുർമന്ത്രവാദംകൊണ്ടല്ല ഇങ്ങനെ സംഭവിച്ചത്. ശത്രുക്കളുടെ പ്രവർത്തികൊണ്ടല്ല ഗ്രാമത്തിൽ നവജീവനുകൾ ഉടലെടുക്കാത്തത്. അവിടുത്തെ ജനങ്ങൾ തന്നെയാണതിനുത്തരവാദികൾ.

ഇങ്ങനെയുള്ള ഗ്രാമങ്ങൾ ഇപ്പോൾ ഭാരതത്തിൽ ഉണ്ടെങ്കിലും വിരളമാണ്. എന്നാൽ ഭാവിയിൽ എല്ലായിടത്തും കണ്ടെക്കാവുന്ന അവസ്ഥയാണിത്. ഭൂമിയിൽ ജീവന്റെ ചരിത്രം പ്രകൃതിയും മനുഷ്യനും പരസ്പരം അറിഞ്ഞും സ്നേഹിച്ചും മുന്നേറിയിട്ടുള്ളതായാണ് കണ്ടുവരുന്നത്. എന്നാൽ മനുഷ്യന്റെ സ്വാർത്ഥതയും അത്യാഗ്രഹവും തനിക്ക് മാത്രം ഉള്ളതാണ് ഭൂമി എന്ന മാനസികാവസ്ഥയിലേക്ക് കൊണ്ടെത്തിച്ചിരിക്കുന്നു. ഭൂമിക്ക് അവകാശികൾ വേറെയുണ്ടെന്ന വാസ്തവം സൗകര്യപൂർവ്വം മറന്നുകളയുന്നു.

ന്യൂക്ലിയർ റിയാക്ടറുകളിൽ നിന്നും ഭൂമിയിലെത്തുന്ന രാസവസ്തുക്കളും കൃഷിക്ക് ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങളും എല്ലാം പ്രകൃതിയെ ദോഷകരമായി ബാധിക്കുന്നതാണ്. ഇവ ആത്യന്തികമായി മനുഷ്യനെ മാരകരോഗങ്ങൾക്കടിമപ്പെടുത്തുന്നതുമാണ്. ഇതിന്റെ അർത്ഥം കൃഷിയാവശ്യങ്ങൾക്ക് രാസവസ്തുക്കളും കീടനാശിനികളും ഒട്ടും ഉപയോഗിക്കുവാൻ പാടില്ല എന്നല്ല. ഇവയുടെ അത്യന്തിക ദോഷവശങ്ങൾ മനുഷ്യരെ എങ്ങിനെ ബാധിക്കുന്നു എന്നറിയാത്തവരുടെ കയ്യിലാണ് ഇവ പ്രയോഗിക്കുവാൻ എത്തിച്ചേരുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമാണ് രാസവസ്തുക്കൾ കീടനാശിനികളായി ഉപയോഗിച്ച് വ്യവസായ അടിസ്ഥാനത്തിൽ കീടനാശിനികൾ ഉണ്ടാക്കി തുടങ്ങിയത്. കാൻസർ രോഗത്തിന്റെ ഏറ്റവും ഒന്നാമത്തെ കാരണവും കൃഷിക്കുപയോഗിക്കുന്ന രാസവസ്തു തന്നെ.

വീട്ടുമുറ്റത്തെ ചക്കയും മാങ്ങയും പേരക്കയും നമുക്ക് പുച്ഛമാണ്. സൂപ്പർ മാർക്കറ്റിലെ വെട്ടിതിളങ്ങുന്ന പഴങ്ങളോടാണ് താല്പര്യം. ഓറഞ്ചും ആപ്പിളും മുന്തിരിയും കേടുകൂടാതെ പുഴുവരാതെ ദീർഘകാലം പ്രദർശന അലമാരകളിൽ സൂക്ഷിക്കുവാൻ പലതരത്തിലുള്ള സ്പ്രേകളും അടിക്കുന്നുണ്ട്. ഈ സ്പ്രേകളിൽ ചെറിയശതമാനമെങ്കിലും വിഷാംശം അടങ്ങിയിരിക്കുന്നു.

വേറൊരു മാരകവിഷമാണ് ഡി ഡി റ്റി. (Dichloro-diphenyt-trichloroethane) പേരു കേൾക്കുമ്പോൾ തന്നെ അതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു എന്ന് മനസ്സിലാക്കാം. പണ്ട് മലേറിയ വരാതിരിക്കാൻ വ്യാപകമായി സ്പ്രേ ആയി ഉപയോഗിച്ചിരുന്ന രാസവസ്തുവാണിത്. മലേറിയ ശമിച്ചു എങ്കിലും സ്ത്രീകളിൽ ഗർഭസംബന്ധമായ അസുഖങ്ങളും അകാലപ്രസവവും മറ്റും ഇതിന്റെ ഉപയോഗത്തിനുശേഷം ക്രമാതീതമായ വർദ്ധിച്ചതായി കണ്ടതിനാൽ ഇത് ഇന്ത്യയിൽ നിരോധിച്ചിട്ടുണ്ട്. എന്നാൽ ചില നഗരങ്ങളിൽ കൊതുകുനശീകരണത്തിന് പുകയ്ക്കാൻ ഇപ്പോഴും ഡിഡിറ്റി ഉപയോഗിച്ചു വരുന്നതായി അറിയുന്നു. അപരനാമങ്ങളിൽ ഡി ഡി റ്റിയുടെ വകഭേദങ്ങൾ ഇന്നും ലഭ്യമാണ്.

കശുവണ്ടി തോട്ടങ്ങളിൽ കീടനാശിനിയായി ഉപയോഗിക്കുന്ന സ്യൂഡോസൾഫറിന്റെ അനന്തരഫലങ്ങൾ വടക്കൻ കേരളത്തിലെ ജനങ്ങൾ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു. മാനസിക, ശാരീരിക വൈകല്യങ്ങൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ഡൌൺസിഡ്രോം എന്നീ രോഗങ്ങൾ ആ പ്രദേശവാസികൾക്ക് സുപരിചിതമായിക്കഴിഞ്ഞു.

അയോഡിന്റെ വളരെ ചെറിയ ഒരംശം ശരീരത്തിനാവശ്യമാണ്. എന്നാൽ ഒരു നിശ്ചിത അളവിൽ കൂടിയാൽ മാരകമായ രോഗത്തിന് അടിമപ്പെട്ടേക്കാം. നമ്മൾ കഴിക്കുന്ന

ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ അംശം ശരീരത്തിൽ സൂക്ഷിക്കപ്പെടുന്നു. കാലക്രമേണ പല രോഗരൂപത്തിൽ അതിന്റെ സാന്നിദ്ധ്യം പുറത്തുവരുന്നു. കിഡ്നി കരൾ സംബന്ധമായ രോഗങ്ങൾ വരുമ്പോൾ മാത്രമേ അതിന്റെ യഥാർത്ഥ കാരണം നേരത്തേ കഴിച്ചിരുന്ന ഏതെങ്കിലും ഭക്ഷണത്തിലൂടെ വന്നു ചേർന്നതാണെന്ന് മനസ്സിലാക്കുകയുള്ളൂ. കൃഷിക്കുപയോഗിക്കുന്ന ചില കീടനാശിനികളിൽ അടങ്ങിയിരിക്കുന്ന ഹെപ്ടക്ലോർ സസ്യങ്ങളുടെയും മനുഷ്യരുടെയും ആരോഗ്യത്തെ സാരമായി ബാധിച്ചേക്കാം.

ഹെപ്പാറ്റിറ്റിസ് ലിവർകാൻസർ തുടങ്ങിയ രോഗങ്ങൾ കീടനാശിനികളുടെ സംഭാവനയാണ്. ആൻഡ്രിൽ ഡെൽഡ്രൻ തുടങ്ങിയവ അടങ്ങിയിട്ടുള്ള കീടനാശിനികൾ ഡിഡിറ്റിയേക്കാൾ അഞ്ചിരട്ടി വിഷമുള്ളതാണ്. എഡ്രിൽ അടങ്ങിയിട്ടുള്ള കീടനാശിനി എല്ലാ കീടനാശിനികളുടെയും രാജാവാണ്.

ഇനി സൂപ്പർമാർക്കറ്റിൽ പോയി ഭംഗിയുള്ള ആപ്പിളും ഓറഞ്ചും മുന്തിരിയും വാങ്ങുമ്പോൾ മേൽ പറഞ്ഞ കാര്യങ്ങൾ ഒന്ന് ഓർമ്മിക്കുക. നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന നാടൻചക്കയും, മാങ്ങയും, പേരക്കയും ഏത്തക്കായും ഞാലിപൂവനും പോലെയുള്ള പഴങ്ങളേക്കാൾ മേന്മ വേറെ ഒന്നിനും ഇല്ല. രോഗങ്ങൾ കാശുകൊടുത്ത് വാങ്ങേണ്ട ആവശ്യമുണ്ടോ ? ഒരു നല്ല നാളേയ്ക്ക് വേണ്ടിയുള്ളതാണ് ഈ കുറിപ്പ്.

****



**രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ 1198-ാം മാണ്ട്**

# അഷ്ടമിരോഹിണിമഹോത്സവം

**1198 ചിങ്ങം 2 (2022 ആഗസ്റ്റ് 18) വ്യാഴാഴ്ച**

| | |
|---|---|
| രാവിലെ 3.30 ന് | : നടതുറക്കൽ, നിർമ്മാല്ല്യം, അഷ്ടാഭിഷേകം |
| 5.30 ന് | : ഹരിനാമകീർത്തനം,വിഷ്ണുസഹസ്രനാമം, ഭഗവദ്ഗീതാപാരായണം |
| 8.00 മുതൽ 11.00 വരെ | : ശീവേലി, പഞ്ചാരിമേളം (കല്ലൂർ ജയൻ & കടവൂർ അഖിൽ) |
| 11.00 മുതൽ 12.00വരെ | : നാരായണീയ പാരായണം |
| 12.00 മണി മുതൽ | : ***ഓട്ടൻ തുള്ളൽ*** |
| വൈകുന്നേരം | |
| 4.30 മുതൽ 7.00 വരെ | : കാഴ്ചശീവേലി, പഞ്ചാരിമേളം, |
| 7.00 മുതൽ 7.30 വരെ | : നിറമാല ചുറ്റുവിളക്ക്, പഞ്ചവാദ്യം, ദീപാരാധന |
| 7.30 മുതൽ 8.30 വരെ | : ***ഭരതനാട്യം*** അവതരണം: **കുമാരി വിശാഖ മേനോൻ, ശ്രീമതി. ഉഷാ റാണി, ഡോ. ശോഭ നായർ** |
| 8.30 മുതൽ | : ***ഭക്തിഗാനസുധ*** അവതരണം: **സുധാകർ ഷേണായി & പാർട്ടി** |
| 10.30 മുതൽ | : ***ശ്രീകൃഷ്ണ സ്തുതികൾ*** |
| 12.00 മണിക്ക് | : അഭിഷേകം |
| 12.15 ന് | : വിളക്ക് |

**2022 ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ 16 വരെ**

# മാസഫലം

1198 ചിങ്ങം 1 - 31

## ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160, Mob : 9447696190, 9447354306

**ജ്യോതിഷാചാര്യ: വിജയ മേനോൻ**



മേടക്കൂർ (അശ്വതി ഭരണി, കാർത്തിക 1/4) സൗഭാഗ്യവും ജയവും ഉന്നതിയും ബന്ധുസമാഗമവും ധനാഭിവൃദ്ധിയും, അധികച്ചെലവും ഫലമാകുന്നു. രോഗപീഡയും ശത്രുക്കളുടെ ഉപദ്രവവും പുത്രനിമിത്തമായ വിഷമതകളും ഉണ്ടാകും. പല കാര്യത്തിലും പ്രതീക്ഷക്കൊത്ത് ഉയരുകില്ല. കർമ്മസിദ്ധിയുണ്ടാ കും. ദോഷകാഠിന്യം കുറയ്ക്കാനായി കുടുംബദേവതയെ ഭജിക്കുക.



ഇടവക്കൂർ (കാർത്തിക 3/4, രോഹിണി, മകീര്യം 1/2)സ്ഥാനലാഭവും ആരോഗ്യവും ധനസമൃദ്ധിയും ഫലമാകുന്നുവെങ്കിലും അഗ്നി, ശത്രു ഇവയിൽ നിന്നുള്ള കോപത്തിനും സാദ്ധ്യത കാണുന്നു. സർക്കാരിൽ നിന്നുള്ള കഷ്ടതകൾക്കും സാദ്ധ്യത കാണുന്നുണ്ട്. ദോഷകാഠിന്യം കുറക്കാനായി ദേവീഭജനം അനിവാര്യം.



മിഥുനക്കൂർ (മകീര്യം 1/2, തിരുവാതിര, പുണർതം 3/4) സ്ഥാനപ്രാപ്തിയും സന്തോഷവും ധനസമൃദ്ധിയും ഒപ്പം അധികച്ചെലവും ആരോഗ്യവും ശത്രുനാശവും ഫലം. കുടുംബത്തിൽ അഭിവൃദ്ധി പ്രതീക്ഷിക്കാം. സഞ്ചാരക്ലേശം അനുഭവിക്കും. അഷ്ടമശനിക്കാലമായതിനാൽ പുത്ര ഭാര്യാദികളാൽ ദുഖിക്കേണ്ടിവരും. കാര്യതടസ്സങ്ങൾ ഉണ്ടാകും. ദോഷശാന്തിയ്ക്കായി ശനി വ്രതം എടുക്കുന്നതും ശാസ്താപ്രീതി വരുത്തുന്നതും നന്നായിരിക്കും.



കർക്കിടകക്കൂർ (പുണർതം 1/4, പൂയ്യം, ആയില്യം) നിപുണതയും ആജ്ഞാശക്തിയും പുത്രസിദ്ധിയും കർമ്മ സിദ്ധിയുമുണ്ടാകും. അസിഡിറ്റി, അലർജി രോഗങ്ങൾക്ക് സാദ്ധ്യതയുണ്ട്. കണ്ണിന് അസുഖങ്ങൾ വരാം. വരവുചിലവുകൾ തുല്യമായിരിക്കും. ദോഷകാഠിന്യം കുറയ്ക്കാനായി ധർമ്മ ദേവതയേയും നാഗങ്ങളെയും പൂജിക്കുക.



ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1/4 ) വിശേഷവസ്ത്രാഭരണാദികൾ ധനലാഭം എന്നിവയും ഉദരരോഗവും വ്യഥാ സഞ്ചാരവും കഠിനമായ ദുഖവും കഷ്ടപ്പാടുകൾ സഹിക്കേണ്ടി വരികയും ചെയ്യും. അനാദരവ് അനുഭവിക്കേണ്ടിവരും. ദോഷശാന്തിക്കായി ആദിത്യമന്ത്രം വ്യാഴമന്ത്രം എന്നിവ ജപിക്കുക



കന്നിക്കൂർ (ഉത്രം 3/4, അത്തം, ചിത്തിര 1/2) ദാമ്പത്യം, ശയനസുഖം, ധനം, ബുദ്ധികൂർമ്മത, വാഹനാദിഗുണം എന്നിവ ഫലമാകുന്നു. അർത്ഥനാശവും പരാജയ ഭീതിയും ദേഹാസ്വാസ്ഥ്യവും വരാം. പിതാവിനോ പിതൃസ്ഥാനീയർക്കോ രാഗോദീ ക്ലേശം അനുഭവപ്പെടും. ദോഷശാന്തിക്കായി വിഷ്ണുഭജനം അനിവാര്യം.



തുലാക്കൂറ് (ചിത്തിര 1/2, ചോതി, വിശാഖം 3/4) ബന്ധുക്കളും ധനവും അന്നപാനാദി സാധനങ്ങളും സ്ഥാനലബ്ധിയും സദാചാരസിദ്ധിയും ആരോഗ്യലബ്ധിയുമുണ്ടാകും. അപമാനത്തിനും രക്താദികോപത്തിനും സാദ്ധ്യതയുണ്ട്. വാഹനമോടിക്കുന്നവർ വളരെയധികം ശ്രദ്ധിക്കേണ്ട സമയമാണ്. ദോഷശാന്തിക്കായി വിഷ്ണുഭജനവും ദേവീ ഭജനവും അനിവാര്യം.




വൃശ്ചികക്കൂർ (വിശാഖം 1/4 അനിഴം, തൃക്കേട്ട) വിവാഹാദിശുഭ കാര്യങ്ങൾ നടക്കും. സന്താനഗുണമുണ്ടാകും വാഹനം, വീട് എന്നിവ വാങ്ങുവാൻ കഴിയുന്ന സമയമാണ്. ദാമ്പത്യകലഹത്തിന് സാദ്ധ്യതയുണ്ട്. സ്ഥാനപ്രാപ്തി കർമ്മ സിദ്ധി ഇവയും ഫലമാകുന്നു. ദോഷശാന്തിക്കായി തിങ്കളാഴ്ച വ്രതമെടുക്കുന്നതും പാർവ്വതീപരമേശ്വരന്മാരെ ഭജിക്കുന്നതും നല്ലതാണ്.



ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1/4) ദാമ്പത്യസുഖവും വസ്ത്രാഭരണാദി ലാഭവും ഉണ്ടാകും. ധർമ്മാചാരിയായിരിക്കും. ധനപരമായി വിരോധത്തിനു കാരണമാകും. ദൈന്യതയും ആപത്തും ഉണ്ടാകാൻ സാദ്ധ്യത കാണുന്നു. ശത്രുക്കളെ ജയിക്കും. ദോഷശാന്തിക്കായി നവഗ്രഹ സ്തോത്രം ജപിക്കുക.



മകരക്കൂർ ഉത്രാടം 3/4 തിരുവോണം, അവിട്ടം 1/2) ഗൃഹവും ഗൃഹോപകരണങ്ങളും ലഭിക്കും. ദേഹസുഖം കുറയും. വാതാദി കോപം അധികരിക്കും. ശത്രു കോപവും ഭയവും പുത്രാദിദുഖവും അനുഭവിക്കും. ഏഴരശനിക്കാലമായതിനാൽ ശാസ്താവിനെ ഭജിക്കുക. ശനിയാഴ്ച വ്രതം എടുക്കുന്നതും നന്നായിരിക്കും.



കുംഭക്കൂർ (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4) ശത്രുഹാനിയും അർത്ഥ ലാഭവും ദാമ്പത്യസുഖവും ഫലമാക്കുന്നു. പനി, ഉദരരോഗം, രക്തസംബന്ധമായ പ്രശ്നങ്ങൾ ദുർജ്ജന സംസർഗ്ഗത്താലുള്ള അനുഭവും ഫലമാകുന്നു. ഏഴരശനിക്കാലമായതിൽ ശാസ്താഭജനം അനിവാര്യം.



മീനക്കൂർ (പൂരൂരുട്ടാതി 1/4, ഉത്രട്ടാതി, രേവതി) പ്രതാപം, സ്ത്രീ ലാഭം, അർത്ഥ ലാഭം എന്നിവയും സ്ത്രീ ഹേതുവായിട്ടുള്ള അശുഭവും ഉണ്ടാകും. അനാദരവും രോഗവും പല തരത്തിലുള്ള ദുഖത്തിനും സാദ്ധ്യത കാണുന്നു. സ്ഥാനചലനങ്ങൾ വരാം. പൊതുവേ ദോഷാധിക്യമുള്ള സമയമാണ്. ദോഷശാന്തിയ്ക്കായി വിഷ്ണുഭജനം തന്നെ അഭികാമ്യം.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*


# MANGALYAM MATRIMONIAL

# വരനെ ആവശ്യമുണ്ട്



Nair Girl, 24/164cm,Visakham, Fair, MBBS and preparing for PG, Divorcee, (Marriage got invalid after 1month for reasons not her own) Pref: Well educated professionals, Mob:9961088262


Email:gopinath.nar@gmail.com
Date of Birth:28-11-1997(1.30pm)
Sishta Dasa:Guru:13-11-9




Contact Address:
MR.GOPINATHAN PILLAI
NANDANAM
NEAR POLICE STATION
PUNNAPRA P O
ALAPPUZHA - 688004

Nair Girl, 26/170cm,Uthrittathi, Wheatish,BA(English),Diploma-IATA Computer course , MA Continue, Pref:Graduation,Mobb:6238037380, 8590030920


Email:dbnair1963@gmail.com
Date of Birth:13-05-1996(10.50pm)
Sishta Dasa:Sani




Contact Address:
MR.D. CHANDRAN NAIR
KOZHISSERY HOUSE NO.26
FRIENDS NAGAR
THEVARA P O
KONTHURUTHY
ERNAKULAM 682020

Nair, Girl, 27/152cm, Avittom, B.Com, C.A Intermediate Pref: Professional Doctor, Engg., C.A. Dist: EKM, Thrissur, Palakkad & Other Northern dist. Mob: 9446050683, 9847280120


Email:marayiluthaman@gmail.com
Date of Birth:27.03.1995 (12.21noon)
Place of birth : Ernakulam
Sishta Dasa: Kuja Dasa -5 -4- 8




Contact Address:
MR.UTHAMAN .M
MARAYIL CHAMBERS
KARIKKAMURI CROSS ROAD
COCHIN - 682011

Nair Girl,27/165cm,Makam, MBBS, MD(waiting), Neet Qualified,Pref: Doctors,Central Govt Employees ,Govt (State) Engineers,Mob:9446191938, 6282130296, 6238116281


Email:sobhandevichittyfunds@gmail.com
Date of Birth:15-03-1995(6.26pm)
Sishta Dasa:Ketu:1-1-0




Contact Address:
MR.SOBHANADHAN NAIR
ANJALI
PATTANAKAD P O
CHERTHALA
ALAPPUZHA - 688531

Nair Girl , 26/5'5" Makam, Fair, MBA(first class), Dy.Manager - HDFC BANK, Bangalore,Pref: Professionals in India/Abroad, Mob:9446912148, 9495673348,


Email:kpprakash66@gmail.com
Date of Birth:27-4-1996(4.02pm)
Sishta Dasa:Kethu:6-5-21




Contact Address:
MR.K.P.PRAKASHAN
H.NO.1/67A, KALLARIL HOUSE
BEHIND ST MARY'S NURSING
HOME, CHERANELLOOR
KOCHI- 682034

Nair Girl,27/163cm,Revathi,very fair,Master in Management-IE Business School, Madrid,Spain,Pref:Well qualified boy from Affluent & Aristocratic family, Mob:9446180222

Email:manojparavelil@gmail.com
Date of Birth: 15-11-1994(9.09am)
Sishta Dasa:Bhuda : 6-6-24




Contact Address:
DR.MANOJ S
THIRUMANGALATH HOUSE
PUTHENANGADI
KOTTAYAM - 686001


# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 43/160cm,Karthika, Wheatish, B.Com,Product specialist Manager, Sun Pharmaceuticals Laboratories Ltd, Widow, Pref: The girl should be ready to lookafter my 2 kids/unmarried/Widow/ Divorcee Mob:9562455557


Email:ranjithmenonsurabhi@gmail.com
Date of Birth:21-9-1978
Sishta Dasa:Ravi:4-2-25




Contact Address:
MR.J.RANJITH
JANAPRIYA HEAVENS APTS
11TH BLOCK,ALLALASANDRA
GKVK POST, YELAHANKA
BANGALORE 560065

Nair Boy, 40/162cm, Pooradam, PhD Micro Biology, Biomerieux, Kochi, Mob:9497679650, +919745583906


Email:sunithaenmenon@gmail.com
Date of Birth:10-11-1981(12am)
Sishta Dasa:




Contact Address:
SMT.SUMATHY
MEPPATH HOUSE,
KIDANGOOR P O
ANGAMALY - 683 572

Nair Boy, 27/5'9", Atham, Fair, BE, NavalArchitect, Ship Design Engineer, Pref: Ernakulam ,Trissur, Malappuram, Mob:9249986049, 7025757877


Email:aravind.ghm@gmail.com
Date of Birth:18-03-1995(8.53am)
Sishta Dasa:Chandra:4-4-29




Contact Address:
MR.P.ARAVINDAKSHAN
HONEYDEW,SD CONVENT ROAD
MUNRA 50, KONTHURUTHY
THEVARA
KOCHI - 682013

Nair Boy, 32/170cm,Karthika3/4 (Edavam), M.Com, Sr Manager Accounts Sainik School (Sree Sarada Vid, Kalady),Mob:9744554471, 9020760874

Email:vima_krish@hotmail.com
Date of Birth:27-7-1989(10.35am)
Sishta Dasa:





Contact Address:
MR.RADHAKRISHNAN K
SHREYAS
CHENGAMANAD
ALUVA
ERNAKULAM

## വരനെ ആവശ്യമുണ്ട്

Nair Girl, 27/167cm,Aswathi,Fair,MSC ,Pref: Any permanent employment, Mob:9400235300


Email:venugopal4834@gmail.com
Date of Birth: 16-11-1994(5.46pm)
Sishta Dasa:




Contact Address:
MR.VENUGOPAL P
KAPIPPURATH INDEEVARAM
KAVUNKAL,PONNAD P O
MANNANCHERRY
ALAPPUZHA 688538

Nair Girl, 24/167cm, Chathayam, MBA, Analyst (WIPRO), Looking for relocating abroad, Mob:9846331840, +917561895955

Email:gopakumar72@gmail.com
Date of Birth:16-6-1998(3.24pm)
Sishta Dasa:Rahu:2-10-23




Contact Address:
MR.GOPAKUMAR KARTHA
KRA - 70, REVATHY
KADAVATH ROAD
NORTH PARAVUR
ERNAKULAM - 683513

# Radheyam
Guest House


Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161

For Booking








*Administrative Office:* **ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com

DATE OF PUBLICATION: 10-08-2022

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED NO. KL/EKM/761/2022-24

Volume No. 14 | August 2022 | Issue No. 8

എറണാകുളം കരയോഗം
സാംസ്ക്കാരിക വിഭാഗം




*ദേശഭക്തിഗാനങ്ങളും*
*ഓണപ്പാട്ടുകളും*
ആസാദി ക അമൃത് മഹോത്സവ്
ആഘോഷിക്കുന്ന
ഈ വേളയിൽ
ദേശഭക്തിഗാനങ്ങളും,
2022 ഓണത്തിനോട്
അനുബന്ധിച്ച്
ഓണപ്പാട്ടുകളും
കോർത്തിണക്കിയ
ഒരു സംഗീതസായാഹ്നം

21-08-2022, ഞായറാഴ്ച
4.30 PM
യമുന TDM Hall

ബീം ആഗസ്റ്റ് മാസ പരിപാടി
നാടകം
ഇസാ
അവതരണം മുളന്തുരുത്തി അല
30-08-2022 ചൊവ്വാഴ്ച വൈകുന്നേരം 6.15 ന്
ടി.ഡി.എം. ഹാളിൽ




ഹോം ഡലിവറി ആവശ്യമുള്ളവർ
ആയുഷ്യം മെഡിക്കൽ സുമായി ബന്ധപ്പെടുക
ഫോൺ - 9446488833

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം